പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

മെയ് 2025

## മലയാളത്തിനിത്
## പൂരക്കാലം



# പ്രസവിക്കാൻ ഒരു പുതിയ വീട്




A Unit of EDAPPAL HOSPITALS | SINCE 1990

The birthplace of first ICSI baby of Kerala (1998)

## OUR DEPARTMENTS

- Reproductive Medicine
- Fetal Medicine
- Gynaecology
- Paediatrics & Neonatology
- Anaesthesiology & Pain management
- Casualty
- Physiotherapy & Rehabilitation
- Clinical nutrition
- Psychology
- Andrology & Urogynaecology
- Orthopaedics
- Cardiology
- Plastic surgery
- E.N.T
- Dentistry
- Dermatology & Cosmetology

**സൈമർ**
ദി വിമൻസ് ഹോസ്പിറ്റൽ | തൃശൂർ
കണിമംഗലം

+91 98466 00554 / +0487 222 4555

# തുളസീദളം

*പിഷാരോടി സമാജം പ്രസിദ്ധീകരണം*

**2025 മെയ്**

**പുഷ്പം 46 / ദളം 2**

**1200 മേടം–എടവം**



## പത്രാധിപസമിതി

ചീഫ് എഡിറ്റർ:
**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ: **ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:
**ശ്രീ. സുരേഷ് ബാബു വിളയിൽ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**
**ശ്രീ. മുരളി മാന്നന്നൂർ**
**ശ്രീ. കെ.എൻ. വിജയൻ**
**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**
**ശ്രീ. വി.പി. മുരളീധരൻ**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

കവർ ഡിസൈനിംഗ്:
**ശ്രീ. രാജൻ രാഘവൻ**
**(സിത്താര, കൊടകര)**



Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
e-mail : mail@pisharodysamajam.com
mail.pisharodysamajam@gmail.com



Visit our website :
www.pisharodysamajam.com

വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ


"അകലെ വസിയ്ക്കുമ്പോഴും
അകമലരിൽ കരുതേണം
അമ്പലമണിതൻ നാദം
'തുളസീദള' സൌരഭ്യം"

## ദളസുഗന്ധം


**പത്രാധിപക്കുറിപ്പ്**....................................4

**പ്രതിഫലനം – മലയാളത്തിന്റെ തല**..................6
എ.പി. സരസ്വതി

**റിപ്പോർട്ട് – ചരിത്രത്താളിലേക്ക് ഒരു പുത്തൻ അദ്ധ്യായം ചേർത്ത് ഏപ്രിൽ 16**....................................8

**ചെറുകഥ – നനഞ്ഞ കുട**............................9
വൈക

**ചിന്ത – വിളിപ്പേരുകൾ**..............................10
വേണു വീട്ടക്കുന്ന്

**കവിത – ഹൃദയവേദന**..............................11
കാട്ടുശ്ശേരി പിഷാരത്ത് മുരളീധരൻ

**ഭക്തി – ശകടാസുരൻ**..............................12
എ. തുളസി, പടിഞ്ഞാറെപിഷാരം

**കവിത – കർണ്ണൻ**..................................13
രാംകുമാർ പെരുവനം

**ഓർമ്മ – ദേവസ്യാപ്ല**................................14
രവീന്ദ്രൻ ടി.ജി.

**യാത്ര – രജ്പുത്താന**..............................17
മുരളി ആനായത്ത്

**പിഷാരോടി സമാജം പ്രവർത്തന റിപ്പോർട്ട്**...........25

**പി.പി. & ടി.ഡി.ടി. പ്രവർത്തന റിപ്പോർട്ട്**.............30

**വൈവാഹികം**........................................33

**ശാഖാവാർത്തകൾ**..................................34

**ആദരാഞ്ജലികൾ**..................................41

## പറഞ്ഞത് അറിഞ്ഞത് അറിയേണ്ടത്

# തിരിഞ്ഞു നോക്കുമ്പോൾ...

സന്തോഷവും ദു:ഖവും സമാസമം വന്നൊരു മാസത്തിലൂടെയാണ് നമ്മൾ കടന്നു പോയത്. ഏപ്രിൽ 16 ന് ശ്രീ. രമേശ് പിഷാരടി പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ച തുളസീദളം കലാ സാംസ്കാരിക സമിതി വേദി തന്നെയാണ് സന്തോഷത്തിന്റെ ഹേതു. നമ്മുടെ ഇടയിലുള്ള കലാകാരന്മാരെയും കലാകാരികളെയും ഒരേ കുടക്കീഴിൽ കൊണ്ടു വരിക, അവർക്ക് അനുയോജ്യമായ പ്രോത്സാഹനങ്ങളും വേദികളും ഒരുക്കുക തുടങ്ങിയ വലിയ ലക്ഷ്യങ്ങൾ സമിതിയെ ജനങ്ങളുടെ ഇടയിൽ ശ്രദ്ധേയമാക്കുന്നു. കേരള സംഗീത നാടക അക്കാദമിയുടെ അംഗീകാരം സമിതിക്കും കലാ മനസ്സുകൾക്കും അനുഗ്രഹമാകുന്നു.

പഹൽഗാമിൽ പാകിസ്ഥാൻ ഭീകരന്മാർ ഭാരതീയരായ സാധാരണ വിനോദ സഞ്ചാരികളെ കൂട്ടക്കൊല നടത്തിയത് സകലരെയും ഞെട്ടിച്ച, വേദനിപ്പിച്ച സംഭവം. ആ അരുംകൊല ഇപ്പോൾ ഒരു യുദ്ധ സാഹചര്യത്തിലേക്കാണ് രണ്ട് രാജ്യങ്ങളെയും എത്തിച്ചിരിക്കുന്നത് എന്നത് ആശങ്കയുണർത്തുന്നു.

2023 മേയ് മാസത്തിൽ കൊടകര വെച്ച് നടന്ന കേന്ദ്ര സമിതി വാർഷികത്തിൽ ആണ് ശ്രീ. ഹരികൃഷ്ണ പിഷാരടി പ്രസിഡണ്ടായും ശ്രീ. കെ.പി. ഗോപകുമാർ ജനറൽ സെക്രട്ടറി ആയുമുള്ള ഇപ്പോഴത്തെ ഭരണ സമിതി ഭരണച്ചുമതലയേൽക്കുന്നത്. ഈ ഭരണ സമിതിയുടെ ഭാഗമായി ശ്രീമതി എ.പി. സരസ്വതി മുഖ്യ പത്രാധിപരും ശ്രീ. ഗോപൻ പഴുവിൽ പത്രാധിപരും ശ്രീ. സുരേഷ് ബാബു വിളയിൽ സഹ പത്രാധിപരും ശ്രീ. ആർ.പി. രഘുനന്ദനൻ മാനേജരും ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം അസിസ്റ്റന്റ് മാനേജരും ശ്രീ. രാജൻ സിത്താര (രാജൻ രാഘവൻ) കവർ ഡിസൈനറും സർവ്വശ്രീ സി.പി. അച്യുതൻ, മുരളി മാന്നന്നൂർ, കെ.എൻ. വിജയൻ, കെ.പി. ഗോകുലകൃഷ്ണൻ, വി.പി. മുരളീധരൻ എന്നിവർ അംഗങ്ങളുമായുള്ള പത്രാധിപസമിതിയും നിലവിൽ വന്നു. എല്ലാവരുടെയും ഒരേ മനസ്സോടെയുള്ള കൂട്ടായ പ്രവർത്തനങ്ങൾ കൊണ്ട് ഇത് വരെയുള്ള എല്ലാ മാസങ്ങളിലും ഒരുവിധം ഭംഗിയായി തന്നെ തുളസീദളം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു എന്നതിൽ പത്രാധിപ സമിതിക്ക് അഭിമാനവും സന്തോഷവുമുണ്ട്. പൊതുവായുള്ള പംക്തികൾക്കൊപ്പം തന്നെ തികച്ചും ഗൗരവമുള്ള വായനക്ക് പറ്റിയ രചനകൾ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കാൻ സമിതി എപ്പോഴും ശ്രദ്ധിച്ചിട്ടുണ്ട്.

ഈ പത്രാധിപ സമിതി ചുമതലയേറ്റതിന് ശേഷം ഉണ്ടായ രണ്ട് ഓണപ്പതിപ്പുകളും പൂർണ്ണമായും കളറിൽ പ്രസിദ്ധീകരിക്കാൻ സാധിച്ചു എന്നതിലും ഏറെ അഭിമാനമുണ്ട്. ഇതിനെല്ലാം പത്രാധിപസമിതിക്ക് സാധിച്ചതിന്റെ കാരണങ്ങൾ ഓരോ ശാഖയുടെയും പൂർണ്ണ സഹകരണങ്ങളും സ്പോൺസർഷിപ്പുകൾ, പരസ്യങ്ങൾ തന്നവരുടെ ഹൃദയ വിശാലതകൾ, കനപ്പെട്ട സൃഷ്ടികൾ തന്ന എഴുത്തുകാരുടെ സന്മനസുകൾ എന്നിവയോടൊപ്പം പ്രസിഡണ്ടും ജനറൽ സെക്രട്ടറിയുമടങ്ങുന്ന എല്ലാഭരണ സമിതി അംഗങ്ങളും തന്ന വിശ്വാസവും സ്വാതന്ത്ര്യവും കൂടി ചേർന്നതാണ്.

2024 സെപ്റ്റംബർ 29 തുളസീദളത്തിന്റെ ഇന്നേ വരെയുള്ള ചരിത്രത്തിൽ ആദ്യമായി രത്നലിപികളാൽ അദ്ധ്യായം കുറിച്ച ദിവസമാണ്. നമ്മുടെ നെടുനാളത്തെ സ്വപ്നവും ആഗ്രഹവുമായിരുന്ന സാഹിത്യ പുരസ്ക്കാര സമർപ്പണത്തിന് സാഫല്യമായ ദിനം. മലയാളത്തിന്റെ സാഹിത്യ ഗുരുഭൂതരിൽ ഒരാളായ ശ്രീ. സി. രാധാകൃഷ്ണന് തുളസീദളത്തിന്റെ ആദ്യത്തെ സാഹിത്യ പുരസ്കാരം സമർപ്പിച്ചപ്പോൾ പണ്ഡിതരത്നം കെ.പി. നാരായണ പിഷാരടി, മുണ്ടൂർ കൃഷ്ണൻകുട്ടി തുടങ്ങിയ തുളസീദളത്തിന്റെ മുൻകാല ആചാര്യ ശ്രേഷ്ഠന്മാർക്കുള്ള സ്മരണാഞ്ജലി കൂടിയായി എന്നതാണ് സത്യം. അവരുടെയെല്ലാം ആത്മ സാന്നിദ്ധ്യം അവിടെ ഉണ്ടായിരുന്നു എന്നത് തീർച്ച. അതോടൊപ്പം തുളസീദളം എഴുത്തുകാരിൽ നിന്നും തെരഞ്ഞെടുത്ത സർഗ്ഗ പ്രതിഭാ പുരസ്കാരം ശ്രീമതി രമ പ്രസന്ന പിഷാരടിക്കും നവമുകുളം പുരസ്ക്കാരം മാസ്റ്റർ വിഷ്ണുദത്ത് ഹരികുമാറിനും നൽകാൻ സാധിച്ചു.

ഈ പുരസ്ക്കാര സമർപ്പണ സാഫല്യത്തിന് സമിതിക്ക് കരുത്ത് പകർന്നു കൊണ്ട് കൂടെ നിന്ന പ്രസിഡണ്ട് ശ്രീ. ഹരികൃഷ്ണ പിഷാരടിയുടെ സഹകരണത്തെ പ്രത്യേകം പരമാർശിച്ചില്ലെങ്കിൽ അത് നന്ദി കേടാവും. ചില പ്രതികൂല സാഹചര്യങ്ങളാൽ ഈ ചടങ്ങ് നടക്കില്ലെന്നു തോന്നിയ സമയത്ത് അദ്ദേഹം തന്ന കരുത്ത് കുറച്ചൊന്നുമല്ല സഹായിച്ചത്. ഇനിയും എല്ലാ വർഷവും ഈ പുരസ്ക്കാര സമർപ്പണ ചടങ്ങ് കൂടുതൽ വിപുലമായി നടക്കണം എന്നാണ് നമ്മുടെ പ്രാർത്ഥനകൾ.

പത്രാധിപ സമിതി അംഗങ്ങളിൽ നിന്നെല്ലാം പൂർണ്ണ സഹകരണമാണ് ലഭിച്ചത് എന്ന് സൂചിപ്പിച്ചല്ലോ. എന്നാൽ അതോടൊപ്പം ചിലരെ പ്രത്യേകം പറയേണ്ടതുണ്ട്. അതിൽ ഒരാൾ ശ്രീ. വി.പി. മുരളിയാണ്. വെബ്സൈറ്റിന്റെ പ്രവർത്തന തിരക്കുകൾക്കൊപ്പം തന്നെ തുളസീദളത്തിന് വേണ്ടി അദ്ദേഹം ചെയ്ത സേവനങ്ങൾക്ക് അളവില്ല. സൃഷ്ടികൾ തെരഞ്ഞെടുക്കുന്നതിലും, പരസ്യങ്ങൾ സെറ്റ് ചെയ്യുന്നതിലും അവ പ്രസ്സിലേക്ക് അയക്കുന്നതിലും പ്രൂഫുകൾ പരിശോധിക്കുന്നതിലുമെല്ലാം ശ്രീ. മുരളിയുടെ നിസ്വാർത്ഥ ശ്രദ്ധയും സേവനവും നിറഞ്ഞു നിന്നിരുന്നു. എല്ലാ മാസവും ശ്രീമതി എ.പി. സരസ്വതി എഴുതിയിരുന്ന പ്രതിഫലനം വളരെ ചിന്തോദ്ദീപകമായിരുന്നു. ശ്രീ. സുരേഷ് ബാബു വിളയിൽ തയ്യാറാക്കിയ ശ്രീ. സി.രാധാകൃഷ്ണനുമായുള്ള അഭിമുഖം വളരെ ശ്രദ്ധിക്കപ്പെട്ടിരുന്നു. എത്ര വൈകി വിളിച്ചാലും ഒരു പരിഭവുമില്ലാതെ അനുയോജ്യമായ മുഖ ചിത്രങ്ങൾ തയ്യാറാക്കി തന്ന ശ്രീ. രാജൻ രാഘവന്റെ സഹകരണവും അമൂല്യമാണ്. അംഗങ്ങളിൽ കുറച്ചു പേരെ മാത്രം പരമാർശിച്ചു എന്നേയുള്ളൂ. ശ്രീ. സി.പി. അച്യുതൻ, ശ്രീ. മുരളി മാന്നന്നൂർ, ശ്രീ. കെ.എൻ. വിജയൻ, ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ, ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം എന്നിവർ തന്ന സഹകരണങ്ങൾ തുളസീദളത്തിന്റെ വിജയ യാത്രക്ക് എപ്പോഴും ശക്തി പകർന്നിട്ടുണ്ട്. ഇനി പറയാനുള്ളത് മാനേജർ ശ്രീ. ആർ.പി. രഘുനന്ദനനെ പറ്റിയാണ്. ശ്രീ. രഘുനന്ദനന്റെ കർശനമായ നിലപാടുകൾ സാമ്പത്തികമായുള്ള തുളസീദളത്തിന്റെ നിലനിൽപ്പിനെ കുറച്ചൊന്നുമല്ല സഹായിച്ചിട്ടുള്ളത്. വരുമാനത്തിന്നനുസരിച്ചാകണം പേജ് സെറ്റ് ചെയ്യുന്നതടക്കമുള്ള സർവ്വ ചെലവുകളും എന്ന് അദ്ദേഹം എപ്പോഴും ഓർമ്മിപ്പിച്ചു കൊണ്ട് നിയന്ത്രിക്കാൻ ശ്രദ്ധിച്ചിരുന്നു.

ഇത്രയൊക്കെ വിശദീകരിച്ചു എഴുതിയത് ഈ ഭരണ സമിതി പ്രസിദ്ധീകരിക്കുന്ന അവസാനത്തെ തുളസീദളം എന്ന നിലയിൽ മാത്രമാണ്. അടുത്ത മാസം 25 ന് പുതിയ ഭരണ സമിതി ചുമതലയേൽക്കും. പുതിയ പത്രാധിപസമിതിയും നിലവിൽ വരും. നിയുക്ത ഭരണ സാരഥികൾക്ക് ആശംസകൾ.

എസ്.എസ്.എൽ.സി. റിസൾട്ടുകൾ വന്നു. ജൂൺ 2ന് സ്കൂൾ തുറക്കും. നാടിപ്പോൾ ഉത്സവത്തിരക്കിൽ ആണ്. തൃശൂർ പൂരം, ഇരിഞ്ഞാലക്കുട ഉത്സവം എന്നിവയൊക്കെ ഈ മേയ് മാസത്തെ ആഘോഷഭരിതമാക്കും.

എല്ലാവർക്കും സ്നേഹാശംസകളോടെ....
പത്രാധിപ സമിതിക്ക് വേണ്ടി

പത്രാധിപർ: **ഗോപൻ പഴുവിൽ**

# സംസ്ഥാന സബ് ജൂനിയർ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ പ്രവിത് വി.ജെക്ക് മൂന്നാം സ്ഥാനം



**2024** ഡിസംബർ 28 ന് തിരുവനന്തപുത്ത് നടന്ന ഏഴാമത് സംസ്ഥാന സബ് ജൂനിയർ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ 37-40 കിലോഗ്രാം വിഭാഗത്തിൽ പ്രവിത് വി.ജെ. മൂന്നാം സ്ഥാനം നേടി. ഒളരിക്കര വടക്കേ പിഷാരത്ത് വി.കെ. ജയരാജൻ, കൂട്ടാല പിഷാരത്ത് വിനീത ജയരാജൻ ദമ്പതിമാരുടെ പുത്രനാണ് പ്രവിത്.

തൃശൂർ ചെമ്പൂക്കാവ് ടെക്നിക്കൽ ഹൈസ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിയാണ് പ്രവിത്. പ്രവിത്തിന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

പ്രതിഫലനം

# മലയാളത്തിന്റെ 'തല'



എ.പി. സരസ്വതി

ശ്രുതിസ്മൃതി പുരാണാസമാലയം കരുണാലയം

നമാമി ഭഗവത്പാദശങ്കരം ലോകശങ്കരം

'ഏകം സദ് വിപ്രാബഹുധാ വദന്തി'

എന്ന ഋഗ്വേദസൂക്തത്തിന്റെ തത്ത്വാർത്ഥ വിചാരം തന്നെയാണ് അദ്വൈതസിദ്ധാന്തത്തിന്റെ ബീജാവാപത്തിന് മൂലകാരണമായതെന്നു വേണം അനുമാനിക്കാൻ. സത്യമായ ഒന്നിനെത്തന്നെയാണ് പണ്ഡിതന്മാർ പലതരത്തിൽ വിശദീകരിക്കുന്നത് എന്നാണീ സൂക്തം അർത്ഥമാക്കുന്നത്. പ്രകൃതിശക്തികളൊക്കെത്തന്നെ കൃത്യമായനുഗ്രഹിച്ചിരുന്ന നമ്മുടെ കേരളത്തിൽ ജനിച്ച് ഭാരതത്തിന്റെ മുക്കിലും മൂലയിലും നടന്നെത്തി ആധ്യാത്മികജ്ഞാനത്തിന്റെ പ്രഭാപ്രസരം വിതറി ഏകഭാരതമെന്ന ചിന്താപഥത്തിലേക്ക് ഏവരേയും നയിക്കാൻ പ്രയത്നിച്ച, അദ്വൈതസിദ്ധാന്തത്തിന്റെ കരുത്തുറ്റ വേരുകൾ എങ്ങും പടർത്തിയ, മുപ്പത്തിരണ്ടു വയസ്സിനുള്ളിൽ അത്ഭുതാവഹമായ സർവ്വജ്ഞപീഠാരോഹണം നടത്താൻ തക്കവണ്ണം സർവ്വവിദ്വത്സമ്മതനായിത്തീർന്ന ശ്രീശങ്കര ഭഗവത്പാദരുടെ ജയന്തി ദിനത്തിൽ (മെയ് 2) ആ വിജ്ഞാനപ്രതിഭയെ ഒന്നുസ്മരിക്കണമെന്നാണ് തോന്നിയത്.



കൈപ്പള്ളി ഇല്ലത്തെ ശിവഗുരുവിന്റെയും മേൽപ്പാഴൂരില്ലത്തെ ആര്യാ അന്തർജ്ജനത്തിന്റെയും പുത്രനായി കാലടിയിൽ പിറന്ന ഈ മഹാനുഭാവൻ വളർച്ച നേടിയ കഥ ചുരുക്കിപ്പറയുന്ന ഒരു പദ്യമിതാണ്.

അഷ്ടവർഷേ ചതുർവേദീ
ദ്വാദശേ സർവ്വശാസ്ത്രവിത്
ഷോഡശേ കൃതവാൻ ഭാഷ്യം
ദ്വാത്രിംശേ മുനിരഭ്യഗാത്.

എട്ടാം വയസ്സിൽ നാലുവേദങ്ങളും പന്ത്രണ്ടിൽ എല്ലാ ശാസ്ത്രങ്ങളും പതിനാറിൽ പ്രസ്ഥാനത്രയത്തിന് (ഭഗവദ്ഗീത, ഉപനിഷത്തുക്കൾ, ബ്രഹ്മസൂത്രം) ഭാഷ്യവും ചമച്ച് മുപ്പത്തിരണ്ടുവയസ്സിൽ നിർവ്വാണം പ്രാപിച്ചു! എട്ടു വയസ്സിൽ അമ്മയുടെ അനുവാദത്തോടെ ഉത്തരേന്ത്യയിലെത്തി ഗോവിന്ദാചാര്യരെ ഗുരുവായി വരിച്ച് സന്യാസം സ്വീകരിച്ച് സർവ്വശാസ്ത്രങ്ങളും പഠിച്ച് ആചാര്യന്റെ ആദേശമനുസരിച്ച് ഭാഷ്യകാരനായി. സർവ്വ സംഗപരിത്യാഗിയാണെങ്കിലും അമ്മയുടെ അന്ത്യസമയത്ത് അടുത്തെത്തി വേണ്ടതായ കാര്യങ്ങൾ നിർവ്വഹിച്ചുവെന്നാണ് കഥ. അദ്വൈതിയാണെന്ന ഭാവമില്ലാതെ സാമാന്യജനങ്ങൾക്കു ഭജിക്കാനുതകുന്ന വിധത്തിൽ വൈവിധ്യമാർന്ന സ്തോത്രങ്ങൾ അദ്ദേഹം രചിച്ചു. ജ്ഞാനയോഗിയാണെങ്കിലും കർമ്മഭക്തിയോഗങ്ങൾക്കും പരിഗണന നൽകിയിരുന്ന അദ്ദേഹം തന്ത്രശാസ്ത്രപാരംഗതനായിരുന്നു. ഭാരതത്തിലെ പ്രധാന ക്ഷേത്രങ്ങളിലെല്ലാം പൂജാവിധാനങ്ങളും മറ്റും ചിട്ടപ്പെടുത്തിയ അദ്ദേഹത്തെ ഉത്തരഭാരതം ആദരിക്കുന്നതുപോലെ നമുക്കാദരിക്കാൻ കഴിഞ്ഞുവോ എന്നതു ചിന്തിക്കേണ്ടതുതന്നെയാണ്. ഹിന്ദുമതത്തെ സനാതനധർമ്മമായി സംരക്ഷിക്കുന്നതിൽ മുഖ്യ കാർമ്മികത്വം വഹിച്ച അദ്ദേഹത്തിന് മറ്റു മതങ്ങളോട് അനാദരവുണ്ടായിരുന്നില്ല. മുപ്പത്തിരണ്ടു വയസ്സിനുള്ളിൽ ഇത്രയൊക്കെ പ്രവർത്തിക്കുവാൻ കഴിഞ്ഞ ആ യോഗിവര്യനെ പരമശിവന്റെ അവതാരമായിട്ടും പലരും കരുതിപ്പോരുന്നു. അദ്ദേഹം സമാധിയായതിനെക്കുറിച്ചും ഭിന്നാഭിപ്രായങ്ങളുണ്ട്. കേദാർനാഥ്, കാഞ്ചീപുരം, തൃശൂർ എന്നീ സ്ഥലങ്ങളൊക്കെ അവയിൽപ്പെടുന്നു. പലകാര്യങ്ങളും സംഭവങ്ങളും അദ്ദേഹത്തെക്കുറിച്ചു പറയേണ്ടതുണ്ടെങ്കിലും വിസ്തരഭയം കൊണ്ടതെല്ലാം ഒഴിവാക്കി ചെറുതായൊന്നനുസ്മരിച്ചുവെന്നുമാത്രം. ശ്രീശങ്കര ഭഗവത്പാദരുടെ കാലടികളിൽ സാഷ്ടാംഗം നമസ്കരിച്ചുകൊണ്ട് ഇപ്പോൾ നിറുത്തട്ടെ!



# ചരിത്രത്താളിലേക്ക് ഒരു പുത്തൻ അദ്ധ്യായം ചേർത്ത് ഏപ്രിൽ 16

**അ**തേ. 2025 ഏപ്രിൽ 16 ബുധൻ. നെടുനാളത്തെ സ്വപ്നങ്ങൾക്ക് സാഫല്യമായ ദിനം. തുളസീദളം കലാ സാംസ്കാരിക സമിതിയുടെ പ്രവർത്തനങ്ങൾക്ക് ഔപചാരികമായി തുടക്കമിട്ട ദിവസം. തുടക്കമിടാൻ എത്തിയതോ ഏറ്റവും അനുയോജ്യനായ കലാകാരൻ. ചെറുപ്പത്തിലേ തന്നെ സമാജം പ്രവർത്തനങ്ങളുമായി സഹകരിച്ചിരുന്ന കൊച്ചു കലാകാരൻ മിമിക്രിയിലൂടെ, ദൃശ്യമാധ്യമങ്ങളിലെ അവതരണങ്ങളിലൂടെ, അഭിനയത്തിലൂടെ, സംഘാടക മികവിലൂടെ, സിനിമാ സംവിധാനത്തിലൂടെ പടിപടിയായി ഉയർന്നു വന്ന് ഇന്ന് പിഷാരടി സമുദായത്തിന്റെ തന്നെ ആഗോള അംബാസിഡർ ആയി മാറിയ ശ്രീ. രമേഷ് പിഷാരടി. ആരംഭം ഐശ്വര്യപൂർണ്ണതയോടെ. ഇനിയുള്ള തുടർച്ചകൾ, കലാ യാത്രകൾ ആ വെളിച്ചത്തിൽ നിന്നുമാണ്. ഗംഭീരമാകും. ആകണം.

നമ്മുടെ ഇടയിൽ കലാരംഗത്തെ ഒട്ടുമിക്ക വിഭാഗങ്ങളിൽ നിന്നുമായി നിരവധി കലാകാരൻമാരും കലാകാരികളുമുണ്ട്. അവരിൽ പ്രശസ്തരുണ്ട്. സെലിബ്രിറ്റികളുണ്ട്. ഗുരുഭൂതരുണ്ട്. അധികമൊന്നും അറിയപ്പെടാത്ത ഒരുപാട് പ്രതിഭകളുണ്ട്. അവരെയെല്ലാം ഏകോപിപ്പിച്ച് ഒരേ കുടക്കീഴിൽ എത്തിക്കുക എന്നത് അന്തരിച്ച ബാബു നാരായണന്റെ ആശയമായിരുന്നു. അദ്ദേഹത്തിന്റെ ജീവിത കാലത്ത് ആ ആശയം നടപ്പിലാക്കാൻ സാധിച്ചില്ല. മഹത്തായ ആ സ്വപ്നത്തെ യാഥാർഥ്യമാക്കണമെന്ന് ചിന്തിച്ചുറച്ച് അതിനു വേണ്ടി ചന്ദ്രേട്ടൻ (എ.രാമചന്ദ്രപിഷാരടി) അനവരതം അക്ഷീണം പ്രവർത്തിച്ചതിന്റെ പ്രതിഫലനമായിരുന്നു സത്യത്തിൽ ഏപ്രിൽ 16 ന്റെ ചരിത്ര നിർമ്മിതി എന്ന് പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

ഇനി ഏപ്രിൽ 16 ന്റെ തിരുമുറ്റത്തേക്ക്. രാവിലെ 9 മണിക്ക് തന്നെ ശ്രീ. വിനോദ് കൃഷ്ണൻ, ശ്രീ. എ.പി. ഗോപി എന്നിവരുടെ നേതൃത്വത്തിൽ രജിസ്ട്രേഷൻ ആരംഭിച്ചിരുന്നു. നമ്മുടെ ഇടയിലുള്ള പ്രതിഭകളെ സർവ്വർക്കും പരിചയപ്പെടുത്തുക എന്നതായിരുന്നു ആദ്യത്തെ പരിപാടി. അതേപ്പറ്റി പ്രോഗ്രാം കോ-കോർഡിനേറ്റർ ശ്രീ. രാജൻ സിത്താര വിശദീകരിച്ചു. തുടർന്ന് യുവജനസമിതി പ്രസിഡന്റ് കുമാരി അനാമിക, സെക്രട്ടറി കുമാരി ഗൗരി ഗോപി എന്നിവർ അഭിമാനത്തോടെ, ആദരവോടെ ഓരോ പ്രതിഭകളെയും ബോക്കെ നൽകി ആദരിക്കാനും സ്വയം പരിചയപ്പെടുത്തുവാനായി വേദിയിലേക്ക് ക്ഷണിച്ചു.

ഏറ്റവും ആദ്യമെത്തിയത് മലയാള സിനിമാരംഗത്ത് തികച്ചും വ്യത്യസ്തങ്ങളായ മൂന്നു ചിത്രങ്ങൾ (മേൽവിലാസം, അപ്പോത്തിക്കിരി, ഇളയരാജ) സംവിധാനം ചെയ്ത് അവതരിപ്പിച്ച ശേഷം ഇപ്പോൾ തമിഴ് സിനിമയിൽ ആഴി എന്ന ചിത്രം സംവിധാനം ചെയ്തു കൊണ്ടിരിക്കുന്ന ശ്രീ. മാധവ് രാംദാസ് ആയിരുന്നു. തുടർന്ന് അദ്ദേഹത്തിന്റെ പ്രിയ പത്നിയും പ്രശസ്ത ചിത്രകാരിയുമാ

യ ശ്രീമതി കലാമണ്ഡലം ബിന്ദുലേഖ എത്തി. പിന്നീട് കഥകളി കലാകാരനും ആശാനുമായ കലാനിലയം ശ്രീ. അനിൽകുമാർ, നാടകരംഗത്ത് വളർന്ന് വരുന്ന ശ്രീ. വിഷ്ണു രാധാകൃഷ്ണൻ, പ്രശസ്ത നർത്തകനും നൃത്ത അദ്ധ്യാപകനുമായ ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം, കഥകളി കലാകാരൻ ശ്രീ. കോട്ടക്കൽ ഹരീശ്വരൻ, സംഗീതജ്ഞൻ ശ്രീ. ജി.ആർ. ഗോവിന്ദൻ, പ്രസിദ്ധ വയലിനിസ്റ്റും സംഗീത സംവിധായകനുമായ ശ്രീ. രവികുമാർ, എഴുത്തുകാരനും കഥകളി കലാകാരനുമായ ശ്രീ. അക്ഷയ് സുരേഷ്, മദ്ദളം വാദകനായ ശ്രീ. ആകാശ്, ഇലത്താളം കലാകാരൻ ശ്രീ. മനോജ്കുമാർ, മൃദംഗം വാദകനായ ശ്രീ. കെ.പി. രവി, ചെസ്സ് കളിക്കാരൻ ശ്രീ. മുകുന്ദൻ, പ്രശസ്ത നർത്തകിയും നൃത്ത അദ്ധ്യാപികയുമായ ശ്രീമതി സാന്ദ്ര രാധാകൃഷ്ണൻ, കഥകളി കലാകാരൻ ശ്രീ. വി.പി. രാജേഷ്, തിമില വാദകൻ ശ്രീ. കാവശ്ശേരി കുട്ടികൃഷ്ണൻ, പ്രശസ്ത സൗണ്ട് എഞ്ചിനീയർ ശ്രീ. ഹരിനാരായണൻ, ഓട്ടൻതുള്ളൽ കലാകാരി കുമാരി ഹരിപ്രിയ, നാടക കലാകാരനായ ശ്രീ. പ്രസന്നൻ തൃക്കൂർ, കഥകളി സംഗീതജ്ഞൻ ശ്രീ. ആദിത്യ കൃഷ്ണൻ, പ്രശസ്ത ഭരതനാട്യം കലാകാരിയും നൃത്താദ്ധ്യാപികയുമായ ഡോക്ടർ ആർ.എൽ.വി. ശാലിനി ഹരികുമാർ, പ്രശസ്ത നർത്തകിയും നൃത്ത അദ്ധ്യാപികയുമായ ശ്രീമതി സൗമ്യ ബാലഗോപാൽ, കഥകളിയിലും അതോടൊപ്പം തിരുവാതിരക്കളിയിലും പ്രഗത്ഭരായ സഹോദരിമാർ ശ്രീമതി എ.പി. സരസ്വതി, ശ്രീമതി ഭാഗ്യം മോഹൻദാസ് എന്നിവർ, ഗായകൻ ശ്രീ. കൃഷ്ണകുമാർ, നർത്തന കലാകാരി കുമാരി ഹരിത മണികണ്ഠൻ, ലഘു സിനിമാ രചയിതാവും സംവിധായകനുമായ ശ്രീ. അച്ചുതനുണ്ണി, തിമില കലാകാരൻ ശ്രീ. പെരുവനം കൃഷ്ണകുമാർ, അറിയപ്പെടുന്ന അവതാരകയും ചലച്ചിത്ര അഭിനേതാവുമായ ശ്രീലക്ഷ്മി പ്രസാദ്, സിനിമ അഭിനേതാവ് ശ്രീ. അനിരുദ്ധ്, സിനിമാരംഗത്തെ തിരക്കഥാകൃത്തും സംവിധായകനുമായ ശ്രീ. മുരളി ബാല, കഥകളി സംഘാടകൻ ശ്രീ. സുദീപ്, കഥകളി വേഷത്തോടൊപ്പം ചെണ്ട വാദകൻ, കവിത എഴുത്ത് എന്നിവയിലെല്ലാം തന്നെ പ്രാഗല്ഭ്യം തെളിയിച്ചിട്ടുള്ള മാസ്റ്റർ വിഷ്ണുദത്ത്, കരാട്ടെ, ബോക്സിങ്ങ് എന്നിവയിൽ പ്രഗത്ഭനായ മാസ്റ്റർ പവിത്ത്, ഗായകൻ സുരേഷ് പൂത്തോൾ, കവി പദ്മിനി രാമകൃഷ്ണൻ, മോഹിനിയാട്ടം കലാകാരി ശ്രീമതി രമ്യ, കഥകളി രംഗത്തെ നവമുകുളങ്ങൾ ശ്രീഭദ്ര, ശ്രീബാല എന്നിവരും ഒപ്പം സമാജം വേദികളിലൂടെ കലാരംഗത്ത് ഉയർന്നു വന്ന് ഇന്ന് സിനിമാ രംഗത്ത് പ്രശസ്തയായ കുമാരി ശ്രവണയും മലയാള സിനിമാ/ടി.വി. രംഗത്ത് പ്രശസ്തയായിരുന്ന അന്തരിച്ച രേഖാ മോഹന്റെ ഭർത്താവ് ശ്രീ. മോഹനകൃഷ്ണനുമെല്ലാം സ്വയം സദസ്സിന് അനുഭവങ്ങൾ പങ്ക് വെച്ചു.

തുടർന്ന് കുമാരി ശ്രവണയുടെ അഭ്യർത്ഥന പ്രകാരം ചലച്ചിത്ര സംവിധായകൻ ശ്രീ. മാധവ് രാംദാസ് സിനിമയോട് താൽപ്പര്യമുണ്ടായതും സംവിധാനമാണ് തന്റെ മേഖലയെന്ന് തിരിച്ചറിഞ്ഞതും ഒന്നിനൊന്നു വ്യത്യസ്തമായ ചിത്രങ്ങൾ സംവിധാനം ചെയ്തതും അവയിൽ ഏറ്റവും പുതിയ തമിഴ് ചിത്രം ആഴിയെ കുറിച്ചുമുള്ള അനുഭവങ്ങൾ പങ്കിട്ടു.

അതിനു ശേഷം ഏറ്റവും പ്രധാനപ്പെട്ട ഉത്ഘാടന സമ്മേളനം. തുളസീദളം കലാ സാംസ്കാരിക സമിതി വൈസ് പ്രസിഡന്റ് ശ്രീ. കെ.പി. ഹരികൃഷ്ണന്റെ അവതരണത്തോടെ ആരംഭിച്ച യോഗത്തിൽ കഥകളി സംഗീതജ്ഞൻ ശ്രീ. ആദിത്യകൃഷ്ണൻ ഭക്തിസാന്ദ്രവും മധുരിതവുമായ പ്രാർത്ഥന ചൊല്ലി. പ്രസിഡന്റ് ശ്രീ. എ. രാമചന്ദ്രൻ ഇങ്ങനെയൊരു സമിതി ഉണ്ടാകാനുള്ള കാരണങ്ങളും സമിതിയുടെ ലക്ഷ്യങ്ങളുമെല്ലാം വിശദീകരിച്ചു. സെക്രട്ടറി ശ്രീ. ഗോപൻ പഴുവിൽ ഏവർക്കും സ്വാഗതം പറഞ്ഞു. തുടർന്ന് ശ്രീ. രമേഷ് പിഷാരടി നിലവിളക്ക് കൊളുത്തി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചതോടെ കലാ സാംസ്കാരിക സമിതി യാഥാർഥ്യമായി.

ഉദ്ഘാടന ഭാഷണത്തിൽ ശ്രീ. രമേഷ് പിഷാരടി ഇത്തരമൊരു കലാസമിതിയുടെ ആത്മാർത്ഥമായ ലക്ഷ്യത്തെപ്പറ്റിയും പ്രസക്തിയെപറ്റിയും അത് നിലനിൽക്കേണ്ടതിനു കൊടുക്കേണ്ട പ്രത്യേക ജാഗരൂകതകളെ കുറിച്ചും സ്വന്തമായ സരസ ശൈലിയിൽ സംസാരിച്ചു.

തുടർന്ന് ശ്രീ. രമേശ് പിഷാരടിയും സദസ്സ്യരും തമ്മിൽ രസകരമായ മുഖാമുഖം. മുഖാമുഖത്തിന്റെ അവതാരകയായി കുമാരി ശ്രവണ. ഏറ്റവും ഹൃദ്യമായ അനുഭവമായി അഭിമുഖം. മുഖാമുഖത്തിൽ ശ്രീ. അക്ഷയ് പാലക്കാട്, ശ്രീ. അച്ചുതനുണ്ണി, കുമാരി ഹരിപ്രിയ, ശ്രീ. ആദിത്യൻ, ശ്രീ. വിഷ്ണു, ശ്രീ. പ്രസന്നൻ, കുമാരി ഹരിത മണികണ്ഠൻ, ശ്രീ. അച്ചുതാനന്ദൻ, ശ്രീമതി ശാലിനി ഹരികുമാർ എന്നിവരോടൊപ്പം കുമാരി ശ്രവണയും ചോദിച്ച ചോദ്യങ്ങൾക്കെല്ലാം ശ്രീ. രമേഷ് പിഷാരടി മനസ്സ് തുറന്ന് മറുപടികൾ നൽകി.

അതിനു ശേഷം കലാപരിപാടികൾ. കുമാ

ചെറുകഥ

# നനഞ്ഞ കുട!!



വൈക

"എടാ ഗോപ്യെ.... യ്യ് ദെങ്ങടാ എറങ്ങിപ്പോണേ... അന്റെ ചായ ഇവിടിരുന്ന് തണുക്കുംട്ടോ...!"

മാധവേട്ടൻ പിറകിൽ നിന്നും വിളിച്ചു പറയുന്നത് കേട്ടപ്പോൾ, ധൃതിയിൽ ചായക്കടയിൽ നിന്നിറങ്ങിപ്പോകുന്ന ഗോപി, തിരിഞ്ഞു നോക്കാതെ തന്നെ മറുപടി പറഞ്ഞു....

"അതേയ്... ആ ഷാരത്തെ മൂപ്പര് ങ്ങടാണ് വരണേന്ന് തോന്നണ് ണ്ട്... എന്നെ പണ്ട് കൊറേ സഹായിച്ചിട്ടുള്ളതാ... ഇപ്പൊ ആള് നല്ല ബുദ്ധിമുട്ടിലാന്നാ കേട്ടത്, കണ്ടിട്ടിപ്പോ എന്തെങ്കിലും ചോയ്ച്ചാൽ കൊടുക്കേണ്ടി വരുംന്നെ...!"

"അന്റെ കൊട ദാ ബടെ ഇരിക്കണണ്ട്... അത് ബേണ്ടേ അണക്ക്?"

മാധവേട്ടന്റെ ആ ചോദ്യത്തിന് ഗോപി കൊടുത്ത മറുപടി ഇങ്ങനെ ആയിരുന്നു.

"മഴ തോർന്നില്ലേ, ഇനിയിപ്പോ ആ നനഞ്ഞ കുട തൽക്കാലം വേണ്ടെന്നെ!"



---

രി അഖില (വടക്കാഞ്ചേരി), കുമാരി ഐശ്വര്യ (എറണാകുളം) എന്നിവർ അവതരിപ്പിച്ച ഭരതനാട്യങ്ങൾ, കുമാരിമാർ ശ്രേയ, ദേവിക, പവിത്ര, ഗായത്രി ഗോപി, ഗായത്രി ശ്രീകുമാർ, സഞ്ജന (തൃശൂർ ശാഖ) എന്നിവർ ചേർന്ന് അവതരിപ്പിച്ച അർദ്ധ ശാസ്ത്രീയ നൃത്തം എന്നിവ വളരെയേറെ ശ്രദ്ധ പിടിച്ചു പറ്റി.

തുളസീദളം കലാ സാംസ്കാരിക സമിതി ജോയിന്റ് സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ നന്ദി പറഞ്ഞതോടെ സ്വപ്ന സാക്ഷാത്ക്കാര ദിനത്തിന് ശുഭകരമായ അവസാനമായി.

പക്ഷെ ഇതൊരു മംഗളകരമായ തുടക്കമാണ്. ഇനി വേണ്ടത് അതി ഗംഭീരങ്ങളായ തുടർച്ചകൾ. നമ്മുടെ ഇടയിൽ ഉള്ള എല്ലാ കലാ കാരികളും കലാകാരന്മാരും യുവ ജനങ്ങളും സമിതിയുടെ ഭാഗമാകണം. എല്ലാവരും അംഗത്വമെടുക്കണം. ഇന്ന് കലാ രംഗത്ത് ധാരാളം സാധ്യതകൾ ഉണ്ട്. ഭാഗ്യത്തിന് അവക്ക് ഉതകുന്ന വളരെയേറെ പ്രതിഭകൾ നമുക്കുണ്ട്. പുതിയ പ്രതിഭകൾ വളരുന്നുമുണ്ട്. നാളെകൾ നമ്മുടെ പ്രതിഭകൾക്ക് കൂടി ഉള്ളതാണ്. മുന്നേറാം. ഒത്തൊരുമിച്ച്.. ഒരേ മനസ്സോടെ...

ഇപ്പോഴത്തെ ഈ തുളസിയുടെ കുഞ്ഞു ദളത്തിന് ഇത്രയും മനോഹാരിതയെങ്കിൽ നാളെ വളർന്നൊരു തുളസീവനമാകുമ്പോൾ ഇതിന്റെ വർണ്ണ ചാരുതക്ക് പകരം വെക്കാൻ വേറെ എന്തുണ്ടാകും?

മറുപടി കാലം പറയും. ●

ചിന്ത

# വിളിപ്പേരുകൾ



വേണു വീട്ടിക്കുന്ന്

**ജാ**തി ചോദിക്കരുത്, വയസ്സു ചോദിക്കരുത്, പള്ളിയിൽ പോവരുത്, അറിയാത്തവർ തരുന്നത് കഴിക്കരുത്, കുടിക്കരുത് അങ്ങനെയങ്ങനെ...

കുറേ അരുതുകൾക്കുള്ളിൽ വളർന്നു കൊണ്ടിരിയ്ക്കുമ്പോഴും ഒരുപാടു സംശയങ്ങൾ ബാക്കിയുണ്ടായിരുന്നു.

എന്നാലും കൂടെ തന്നെ മൂത്തവരെ ബഹുമാനിക്കണം, അന്യരെ ദ്രോഹിക്കരുത്, ഏവരേയും പ്രത്യേകിച്ച് മുതിർന്നവരേയും ഗുരുനാഥന്മാരേയും അനുസരിക്കണം എന്നിങ്ങനെ ചെയ്യേണ്ടതായ കുറേ കാര്യങ്ങളുടെ ഒരു നീണ്ട കുറിപ്പു തന്നെ നിത്യവുമെന്നോണം ഉദയാസ്തമയ നാമജപം പോലെ കാതുകളിൽ സദാസമയവും അലയടിച്ചു കൊണ്ടിരുന്ന ഒരു കുട്ടിക്കാലമായിരുന്നു എന്റെത് അഥവാ എന്റെ കൂടെ അല്ലെങ്കിൽ എന്റെ കാലഘട്ടത്തിൽ ജീവിച്ചവരുടേത്.

സ്നേഹാധിക്യത്താലോ ബഹുമാനാധിക്യത്താലോ പലപ്പോഴും ആരും പരസ്പരം പേരെടുത്തു വിളിച്ചിരുന്നില്ല. പ്രത്യേകിച്ചും ഭാര്യമാർ ഭർത്താക്കന്മാരെ, ഭർത്താക്കന്മാർ ഭാര്യമാരെ, മാതാപിതാക്കൾ മക്കളെ, ആശ്രിതന്മാർ യജമാനന്മാരെ അങ്ങിനെ പല പല ബന്ധങ്ങൾക്കും വേലിക്കെട്ടുകൾക്കുമിടയിൽ പലതരത്തിലുള്ള ആചാരങ്ങളും ഉപചാരങ്ങളുമൊക്കെയുണ്ടായിരുന്നു.

മംഗലം കഴിയ്ക്കലും പുടവ കൊടുക്കലും കല്യാണം കഴിയ്ക്കലും, പെണ്ണുകെട്ടലും നിക്കാഹും, വേളിയും പെൺകൊടയുമെന്നെല്ലാം പല സംസ്ക്കാരങ്ങളിൽ നാനാത്വത്തിൽ ഏകത്വമെന്ന പോലെ വിവാഹത്തെ പ്രതിനിധീകരിച്ചിരുന്ന സാധാരണ പ്രയോഗങ്ങളായിരുന്നു.

ചെക്കൻ, പെണ്ണ്, ഉണ്ണി, കുട്ടി, അമ്മു, അപ്പു, മോനു, മോളു എന്നിങ്ങനെ സർവ്വനാമങ്ങളായ സാധാരണ വിളിപ്പേരുകൾക്കിടയിലാണ് ഞാനും വളർന്നുവന്നത്.

കാർഷികവൃത്തിയിലധിഷ്ഠിതമായി ജീവിതം നയിച്ചു വന്നിരുന്ന അക്കാലത്ത് ഞാറ്റുവേലകൾക്കനുസരിച്ച ഒരു ക്രമമായ താളവട്ടം കാലാവസ്ഥയും പ്രകൃതിയും പോലും അനുവർത്തിച്ചു പോന്നിരുന്ന ഒരു ഭൂതകാലം.

ആന്റണിയും ബഷീറും ഭാസ്ക്കരനും ഹംസയും ജോയിയും കൃഷ്ണനുമൊക്കെ സഹപാഠികളായിരുന്ന ഒരു കാലം. (ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചിരുന്നു പഠിച്ചിരുന്ന ക്ലാസുകളായിരുന്നെങ്കിലും പരസ്പരമുള്ള ആൺ പെൺ സൗഹൃദങ്ങൾക്ക് പലതരത്തിലുള്ള വിലക്കുകളുമുണ്ടായിരുന്നു).

മേൽപറഞ്ഞവരൊക്കെ ആന്റണിച്ചായനും ജോയിച്ചായനും ഹംസ കാക്കുവും ബഷീറിക്കയും ഭാസ്കരേട്ടനും കൃഷ്ണേട്ടനുമൊക്കെയായി മാറിയപ്പോഴാണ്, വിളിപ്പേരുകളിലെ വ്യത്യാസങ്ങളറിയാൻ തുടങ്ങിയപ്പോഴാണ് കാലം മാറുന്നതിനേയും പുതു തലമുറകൾ താഴേക്കു താഴേക്കു വളർന്നു കൊണ്ടിരിക്കുന്നതിനേയും കുറിച്ചു ബോധവാനാവുന്നത്.

വിളിപ്പേരുകളിലെ വൈജാത്യങ്ങൾ ജാതിയേയും പ്രായത്തേയുമെല്ലാം പ്രത്യക്ഷവത്ക്കരിക്കുന്നതാണല്ലോ എന്ന ബോധവും ഉണർന്നപ്പോഴാണ് ജാതിവ്യവസ്ഥയെ എതിർക്കുന്നവരുടെ നിഷ്കാമ കർമ്മത്തിന്റെ നിഷ്ഫലതയെ കുറിച്ചോർത്തു പോയത്. എന്തിനുവേണ്ടിയായിരുന്നു അവർ മുറവിളിച്ചത്?

ആശുപത്രിയിലെ പ്രസവമുറിയിൽ നിന്ന് പുറം വെളിച്ചം കാണുന്നതിനു മുമ്പുതന്നെ ജാതിയും മതവും നിശ്ചയിയ്ക്കപ്പെട്ട് നാമകരണം കൂടി കഴിഞ്ഞ് റിക്കോർഡിൽ പേരു ചേർക്കപ്പെട്ട ശേഷമാണ് ഒരു നവജാത ശിശു ഇന്നു പുറം ലോകം കാണുന്നതെന്ന സത്യവും പറയാതെ വയ്യ. അതുകൊണ്ടുതന്നെ സ്വനാമധേയങ്ങൾ തന്നെയാണിന്ന് പലർക്കും വിളിപ്പേരുകളായി പരിണമിക്കുന്നതും.

അണുകുടുംബങ്ങളായതുകൊണ്ടും അതിവേഗം ഉരുളുന്ന കാലചക്രത്തിന്റെ വേഗത കുറക്കാനാവാത്തതുകൊണ്ടും കുടുംബത്തിലെ അച്ഛനുമമ്മയും ചേർന്നു പരിശ്രമിച്ചാൽ മാത്രമേ നിത്യനിദാനങ്ങൾക്ക് മാർഗ്ഗമുണ്ടാവൂ എന്നതുകൊണ്ടും നവാഗതരുടെയെന്നല്ല മുതിർന്നവരുടെ പോലും കാര്യങ്ങൾ അന്വേഷിക്കാനോ പരിചരിക്കാനോ ആ

കവിത

# ഹൃദയവേദന

കാട്ടുശ്ശേരി പിഷാരത്ത് മുരളീധരൻ

ഇടിയേറ്റ പോലെ ഞാനിന്നലെ കേട്ടെന്റെ
ജനനിയുടെ മകുടമാം കാശ്മീരിനേറ്റതാം
അതികഠിനവ്യഥയതിൻ വാർത്തയാ രാക്ഷസ-
പ്പടകളുടെ ദുർവൃത്തിമൂലമുണ്ടായതു

ഹൃദയം പിളർക്കുമീ ക്രൂരമാം നരവേട്ട
അപലപനീയമിതതിദുഷ്ടപൂർണ്ണമാം
അരുതരുതു സംഭവിച്ചീടുവാൻ പാടില്ല-
യിതുപോലെ നിഷ്ഠുരം ക്രൂരകൃത്യം ഭുവി

മമ ഹൃദയമേറെയായ് വേദനിച്ചീടുന്നു
ധരണിയെ വെടിഞ്ഞതാം സോദരരെയോർത്തു
അവർതന്റെയാത്മാക്കൾ ശാന്തിയാർജ്ജിച്ചിനി
പരമഗതി പ്രാപിച്ചു മോക്ഷപദമെത്തട്ടെ!

മനുജനെന്നുള്ളതാം ശബ്ദത്തിനർത്ഥത്തെ-
യൊരു ചെറുതരി പോലുമറിയാത്ത ദുഷ്ടരീ
ധരയിലിനിയൊരു നിമിഷനേരവും വാഴാതെ
നരകമതിലെത്തിത്തുലയട്ടെ! സത്വരം

ഭയമിതിലൊരു ലവലേശമില്ലാതെ നാം
പൊരുതണമിഹ ഭീകരർക്കെതിരെ സദാ
മതമദമിഹ വളരാതെയിരിക്കുവാൻ
കരുതലൊടെ കൂടി നിന്നീടണം സജ്ജനം

കരയട്ടെ കണ്ണുനീർ വാർക്കട്ടെ ഞാനെന്റെ
പ്രിയരാം സഹോദരർ വേറിട്ടു പോയതിൽ
അവരുടെയീ ദാരുണാന്ത്യം ധരിത്രീതലേ
ഇനിയുമൊരു ജീവനും വന്നുകൂടാ ദൃഢം. ●

---

രും തയ്യാറാവുന്നത് കാണാറില്ലെന്ന അവസ്ഥയെത്തിയിരിക്കുന്നു. അതുകൊണ്ടു കൂടി വിളിപേരുകളെന്നത് ഇന്ന് ഒരനാവശ്യമായി തീർന്നിരിക്കുന്നു.

അങ്ങനെയൊക്കെയാണെങ്കിലും എന്റെ തലമുറയിലെ പലരും കൃഷ്ണൻ നായരും ഹംസ ഹാജിയും ജോയി അച്ചായനും മറ്റുമായി സ്വനാമങ്ങൾക്ക് പുറകിൽ വാലുകൾ ചേർക്കുമ്പോൾ ഞാനാലോചിച്ചു, എന്താണു ഞാനിനി കൂട്ടിച്ചേർക്കേണ്ടത്?

മീനത്തിൽ പരമാവധി ഒന്നോ രണ്ടോ വേനൽ മഴ കിട്ടുന്നതിന്നു പകരം ഒരാഴ്ചയോളമായി നിത്യവുമെന്നോണം തുലാവർഷത്തെ അനുസ്മരിപ്പിക്കുന്ന ഇടിയും മഴയുമായി കാലാവസ്ഥ ഞാറ്റുവേലകളെ മറന്ന് തിമർത്തു പെയ്യുമ്പോൾ ഞാനുമറിയുന്നു - പാരമ്പര്യങ്ങളെ മറന്ന്, ആചാരങ്ങളും, ഉപചാരങ്ങളും ഔപചാരികതയും മറന്ന്, രാവും പകലും മറന്ന് പുതുതലമുറയുടെ ലക്ഷ്യമില്ലാത്ത അഥവാ ലക്ഷ്യമറിയാത്ത, അതുമല്ലെങ്കിൽ കൃത്യമായ ലക്ഷ്യബോധത്തോടെയുള്ള കുതിച്ചുചാട്ടങ്ങൾ....

മാറ്റങ്ങൾ അനിവാര്യം തന്നെ.
പക്ഷേ....
രാപകലുകളറിയാത്ത
ഞാറ്റുവേലകളറിയാത്ത
പ്രായഭേദങ്ങളറിയാത്ത
സ്ഥാനമാനങ്ങളറിയാത്ത
ഒരു പുതിയ ലഹരി....
അതു വേണ്ടതാണോ?

ചേരയെ തിന്നുന്ന നാട്ടിലെത്തിയാൽ നടുക്കഷണം തന്നെ തിന്നണമെന്നതും നാടോടുമ്പോൾ നടുവേ ഓടണമെന്നതും ശരിയാണോ?

മാറ്റപ്പെടേണ്ടതു തന്നെയല്ലേ?

എവിടെയാണ് എങ്ങിനെയാണ് മാറ്റങ്ങൾക്കു തുടക്കം കുറിക്കേണ്ടത്?

സുയോധനനെ ദുര്യോധനനാക്കിയതും, അതേ ദുര്യോധനനെ പലയിടത്തും സുയോധനനാക്കിയതും സമൂഹം തന്നെയല്ലേ?

ഗുരുഭക്തിയാൽ സ്വപ്രയത്നം കൊണ്ട് അജയ്യനായ പോരാളിയായ ഏകലവ്യനെന്ന നിഷാദ കുമാരനെ അർജ്ജുനനു മുന്നിൽ നിഷ്പ്രഭനാക്കി തീർക്കാൻ ദ്രോണരെന്ന കുടിലബുദ്ധിയായ ഗുരുനാഥൻ ഗുരുദക്ഷിണയായി വാങ്ങിയ പെരുവിരലിന്റെ ശാപം ഇന്നും ഭാരതത്തെ പൂർണ്ണമായി വിട്ടൊഴിഞ്ഞിട്ടില്ലെന്നു തോന്നുന്നു.

ഓരോ പേരുകളിലും അവന്റെ വ്യക്തിത്വവും നിറഞ്ഞുനില്ക്കുന്നുവെന്ന അത്യാധുനികശാസ്ത്രത്തിന്റെ നവബോധത്തെ അടിസ്ഥാനമാക്കി കൊണ്ടുതന്നെ, അർത്ഥവത്തായ വിളിപ്പേരുകളിലൂടെ തന്നെ അതിനൊരു തുടക്കം കുറിക്കാമെന്ന അഭിപ്രായത്തോടെ എന്റെ ഈ ചെറുചിന്തകളവസാനിപ്പിക്കുന്നു.

●

ഭക്തി

# ശകടാസുരൻ



**എ. തുളസി, പടിഞ്ഞാറെപിഷാരം**
തൃപ്രയാർ, ഫോൺ: 9961106811

**ദേ**വകീ വസുദേവന്മാരുടെ പുത്രനായി ഭഗവാൻ കൃഷ്ണൻ മഥുരയിൽ ജനിച്ചുവെങ്കിലും ഉണ്ണിക്കണ്ണൻ വളർന്നത് ഗോകുലത്തിൽ ആണല്ലോ. ഭഗവാന്റെ ലീലകളെപ്പറ്റി അറിയാത്തവർ ഉണ്ടാകില്ല. ഉണ്ണിക്കണ്ണൻ വന്നതോടെ ഗോകുലത്തിൽ എന്നും ഉത്സവമാണ്. കണ്ണൻ പിറന്നു തൊണ്ണൂറാം ദിവസം ആഘോഷപൂർവ്വം നടത്തുവാൻ ഗോപന്മാർ ഒരുക്കങ്ങൾ തകൃതിയായി നടത്തി.

അതിരാവിലെ കണ്ണനെ കുളിപ്പിച്ച് സുന്ദരനാക്കി, കണ്ണെഴുതിച്ച് കുറി തൊടുവിച്ച് മിടുക്കനാക്കി നീലക്കാർവർണ്ണന്റെ അരയിൽ പൊന്നിൻ കിങ്ങിണി കെട്ടിച്ച് മഞ്ഞപ്പട്ടുടുപ്പിച്ച് പട്ടുമെത്തയിൽ കിടത്തി യശോദാമ്മ അടുക്കളയിലേക്ക് പോയി. കണ്ണൻ കമിഴ്ന്നതിന്റെ ആഘോഷം ഗോകുലവാസികൾക്ക് സദ്യ നൽകി കൊണ്ടാടുവാനായി അമ്മ ഒരുക്കങ്ങൾ നടത്തി. പശുക്കൾ, സ്വർണ്ണനാണയങ്ങൾ, പട്ടുവസ്ത്രങ്ങൾ, പാൽ, വെണ്ണ, പഞ്ചസാര, പായസം തുടങ്ങിയവ ദാനം ചെയ്താണ് നന്ദഗോപൻ സന്തോഷം പ്രകടിപ്പിച്ചത്.

മുൻകാലങ്ങളിൽ കുട്ടിയെ ആദ്യമായി സൂര്യപ്രകാശം കാണിക്കുമ്പോൾ "വാതിൽ പുറപ്പാട്" എന്ന ചടങ്ങ് നടത്താറുണ്ട്. ആ ചടങ്ങും അന്നുതന്നെയായിരുന്നു. അതിനുശേഷം ഉണ്ണിയെ സുരക്ഷിതമായ ഒരു സ്ഥലത്തു കിടത്തി ഉറക്കിയ ശേഷം യശോദ വീണ്ടും ജോലിയിൽ മുഴുകി. അപ്പോഴെല്ലാം കംസകിങ്കരന്മാർ ഗോകുലത്തിൽ വട്ടം കറങ്ങുന്നുണ്ടായിരുന്നു. അക്കാര്യം പാവം അമ്മ അറിഞ്ഞിരുന്നില്ല.



കൈകാലിട്ടടിച്ചു കളിക്കുന്ന കണ്ണന്റെ അടുത്തേക്ക് ഒരു കളിവണ്ടി സാവധാനം ഉരുണ്ടുരുണ്ടു വന്നത് ആരും കണ്ടില്ല.

മായാമയനായ ശ്രീകൃഷ്ണനും ഞാനൊന്നും അറിഞ്ഞില്ലേ എന്ന ഭാവത്തിൽ ഉറക്കം നടിച്ചു കിടന്നു. കണ്ണന്റെ കഥ കഴിക്കാനായി കംസൻ അയച്ച ശകടാസുരൻ ആയിരുന്നു അത്. കേവലം മൂന്നുമാസം മാത്രം പ്രായമുള്ള പൊന്നോമനക്കുഞ്ഞിന്റെ നേർക്ക് വണ്ടിയുടെ രൂപത്തിൽ അസുരൻ പാഞ്ഞടുത്തു. കണ്ണന്റെ കുഞ്ഞു പാദങ്ങൾ കൊണ്ട് പതുക്കെ ഒരു തട്ട് തട്ടിയപ്പോൾ വണ്ടി ദൂരേക്ക് തെറിച്ചുപോയി. ചക്രവും തണ്ടും തകർന്ന വണ്ടിയും, ഒന്നുമറിയാത്തമട്ടിൽ കൈകാലിട്ടടിച്ച് കരയുന്ന കുഞ്ഞിനേയുമാണ് ശബ്ദം കേട്ട് ഓടി വന്നവർ കണ്ടത്. ഭഗവാൻ കൃഷ്ണന്റെ പാദസ്പർശത്താൽ മായാരൂപം ധരിച്ച അസുരന് മോക്ഷവും ലഭിച്ചു.

യശോദാമ്മ കണ്ണനെ എടുത്ത് നെറ്റിയിലും കവിളിലും മാറിമാറി ഉമ്മ വച്ചു. ഉണ്ണിക്ക് മുലപ്പാൽ കൊടുത്ത് മടിയിൽ കിടത്തിയുറക്കി വലിയ ഒരു ആപത്ത് ഒഴിഞ്ഞു പോയല്ലോ എന്ന് സമാധാനിച്ച് കടുകും, ഉപ്പും, മുളകും ഉഴിഞ്ഞ് ദോഷമകറ്റി അടുത്തിരുന്ന് താരാട്ടുപാടി.

കണ്ണന്റെ ഈ ബാലലീലയെക്കുറിച്ച് ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിൽ ഒരു ശ്ലോകം ഉണ്ട്.

"ചാടായിവന്നു ശകടാസുരൻ താൻ
ചാടാനൊരുമ്പെട്ടു മുകുന്ദഗാത്രേ
വാടാതെ പാദേന ഹനിച്ചു ബാലൻ
ചാടായിരം ഖണ്ഡമതായി വീണു."

കവിത

# കർണ്ണൻ



രാംകുമാർ പെരുവനം

കുന്തി തന്നന്തസ്സ് അകളങ്കിതമാക്കീടാൻ
കർണ്ണനേകി കളങ്കിതമാം ജീവിതം
കതിരോൻ ജന്മദാതാവെങ്കിലും
കാലത്തിൻ ലീലയാൽ
കളിവാക്കാം രാധേയനായ്
കാലങ്ങളോളം പരിഹാസനായവൻ
കുരുവംശ ദാസൻ
കതിരാം ജീവനിൽ
കുറ്റങ്ങളേറേ പേറിയോൻ
കനിവേറെയുള്ളോൻ
കനിവേകി കനവേറെ കണ്ടെങ്കിലും
കദനങ്ങളേറെയേറ്റു വാങ്ങിയോൻ
കവച കുണ്ഡലധാരി
കിരീടി സോദരൻ
കിരീടം ഭാരത രാജ്യത്തിൻ
കൈവശം വന്നിട്ടും
കുരുവംശ ഭക്തിയാൽ
കാട്ടിലെറിഞ്ഞവൻ
വില്ലാളി വീരനാം
വിജയനെ വെല്ലുന്ന
വീരത്വത്തിനുടമയായെങ്കിലും
വിശ്വനാഥ ശിഷ്യ ശിഷ്യൻ
വിധി വൈപരീത്യത്താൽ
വധിതനായർജ്ജുന കരങ്ങളാൽ
വിനയായ് ദാന ധർമ്മത്വം
വിനയായ് കുരുവംശ വിധേയത്വവും
വിനയായ് മാതാവിനേകിയ
വചനവും കർണ്ണന്
വികടാഭിമാനവും
വിധ്വംസകനായ്
വിധിയുമതിന് കൂട്ടായ് നിന്നു
വിശ്വത്തിലെത്തിച്ച മാതാവും
വിശ്വസിച്ച മഹാ ഗുരുവും
വിശ്വസിച്ച പ്രിയ സുഹൃത്തും
വികടാഭിമാനത്തിൻ മൂർത്തികളായപ്പോൾ
വിശ്വ ചരിത്രത്തിനു മാറ്റമുണ്ടായ്
വിഷ്ണു തേജസാം
വീര യാദവൻ പോലും
വാനോളം വാഴ്ത്തിയ
വീര പുരുഷോഷത്തമൻ
വൃഷാലിപതിയാം കർണ്ണൻ
വീരമൃത്യു പൂകി
വിടചൊല്ലിയൊഴിഞ്ഞു
പതിരില്ലാ മാതൃസ്നേഹം
പാർത്ഥ സോദരനാം
പാവം കർണ്ണന്
പാരിൽ ജനിച്ചനാൾ മുതലേ
പാണ്ഡു പത്നിയേകിയിരുന്നീടിൽ
പാണ്ഡവ വംശോൽഭവും
പരാശര മുനീസുത സൃഷ്ടിയും
പാരിൽ സംഭവ്യമായിരുന്നീടുമോ
പരിപാവനമാം മഹാഭാരതം
പരമാർത്ഥമാം ചരിത്ര സംഭവമോ
പണ്ഡിത മുനിശ്രേഷ്ഠ രചനാ വൈഭവമോ
പല നാളായി പാഴ് മനസ്സിൽ
പൊന്തി കിടക്കുന്ന ശങ്കാവിഷയം



## വൃന്ദ ആർ ഉണ്ണിക്ക് ഒന്നാം റാങ്ക്

ലക്കിടി കിള്ളിക്കുറിശ്ശിമംഗലം നാരായണ ഹൌസിലെ അപ്പംകളത്തിൽ പിഷാരത്ത് രാജശേഖരൻ ഉണ്ണി (അനിയൻ)-നന്ദിനി ദമ്പതിമാരുടെ മകൾ വൃന്ദ ആർ. ഉണ്ണി കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും B.Arch ഡിഗ്രിയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി. ലക്കിടി നെഹ്റു കോളേജ് ഓഫ് ആർകിടെക്ചറിലാണ് വൃന്ദ ഡിഗ്രി പഠനം നടത്തിയത്.

വൃന്ദക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

ഓർമ്മ

# ദേവസ്യാപ്ലാ

രവീന്ദ്രൻ ടി.ജി.

**കൊ**ച്ചി, മദ്ധ്യതിരുവിതാംകൂർ പ്രദേശങ്ങളിൽ ക്രിസ്ത്യാനികളെ മാപ്പിള എന്നു വിളിച്ചിരുന്ന കാലം. ഞങ്ങളുടെ നാട്ടിൽ ഒരു ദേവസ്സിയുണ്ടായിരുന്നു. അദ്ദേഹമാണ് ഏവരും ഇഷ്ടപ്പെട്ടിരുന്ന ദേവസ്യാപ്ലാ. ഭാഷയുടെ ലോപം പേരിനെ വികൃതമാക്കി. കുട്ടികൾക്ക് ഏറെ പ്രിയങ്കരൻ. ഒരു മതസ്പർദ്ധയും ഇല്ലാതിരുന്ന, ഏകോദരസോദരരെപ്പോലെ എല്ലാ മതക്കാരും വാണിരുന്ന കൈരളിയുടെ സുവർണ്ണകാലം. സമൂഹ മാദ്ധ്യമങ്ങൾ മനുഷ്യ മനസ്സിനേയും ചിന്തകളേയും വികൃതമാക്കാത്ത കാലമായിരുന്നതിനാൽ മനുഷ്യബന്ധങ്ങളിൽ നിർവ്യാജമായ ഒരു സുഗന്ധം ഏവർക്കും അനുഭവപ്പെട്ടിരുന്നു. ഇതാണ് പാശ്ചാത്തലം. ഇനി കഥാനായകന്റ ഗുണവിശേഷങ്ങളിലേക്ക്.

മലയാളത്തിൽ 'റ' ഇടത്തോട്ടും വലത്തോട്ടും മറിഞ്ഞു വീണാൽ എങ്ങിനെയോ അതുപോലെ ഉള്ളിലോട്ടു വളഞ്ഞ കാൽപ്പാദങ്ങളോടുകൂടിയ ദേവസ്യാപ്ല പതിവായി അടുത്തുള്ള കള്ളുഷാപ്പിലേക്ക് പോകുന്നത് ഞങ്ങളുടെ പുരയിടത്തിലൂടെ ആയിരുന്നു. കുടുബത്തിലെ ഉത്തരവാദപ്പെട്ടവർ പുരയിടത്തിലൂടെയുള്ള വഴിനടപ്പ് കർശനമായി നിരോധിച്ചിരുന്ന കാലം. പക്ഷെ ഇദ്ദേഹത്തിനു മാത്രം ഇത് അനുവദനീയം. അടിയന്തിരാവസ്ഥ കാലത്ത് പ്രശസ്ത കാർട്ടൂണിസ്റ്റായ ആർ.കെ. ലക്ഷമണന് അനുവദിച്ചിരുന്ന അലിഖിതമായ സ്വാതന്ത്ര്യം പോലെ. എല്ലാമാസവും ഇദ്ദേഹം കവുങ്ങും തെങ്ങുമുള്ള വീടുകളിൽ ഒരു സന്ദർശനമുണ്ട്. ഇദ്ദേഹം വന്നില്ലായെങ്കിൽ തേങ്ങയരച്ചുള്ള കറികളും വെറ്റില മുറുക്കലും വീടുകളിൽ മുട്ടിപ്പോകും. സാധാരണക്കാർക്ക് അപ്രാപ്യമായ തേങ്ങയും അടക്കയും മറ്റും ഭൂമിയിലെത്തണമെങ്കിൽ ദേവസ്യാപ്ല കനിയണം. എഴുപതാമത്തെ വയസ്സിലും അദ്ദേഹം കവുങ്ങിലും തെങ്ങിലും കയറുന്നത് വലിയ അത്ഭുതമായിരുന്നു. പ്രത്യേകിച്ച് കുട്ടികൾക്ക്. അതു കൊണ്ടാണ് അദ്ദേഹം കുട്ടികൾക്ക് പ്രിയങ്കരനായത്. 'റ' മറഞ്ഞ പോലത്തെ പാദങ്ങളുടെ രഹസ്യം ഇപ്പോൾ മനസ്സിലായല്ലോ. ഒന്നു വിട്ടു പോയി, ഞങ്ങൾ കുട്ടികൾക്ക് സേവ പിടിച്ചു നിന്നാൽ ഒന്നോ രണ്ടോ കരിക്ക് തരപ്പെടുത്താം. ഇന്നത്തെപ്പോലെ വിഷം കലർന്ന ശീതള പാനീയങ്ങൾ ഇല്ലാത്ത കാലം ആണ് എന്ന് ഓർക്കണം. സന്ദർഭവശാൽ ഒരു സംശയം. എന്തുകൊണ്ടാണ് ശീതളപാനീയത്തെ ആംഗലേയത്തിൽ soft drink എന്നു പറയുന്നത്. ഒരു പക്ഷെ ശരീരത്തെ രോഗാണുക്കൾക്ക് നശിപ്പിക്കാൻ പറ്റിയ ഒരു soft target ആക്കുന്നതിനാലായിരിക്കാം. പിന്നെ കവുങ്ങിൽ നിന്നും പങ്ങ (മൂക്കാത്ത അടക്ക) പറിച്ച് തൊലി കളഞ്ഞ് ഇദ്ദേഹം ഉള്ളിൽ നിന്നും എടുക്കുന്ന സുന്ദര കുട്ടപ്പനെ കാണാൻ വളരെ കൗതുകമാണ്. ഇടക്ക് വായിൽ നിന്നും മുറുക്കിയ വെള്ളം ഒഴുകി വരുമ്പോൾ കൈ കൊണ്ട് ഒരു തുടക്കൽ. കൊറോണയുടെ മുതുമുത്തച്ഛൻ പോലും ജനിച്ചിട്ടില്ലാത്ത കാലമായതിനാൽ നാട്ടിൽ ആർക്കും ഇതിൽ ഒരു വൈമനസ്യവും തോന്നിയിരുന്നില്ല.

ഒരിക്കൽ അദ്ദേഹത്തിന് എന്തൊ ഒരു ശരീരാസ്കൃത വന്നപ്പോൾ ഒരു വൈദ്യന്റെ അടുത്തു പോകണ്ട ആവശ്യം വന്നു. സാധാരണ അത്തരമൊരു മണ്ടത്തരം ചെയ്യാത്ത വ്യക്തിയാണ്. പക്ഷെ മറ്റുള്ളവരുടെ നിർബന്ധത്തിന് തന്റെ നിർബന്ധബുദ്ധിയെ പണയം വച്ചു പോയി എന്നു മാത്രം. വിദഗ്ദ്ധ പരിശോധനകൾക്കു ശേഷം ഒരിക്കലും പ്രായോഗികമല്ലാത്ത ഒരു ഉപദേശം. ആഹാരത്തിന് നിയന്ത്രണം വേണമെന്ന്. തന്റെ നിഷ്കളങ്കത മൂലം വൈദ്യനോട് ഒരു മറു ചോദ്യം. എങ്ങിനെ നിയന്ത്രിക്കാൻ. കാലത്ത് രണ്ട് ഇഡ്ഡലിയും രാത്രിയിൽ കുറച്ച് ചാമയരിച്ചോറും മാത്രം. ഉച്ചക്ക് പതിവുപോലെ. ദേവസ്യാപ്ലക്ക് എല്ലാം മനസ്സിലായി. ഒരേ ഒരു സംശയം. യഥാസമയമുള്ള ആഹാരത്തിന് മുമ്പോ ശേഷമോ ഇഡ്ഡലി പ്രയോഗവും ചാമയരി പ്രയോഗവും എന്ന്. ഇതിന് ശേഷം ആ വൈദ്യൻ ഞങ്ങളുടെ നാട്ടിലെ ആതുര സേവനം നിർത്തി എങ്ങോട്ടോ പോയത്രേ. പറഞ്ഞു കേട്ടുള്ള അറിവാണേ.

പക്ഷെ ഞങ്ങളുടെ കുടുബവുമായി ഇദ്ദേഹത്തിനുണ്ടായിരുന്ന സുഹൃദ്ബന്ധം, പ്രത്യേകിച്ച് അ

ച്ഛനോട്, പറഞ്ഞു ഫലിപ്പിക്കുവാൻ വാക്കുകൾക്ക് പരിമിതിയുണ്ട്.

സ്ഥിരമായി ഞങ്ങളുടെ പുരയിടത്തിലൂടെ അങ്ങാടിയിലുള്ള ഷാപ്പിൽ സന്ദർശനത്തിനു ശേഷം ഒരു വരവുണ്ട്. ഒരൊന്നന്നര വരവാണ്. ടോർച്ചോ ചൂട്ടോ ഒന്നും ഉപയോഗിക്കില്ല. അത്യാവശ്യം ഇരുട്ടായിട്ടുണ്ടാവും. അതൊക്കെ അദ്ദേഹത്തിന് നിസ്സാരം. ഒരു പൂർണ്ണ സംഗീത വൃന്ദത്തോടുകൂടിയുള്ള വരവ്. പല രീതിയിൽ വിവിധ ഗാനങ്ങൾ പാടിയുള്ള വരവ്. അല്പം അശ്ലീലവും പാട്ടുകളിൽ കാണും. അശ്ലീലത്തിനു കാരണം അങ്ങാടിയിലെ കുട്ടികളാണ്. വെറുതെ പിന്നാലെ വന്ന് കൂക്കിവിളിച്ച് ഇദ്ദേഹത്തെ അലോസരപ്പെടുത്തും. അപ്പോൾ കള്ളിന്റെ ഒപ്പം തികട്ടിവരുന്ന കോപം മനസ്സിൽ അശ്ലീല കവിത രചിപ്പിക്കും. പക്ഷെ ഞങ്ങളുടെ പടിക്കൽ എത്തിയാൽ പരിപൂർണ്ണ നിശബ്ദത. അന്നൊരിക്കൽ ഒരു രസകരമായ സംഭവമുണ്ടായി. രാത്രിയിൽ തന്റെ വീട്ടിൽ മഴ പെയ്തുണ്ടായ ചോർച്ച വർണ്ണിക്കുകയായിരുന്നു. കക്ഷത്തിൽ നിന്നും ഒരു പൊതിയെടുത്ത് നിവർത്തി. അതിൽ രണ്ടു വലിയ മീനുകളെ പൊതിഞ്ഞതായിരുന്നു. അതിനെ പൊതിഞ്ഞ കടലാസിന്റെ വശങ്ങളിൽ വച്ച് ഇത് താനും ത്രേസ്യായും കിടക്കുകയാണെങ്കിൽ നടുക്ക് ചോർച്ച വന്നാൽ എങ്ങിനാണ് യേമാനെ (യജമാനൻ എന്നതിന്റെ ചുരുക്കം) ഉറക്കം വരിക എന്ന് ഒരു ചോദ്യം. തികച്ചും സസ്യഭുക്കായ യേമാനും മറ്റു കുടുബാഗങ്ങൾക്കും ഇതത്ര രസിക്കുന്നില്ലാ എന്ന് മനസിലാക്കിയ ഉടനെ അത് പൊതിഞ്ഞ് പുറകുവശത്തെ കോലായിൽ കൊണ്ടു വച്ച് സൗഹൃദ സംഭാഷണം തുടർന്നു കൊണ്ടിരുന്നു. മദ്യലഹരി ഒന്നു കുറഞ്ഞപ്പോൾ ത്രേസ്യാക്ക് കറി വക്കുവാനുള്ള മത്സ്യം എടുത്ത് പോകാൻ തയ്യാറായി പുറകുവശത്തെ കോലായിൽ ചെന്നപ്പോൾ മത്സ്യം പൊതിഞ്ഞ കടലാസു മാത്രം ബാക്കി. വീട്ടിൽ ഓമനിച്ചു വളർത്തിയിരുന്ന രാമൻ വരുത്തിയ വിന. രാമൻ ചങ്ങലയോ കൂടോ ഇല്ലാതെ പരിപൂർണ്ണ സ്വാതന്ത്ര്യം അനുഭവിച്ചാണ് വളർന്നിരുന്നത്. ഇത്രയും ഓമനിച്ചു വളർത്തുന്ന ജന്തുവിനെ പട്ടി എന്നു വിളിച്ച് അപമാനിക്കാൻ പാടില്ലല്ലോ. അതു കൊണ്ട് നമുക്കതിനെ നായ എന്ന് വിളിക്കാം. മാംസഭക്ഷണം കിട്ടാതിരുന്നതുകൊണ്ടാവാം എല്ലാ സദാചാരവും ലംഘിച്ച് അവൻ അതു മോഷ്ട്ടിച്ചു. അന്ന് ആ നായക്ക് വേണ്ടുവോളം ഗാനാഭിഷേകം കിട്ടി. എന്നാലും പിറ്റെ ദിവസം തെങ്ങുകയറുവാൻ വന്നപ്പോൾ ഇവൻ വാലാട്ടി പിന്നാലെയുണ്ട്. ദേവസ്യാപ്ലക്കും ഒരു വിദ്വേഷവുമില്ല. എത്ര മൈത്രീഭാവം.

ഞങ്ങളുടെ നാട്ടിൽ കുട്ടപ്പൻ എന്ന് പേരുള്ള ഒരു യുവാവ് ഉണ്ടായിരുന്നു. അദ്ധ്യാത്മികമായി കുറച്ചു താൽപ്പര്യമുള്ള ഒരു സന്മാർഗി. തന്റെ കുടിലിന് പുറത്ത് ഒരു കുടിലുകെട്ടി താമസം തുടങ്ങി. ഇദേഹത്തിന്റെ ബന്ധുക്കളും അടുത്തുള്ള കുടിലുകളിൽ താമസം. എല്ലാവരും പറയുവാൻ തുടങ്ങി, കുട്ടപ്പന് ചില അത്ഭുതസിദ്ധികളുമുണ്ട് എന്ന്. പല പല കഥകളും നാട്ടിൽ പരന്നു. അപ്പോൾ അവരുടെ കുടുബകാരണവർക്ക് ഒരു സൃഷ്ടിപരമായ ആശയം. ഇദ്ദേഹത്തെ വാദ്യഘോഷങ്ങളോടുകൂടി സ്വീകരിച്ച് കൊണ്ടുവരണമെന്ന്. എല്ലാ കുടിലിലുള്ളവരും ഐകകണ്ഠേന ഈ ആശയത്തെ അഗീകരിച്ചു. പക്ഷെ എവിടെ നിന്നു സ്വീകരണ ഘോഷയാത്ര തുടങ്ങണം. ഐകകണ്ഠേന തീരുമാനം, പുന്നാറ്റിൻ തോടിന്റെ കരയിൽ നിന്നെന്ന്. ഞങ്ങളുടെ ദേശത്തിന്റെ അതിർത്തിയായി കരുതിയിരുന്ന തോടാണ്. വികസനത്തിന്റെ പേരിൽ തോടുകളും പുഴകളും നശിപ്പിക്കാതിരുന്ന കാലത്ത് ഞങ്ങളുടെ ഗ്രാമം തോടുകളാലും, കണ്ടൽക്കാടുകളാലും, സർപ്പക്കാവുകളാലും സുന്ദരമായിരുന്ന കാലം. താലമേന്തിയ തരുണീമണികളും ചെണ്ട പോലത്തെ ചില വാദ്യോപകരണങ്ങളുമായി ഘോഷയാത്ര. കുട്ടപ്പന്റ മുമ്പിൽ വെളിച്ചപ്പാട് പോലെ വാളുമായി ഒരു നാട്ടുകാരനും. കുട്ടപ്പൻ വാള് അയാളുടെ കൈയ്യിൽ നിന്നും പിടിച്ചു വാങ്ങിയതും 'ഉവ്വാളെടുത്തൂ ടാ ഓടിക്കോ' എന്ന് ദേവസ്യാപ്ല വിളിച്ചുകൂകിയതും ഒരേ സമയത്ത്. രൗദ്രഭീമനെപ്പോലെ തുള്ളി വരുന്ന കുട്ടപ്പന്റെ വാൾമുനയിൽ നിന്നും അങ്ങിനെ ദേവസ്യാപ്ല നിരവധി നാട്ടുകാരെ രക്ഷിച്ചു. ഉറയിലെ വാളിന് ദേവസ്യാപ്ല നാമാന്തരം ചെയ്തതാണ് 'ഉവ്വാള്' എന്ന് പിന്നീട് ഭാഷാ പണ്ഡിതന്മാർ പറഞ്ഞാണ് നാട്ടുകാർ മനസിലാക്കിയത്. ഒരു വെടിക്ക് രണ്ടു പക്ഷി എന്ന ചൊല്ലിനെ അർത്ഥവത്താക്കുന്നതായിരുന്നു ദേവസ്യാപ്ലയുടെ പ്രവൃത്തി. അന്ന് വാൾമുനയിൽ നിന്നും രക്ഷപ്പെട്ട ജനങ്ങൾ ഓടിയ ചതുപ്പുനിലം അതിന്റെ ചതുപ്പു ഭാവം വെടിഞ്ഞ കാരണം ഇന്ന് നിരവധി വീടുകൾ ഉയർന്നു വന്നു. കുട്ടപ്പന് മാനസിക വിഭ്രാന്തി ആയിരുന്നു എന്ന് മനസിലാക്കിയ ഒരേ ഒരാൾ ദേവസ്യാപ്ല.

വേറൊരു രസകരമായ സംഭവം, യേമാന് വയറ്റിൽ അൾസർ ബാധിച്ച് വല്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്ന സമയം ദേവസ്യാപ്ലയിലെ തത്വചിന്തകൻ ഉണർന്നതപ്പോളാണ്. എല്ലാ ദിവസത്തെപ്പോലെ ഒരു ദിവസം സന്ദർശനത്തിന് വന്നപ്പോൾ

ഒരു പ്രവചനം. 'എന്റെ യേമാന്നെ മ്ക്ക് ഒരിക്കലും വരാത്ത അസുഖം വന്നാൽ കരുതിക്കോളു ഇതവസാനാണേന്ന്'. പക്ഷെ യേമാൻ പരിപൂർണ്ണ സുഖം പ്രാപിച്ച് നിരവധി വർഷങ്ങളോളം ജീവിച്ചു.

പക്ഷേ യേമാനും ദേവസ്യാപ്ലയും തമ്മിലുള്ള ബന്ധം ജന്മജന്മാന്തരങ്ങളിലൂടെ ഒഴുകി വന്നതാണ് എന്ന് അന്ത്യകാല സംഭവം സാക്ഷിയാണ്. ബ്രിയാൻ വേയ്സിസ് എന്ന പ്രസിദ്ധ ഗ്രന്ഥകാരന്റെ ഒരാത്മാവും അനേക ശരീരങ്ങളും എന്ന ഗ്രന്ഥത്തിൽ (same soul many bodies) പറയുന്ന പോലെ ഒരു കൂട്ടമായി ആത്മാക്കൾ അടുത്ത ജന്മത്തിലും ഒരേ കാലത്തും ഒരേ ദേശത്തും ഒന്നിച്ചു ജനിക്കും എന്ന് പറയുന്നതിനെ അന്വർത്ഥമാക്കുന്ന ജീവിതങ്ങൾ. ദേവസ്യാപ്ല ജീവിതത്തിന്റെ അന്ത്യയാമത്തിലേക്കുള്ള യാത്ര തുടങ്ങിയപ്പോൾ ദിവസേന യേമാൻ പോയിക്കാണുമായിരുന്നു. ദീർഘനേരം അവർ തമ്മിൽ എന്തൊക്കെയോ സംസാരിച്ചിരിക്കും. അവസാനം ചിന്തകൾ പരസ്പര വിരുദ്ധമായി തുടങ്ങിയപ്പോൾ ആ സംസാരവും ക്രമേണ കുറഞ്ഞു കുറഞ്ഞു വന്നു. പഞ്ചപ്രാണങ്ങൾ ഓരോന്നോരോന്നായി തങ്ങളുടെ കർത്തവ്യനിർവ്വഹണത്തിൽ നിന്ന് പിന്തിരിഞ്ഞു തുടങ്ങിയപ്പോൾ ഒരു സന്ധ്യാ സമയത്ത് യേമാനെ കാണുവാൻ ആവശ്യപ്പെട്ട് പല പ്രാസ്യം ആളെ അയച്ചെങ്കിലും അതു സാധിച്ചില്ല. യേമാൻ വളരെ ദൂരെയുള്ള സ്വന്തം ജന്മദേശത്തേക്ക് പോയിരിക്കുകയായിരുന്നു. അന്ന് എല്ലാവരും കരുതി ഇനി ഒരു കൂടിക്കാഴ്ചയ്ക്ക് ഇടം കൊടുക്കാതെ ദേവസ്യാപ്ല യാത്രയാവുമെന്ന്. പക്ഷെ നിയതിയുടെ ഭാണ്ഡകെട്ടിൽ എന്തൊക്കെയുണ്ട് എന്ന് ആർക്കറിയാം. വളരെ വൈകി വീട്ടിലെത്തിയ യേമാൻ പിറ്റെ ദിവസം അതിരാവിലെ ദേവസ്യാപ്ലയുടെ വീട്ടിൽ എത്തിയപ്പോൾ തന്റെ അന്ത്യം അടുത്തെന്നും ചിലതു ചെയ്തു തീർക്കാനുണ്ടെന്നും പറഞ്ഞ് സ്നേഹപൂർവ്വം അടുത്തിരിക്കുവാൻ ആഞ്ജ്യം കാട്ടി. മക്കളോടു പറഞ്ഞ് യേമാന് കുറച്ചു വെള്ള കടലാസുകളും പേനയും കൊടുത്ത് തന്റെ സ്ഥാവരജംഗമ വസ്തുക്കൾ മക്കൾക്ക് എങ്ങിനെ വിഭജിച്ചു കൊടുക്കണം എന്ന് വിസ്തരിച്ച് എഴുതിപ്പിച്ച് തന്റെ വിരലടയാളം രേഖപ്പെടുത്തി, ഇനി നമുക്ക് പിരിയാം എന്നു പറഞ്ഞ് യേമാന്നെ യാത്രയാക്കി. പുറത്തു കടന്ന യേമാൻ വേണ്ടപ്പെട്ടവരെ അറിയിച്ചോളു എന്ന് പറഞ്ഞപ്പോൾ അകത്തുനിന്ന് ഒരു ശബ്ദം 'അറിയിക്കാറായിട്ടില്ല'. ഇത് ഒരശരീരി അല്ലായിരുന്നു. ആ ശരീരത്തിൽ നിന്നും വന്ന അവസാനത്തെ വചനം. ഇതു പറയലും പഞ്ചപ്രാണങ്ങളിൽ അവസാനത്തേതായ വ്യാനനും തന്റെ കൃത്യം കഴിഞ്ഞു എന്ന് വിളിച്ചറിയിക്കുന്ന പോലേ ഇറങ്ങിയാത്രയായി. അങ്ങിനെ സമയമാകുന്ന രഥത്തിൽ ഏകനായി സ്വന്തം ദേശത്തിലേക്ക് ദേവസ്യാപ്ല മടങ്ങി.

'ഇന്നു ഞാൻ നാളെ നീ' എന്ന് പറയാതെ പറയുന്ന മരണമെന്ന പ്രഹേളികയെ തോൽപ്പിക്കുകയോ ജയിപ്പിക്കുകയോ ചെയ്യാതെ. ●

# എ.യു ലതക്ക് 'മികവഴക് 2025' സംസ്ഥാന അദ്ധ്യാപക പുരസ്കാരം

**ഒ**ന്നഴക് അദ്ധ്യാപക കൂട്ടായ്മയുടെ സംസ്ഥാന അദ്ധ്യാപക പുരസ്കാരം തിരുവനന്തപുരം നേമം സ്കൂളിൽ വച്ചു നടന്ന ചടങ്ങിൽ വച്ച് S.C.E.R.T. ഡയറക്ടർ ഡോ. ജയപ്രകാശിൽ നിന്നും എ.യു ലത ഏറ്റുവാങ്ങി.



അപ്പംകളത്തിൽ പിഷാരത്ത് (വളുപുരംപിഷാരം) ഉണ്ണികൃഷ്ണനുണ്ണിയുടേയും ആനായത്ത് പിഷാരത്ത് (കരിക്കാട് പിഷാരം) ചന്ദ്രമതിയുടെയും മകളും കടമ്പൂർ പിഷാരത്ത് കെ.പി ഹരീഷ് കുമാറിന്റെ പത്നിയുമാണ് ലത.

ശ്രീമതി ലതയ്ക്ക് പിഷാരടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ് സൈറ്റിന്റെയും അഭിനന്ദനങ്ങൾ!

യാത്ര

ഭാഗം 10

# രജ്പുത്താന



**മുരളി ആനായത്ത്**
ഫോൺ: 9495708403

**ഇ**നി ഞങ്ങൾക്ക് പോവേണ്ടത്ത് മെഹറാൻഗഡ് കോട്ടയിലേക്കാണ്. അവിടേക്കുള്ള പ്രവേശന പാസുകൾ അഞ്ചുമണിവരെയേ നല്കുകയുള്ളൂ എന്ന് ഗൈഡ് പറഞ്ഞു. ഞങ്ങൾ ഉമൈദ്ഭവനോട് വിട പറഞ്ഞു, വന്നു ബസ്സിൽ കയറി. ഇവിടെനിന്ന് അഞ്ചാറുകിലോമീറ്റർ ദൂരമുണ്ടാവും കോട്ടയിലേയ്ക്ക്. കയറ്റം കയറുന്ന ബസ്സിലിരുന്നുകൊണ്ട് തന്നെ കോട്ടയുടെ ഗംഭീര ദൃശ്യം ഞങ്ങൾക്ക് കാണാനായി. ഞങ്ങൾ നാലേമുക്കാലിനു മുമ്പായി കോട്ടയിലെത്തി. പ്രവേശന പാസ്സിന് ഒരാൾക്ക് നൂറു രൂപയാണ്. പാസ്സെടുത്ത് ഞങ്ങൾ അകത്തു കയറി. ജോധ്പൂരിലെത്തുന്ന യാത്രികരുടെ വലിയ ഒരാകർഷണമാണ് ഈ കോട്ട. കോട്ടക്ക് ചുറ്റും 120 അടിയോളം ഉയരത്തിൽ ഉറപ്പുള്ള വലിയ മതിലുണ്ട്. മതിലിന് അമ്പതടിയിലധികം വീതിയുമുണ്ട്. പുറം മതിലിൽ ചിലയിടങ്ങളിൽ പീരങ്കിയുണ്ടകൾ പതിച്ച പാടുകളുണ്ട്. പീരങ്കിയുണ്ടകൾക്കു പോലും തകർക്കാനായിട്ടില്ല ഈ മതിലിനെ എന്ന് ഗൈഡ്. നഗരത്തിനേക്കാൾ 400 അടിയോളം ഉയരത്തിലാണ്, ആയിരത്തി ഇരുനൂറോളം ഏക്കറിലായി വ്യാപിച്ചുകിടക്കുന്ന ഈ കോട്ട. 1459ൽ റാവു ജോധയുടെ കാലത്താണ് ഈ കോട്ട നിർമ്മിതി ആരംഭിച്ചത് ഇതിനായി അദ്ദേഹം കണ്ടെത്തിയത് 'ബാക്കുർചീഡിയ' എന്നറിയപ്പെടുന്ന കുന്നായിരുന്നു. ഇവിടെ 'ചിരിയ നാഥ്ജി' എന്ന ഒരു സന്യാസി താമസിച്ചിരുന്നു. കോട്ട കെട്ടി പൊക്കാൻ അദ്ദേഹത്തെ അവിടെനിന്ന് ഒഴിവാക്കണമായിരുന്നു. എന്നാൽ അദ്ദേഹം ഒഴിഞ്ഞു പോകാൻ വിസമ്മതിച്ചു. അപ്പോൾ രാജാവ് കൂടുതൽ ശക്തിയുള്ള ദിവ്യമാനുഷിയായ കർണിമാതയെക്കണ്ട് സങ്കടം ബോധിപ്പിക്കുകയും, കർണിമാതാ ചിരിയനാഥ്ജിയോട് ഒഴിഞ്ഞു കൊടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. കർണിമാത പറഞ്ഞതു കൊണ്ട് അദ്ദേഹം ഒഴിഞ്ഞു പോയെങ്കിലും, 'ഈ രാജ്യത്ത് ജലക്ഷാമം ഉണ്ടാവാനിടവരട്ടെയെന്ന്' ഒരു ശാപം നല്കിയാണത്രെ പോയത് ! – ആ കുന്നിൽ റാവു ജോധ പണിത മെഹറാൻഗഡ് കോട്ടയ്ക്ക് തറക്കല്ലിട്ടത് കർണ്ണിമാതയായിരുന്നു എന്നാണ് പറയപ്പെടുന്നത്. കോട്ടയുടെ അടിത്തറയിൽ രാജാറാം മെഘ്വാൾ എന്നൊരാളെ കുഴിച്ചുമൂടിയിട്ടുണ്ടത്രെ. കോട്ടയുടെ അഭിവൃദ്ധിക്ക് വേണ്ടിയായിരുന്നുവത്രെ ഈ നരബലി. ഇത് അന്നു കാലത്ത് ചെയ്തുവന്നിരുന്ന ഒരനാചാരമായിരുന്നു. തന്റെ കുടുംബത്തെ രാജാവ് പരിപാലിച്ചുകൊള്ളാം എന്ന വാഗ്ദാനം ലഭിച്ചപ്പോൾ, രാജാറാം സ്വമേധയാ ബലിയാവാൻ തയ്യാറായതാണത്രെ. നമ്മുടെ നാട്ടിലും കോട്ട, കൊട്ടാരങ്ങൾ, പാലം ഒക്കെ പണിയുമ്പോൾ ഇത്തരം ബലികൾ നടന്നതായി കഥകൾ/പാട്ടുകൾ ഒക്കെ കേട്ടിട്ടുണ്ടല്ലോ. ഓരോരോ അനാചാരങ്ങൾ!

ജോധയ്ക്ക് ശേഷം വന്ന രാജക്കന്മാരൊക്കെ അവരുടേതായ സംഭാവനകൾ നല്കിയിട്ടുണ്ട് ഇതിന്റെ നിർമ്മിതിയ്ക്ക്. രജപുത്താനിയൻ, മുഗൾ, ബ്രിട്ടീഷ് ശൈലികളുടെ സമ്മിശ്ര രീതി ഇതിന്റെ നിർമ്മിതിയിൽ കാണാം. 100 വർഷങ്ങൾക്ക് ശേഷം റാവു മാൽദോ, കോട്ടയുടെ ചുമരുകളും ഗേറ്റുകളും ബലപ്പെടുത്തി. അതിനു ശേഷം പലതവണ ഈ കോട്ട റാത്തോഡുകളിൽ നിന്ന് മുഗളന്മാരിലേയ്ക്കും, തിരിച്ചും കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. മഹാരാജ അജിത്സിംഗിന്റെ കാലത്താണ് കോട്ടയിൽ ഒരുപാടു നവീകരണ പ്രവൃത്തികളൊക്കെ നടത്തി കൂടുതൽ കൊട്ടാരങ്ങളൊക്കെ ഉൾച്ചേർത്തത്. വിജയ കവാടം (ഫത്തെ പോൾ അഥവാ വിക്ടറി ഗേറ്റ്) നിർമ്മിച്ചതും 1707ൽ അദ്ദേഹത്തിന്റെ കാലത്താണത്രെ. ഇപ്പോൾ ആകെ ഏഴു കവാടങ്ങളുണ്ട് കോട്ടയിലേക്ക് പ്രവേശിക്കാൻ. രാജകുടുംബത്തിന്റെ പാർപ്പിടവും, സൈനിക കേന്ദ്രവും, കലാസാംസ്കാരിക കേന്ദ്രവും, ക്ഷേത്രവും എല്ലാം ചേർന്നതായിരുന്നു ഈ കോട്ട. പിന്നീട് ഇരുപതാം നൂറ്റാണ്ടിൽ ഉമൈദ്ഭവൻ കൊട്ടാരം നിർമ്മിച്ചു കഴിഞ്ഞപ്പോൾ രാജകുടുംബം താമസം അങ്ങോട്ടു മാറി. ഈ കോട്ട കുറച്ചു കാലം

അടഞ്ഞു കിടന്നു. പിന്നീട് ഈ നാട്ടുരാജ്യം സ്വതന്ത്ര ഭാരതത്തിൽ ലയിച്ച ശേഷം രാജാ ഗജ്സിങ് 2 ആണ് 1970കളിൽ, ഈ കോട്ട ഒരു മ്യൂസിയമാക്കിയതും ടൂറിസ്റ്റുകൾക്കായി തുറന്നു നല്കിയതും. പോയ കാലത്തിന്റെ ചരിത്രം വിളിച്ചോതുന്ന ഒരു മ്യൂസിയം ഇതിനകത്തുണ്ട്. രാജസ്ഥാനിലെ കലാസാംസ്കാരിക ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നതുമാണ് ഈ മ്യൂസിയം.

**1. ശീശ് മഹൽ (കണ്ണാടി മാളിക)**: ഇത് മഹരാജ അജിത് സിംഗിന്റെ സ്വകാര്യ വസതിയായിരുന്നുവത്രെ. ഇതിന്റെ ചുമരുകളിൽ നമ്മുടെ ഇതിഹാസ പുരാണങ്ങളിലെ രംഗങ്ങൾ മനോഹരമായി പെയിന്റ് ചെയ്ത് വെച്ചിട്ടുണ്ട്. മേലാപ്പിൽ നിന്ന് വളരെ വലിയൊരു സ്ഫടിക അലങ്കാര വിളക്ക് തൂക്കിയിട്ടിട്ടുണ്ട്.

**2. ഫൂൽ മഹൽ (പൂമാളിക)**: മഹാരാജ അജയ് സിംഗ് സദസ്യരെ കാണുന്നതിന് വേണ്ടി നിർമ്മിച്ചതാണീ ഭാഗം എന്ന് പറയുന്നു. ഇവിടെ ചുവരിൽ ചിത്രങ്ങളുണ്ട്. വിഷ്ണുവിന്റെ അവതാരങ്ങൾ, ദേവി ദുർഗ്ഗ, പിന്നെ റാത്തോഡ് വംശത്തിലെ പൂർവികരുടെ ഛായാചിത്രങ്ങൾ, എല്ലാമുണ്ട്.

**3. ജാൻകി മഹൽ**: ഇത് റാണിമാരുടെയും, കുമാരിമാരുടെയും ഇടമായിരുന്നുവത്രെ. ഇവിടെയുള്ള ജാലകങ്ങൾ അകത്തുനിന്ന് പുറമെക്ക് കാണാവുന്നതും എന്നാൽ പുറത്തുനിന്ന് അകത്തേക്ക് കാണാൻ കഴിയാത്തതുമാണ്. രാജ താക്കത് സിംഗിന്റെ കാലത്തെ നിർമ്മിതിയാണത്രെ.

**4. ദീപക് മഹൽ**: ഒരിക്കൽ ഇതായിരുന്നുവത്രെ കോട്ടയിലെ ഭരണ സിരാകേന്ദ്രം. മന്ത്രിമാരുമായും സാമന്തന്മാരുമാരുമായും ഒക്കെ കൂടിയാലോചനകൾ നടന്നിരുന്നതും ഭരണം നിയന്ത്രിച്ചിരുന്നതും ഇവിടെയിരുന്നായിരുന്നു. അജിത് സിംഗിന്റെ കാലത്തെ ഈ നിർമ്മിതി പിന്നീട് താക്കത് സിംഗ് പുതുക്കിപ്പണിതു.

**5. മോത്തി മഹൽ**: ഈ കോട്ടയിലെ ഏറ്റവും പഴയ ഒരു ഭാഗമാണിത്. രാജ സുർസിംഗിന്റെ കാലത്തെ നിർമ്മിതിയാണത്രെ. അക്കാലത്ത് രാജാവ് ഇവിടെയിരുന്നാണ് പ്രജകളെ സന്ധിച്ചിരുന്നതും, അവരെ കേട്ടിരുന്നതും എന്ന് ഗൈഡ് പറഞ്ഞു.

**6. താക്കത് വിലാസ്**: ഇത് മഹരാജ താക്കത് സിംഗിന്റെ കിടപ്പറയായിരുന്നുവത്രെ. വലിയ കലാരസികനായിരുന്ന അദ്ദേഹത്തിന്റെ ഈ മുറി അടി മുടി പെയിന്റിംഗുകളാലലംകരിക്കപ്പെട്ടിരിക്കുന്നു.

**7. സർദാർ വിലാസ്**: മരത്തടിയിൽ മനോഹരമായ കൊത്തു വേലകളുള്ള ഒരു മുറിയാണിത്.

ധാരാളം നടുമുറ്റങ്ങളും, തളങ്ങളും, ഇടനാഴികളും, മട്ടുപ്പാവുകളും എല്ലാമുള്ള ഈ കോട്ടയുടെ നിർമ്മിതി അതിഗംഭീരമാണ്. ഡിസ്നിയുടെ പ്രസിദ്ധമായ സിനിമ 'ജംഗ്ൾ ബുക്ക്' ഇവിടെ വെച്ച് ഷൂട്ട് ചെയ്തിട്ടുണ്ടത്രെ. 'മൗഗ്ലി' യുടെ കഥയെഴുതിയ റുഡ്യാർഡ് കിപ്ലിങ്ങ് അന്ന് പറഞ്ഞത് 'ഈ കോട്ട ഭൂതത്താന്മാരാലോ, മാലാഖമാരാലോ നിർമ്മിക്കപ്പെട്ടതാവണം' എന്നത്രേ. മട്ടുപ്പാവിൽ നിന്ന് ദൂരെ കാണുന്ന നഗരത്തിന്റെ കാഴ്ച അതീവ ഹൃദ്യമാണ്. മറുവശത്തു പോയി കോട്ടക്കുൾഭാഗം നോക്കുമ്പോൾ താഴെ നടുത്തളത്തിൽ പട്ടാള യൂണിഫോമിലുള്ള പത്തിരുപതു പേർ നിലത്ത് ഇരിക്കുന്നതും അവരെ സംബോധന ചെയ്ത് യൂണിഫോമിലുള്ള ഒരാൾ നിന്ന് പ്രഭാഷണം നടത്തുന്നതും കണ്ടു. എന്തെങ്കിലും പരിശീലനത്തിന്റെ ഭാഗമായിരിക്കണം! ഞങ്ങൾ ചുറ്റും കണ്ടും ഫോട്ടോകളെടുത്തും താഴെയെത്തിയപ്പോഴേക്കും പട്ടാളക്കാർ സ്ഥലം വിട്ടിരുന്നു.

ഒരിടത്ത് ആനപ്പുറത്ത് വെക്കാനുള്ള അമ്പാരികളുടെ ഒരു ശേഖരം കണ്ടു. ഇവയെല്ലാം 17–18 നൂറ്റാണ്ടുകളിൽ ഉപയോഗിച്ചിരുന്നതാണത്രെ. മുഗൾ രാജാവ് ഷാജഹാൻ, രാജ ജസ്വന്ത് സിംഗ് ഒന്നാമന് സമ്മാനിച്ചതെന്നു പറയുന്ന, വെള്ളിയിൽ തീർത്ത ഒരമ്പാരിയും ഇവക്കിടയിൽ കണ്ടു. മറ്റൊരിടത്ത് തലപ്പാവുകളുടെ ഒരു വലിയ ശേഖരം കണ്ടു. ഇതിൽ രജാക്കന്മാരുടേതിനു പുറമെ വിവിധ വിഭാഗങ്ങളുടേയും തലപ്പാവുകളുണ്ടായിരുന്നു. പിന്നെ വിവിധ തരം പല്ലക്കുകളുടെ ശേഖരം കണ്ടു. തുറന്ന പല്ലക്കുകൾ, മൂടിയ പല്ലക്കുകൾ, താമരയുടെ ആകൃതിയുള്ള പല്ലക്ക് തുടങ്ങി പലവക. അതിനു ശേഷം വേറൊരിടത്ത് ചിത്രശേഖരം കണ്ടു. മാർവാർ ശൈലിയിലുള്ള മിനിയേച്ചർ പെയിന്റിംഗുകൾ, മറ്റു ആർട്ടു വർക്കുകൾ എന്നിവയെല്ലാം ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. തുണിത്തരങ്ങൾ പ്രദർശിപ്പിച്ചിടത്ത്, പല നൂറ്റാണ്ടുകളിലെ വിലകൂടിയ തറവിരിപ്പുകൾ, രാജകീയ പരവതാനികൾ, തിരശ്ശീലകൾ, ടെന്റ് കെട്ടുന്നതിനുള്ള കട്ടി കോട്ടൺ തുണികൾ, മേലാപ്പുകൾ കൂടാതെ രാജകീയ വസ്ത്ര വിശേഷങ്ങൾ എന്നിവയെല്ലാം പ്രദർശിപ്പിച്ചിട്ടുണ്ട്.

ആയുധങ്ങൾ പ്രദർശിപ്പിച്ചിടത്ത് വാളുകൾ, കഠാരകൾ, കുന്തങ്ങൾ, ശരങ്ങൾ തുടങ്ങിയവയൊക്കെയുണ്ട്. ഇതിൽ റാവു ജോധയുടെ ഏഴു പൗണ്ട് ഭാരമുള്ള, ഇരുതല മൂർച്ചയുള്ള ഒരു വാളും

കണ്ടു. അക്ബറിന്റെയും, തിമൂറിന്റെയും വാളുകളും കണ്ടു. അടുത്തതായി പിള്ളത്തൊട്ടിലുകളുടെ ഒരു ശേഖരമാണ്. അവയിൽ ഒരു വൈദ്യുത തൊട്ടിലുമുണ്ട്. അത് ഇപ്പോഴത്തെ രാജാവ് ഗജ്സിംഗ് രണ്ടാമൻ ചെറിയ കുഞ്ഞായിരിക്കുമ്പോൾ കിടത്തിയിരുന്നതാണത്രേ!

ചാമുണ്ഡ ദേവിയുടെ ഒരു ക്ഷേത്രവുമുണ്ടിവിടെ. റാവു ജോധ മൻഡോരിൽ നിന്നു വരുമ്പോൾ കൂടെ കൊണ്ടുവന്ന് പ്രതിഷ്ഠിച്ചതാണത്രെ ഈ വിഗ്രഹം. മാതാ ചാമുണ്ഡയുടെ ക്ഷേത്രത്തിൽ ദസ്സറയാഘോഷങ്ങളുടെ കാലത്ത് ഭയങ്കര തിരക്കാവുമത്രെ.

ഒക്കെ കണ്ടിറങ്ങുമ്പോൾ ആറു മണിയായിരുന്നു. എല്ലാവരും ചൂടത്തെ നടത്തം കാരണം ക്ഷീണിച്ചിട്ടുണ്ട്. പലരും അവിടവിടെയായി ഇരുന്നു. ഇനി ജസ്വന്ത് താടയിലേയ്ക്ക് പോയിട്ട് കാര്യമില്ല. അവിടെയും പ്രവേശനം അഞ്ചു മണിവരേയെ ഉള്ളൂ. ഇതിനടുത്തുതന്നെയുള്ള 'റാവു ജോധ ഡെസേർട്ട് റോക്ക് പാർക്ക്' രസമുള്ള ഒരു സ്ഥലമാണ് എന്നു പറയുന്നു. അവിടെ വളരെ പഴയ കാലത്തെ അഗ്നിപർവ്വതങ്ങളിൽ നിന്ന് രൂപം കൊണ്ട പാറകളും മറ്റുമാണത്രെ. മരുഭൂമിയുടെ അടുത്തായതുകൊണ്ടാണോ എല്ലാവർക്കും നല്ല തളർച്ച തോന്നുന്നുണ്ട്. ഇരിക്കുന്നിടത്തുനിന്ന് എഴുന്നേല്ക്കാൻ മടി തോന്നുന്ന അവസ്ഥ.

മൻഡോർ ഗാർഡനും, ക്ലോക്ക് ടവറും, ലോക്കൽ മാർക്കറ്റും ഒക്കെ ഒഴിവാക്കി നേരെ ഹോട്ടലിലേക്ക് പോയാലോ എന്ന് ആലോചനയായി. സൂര്യാസ്തമയം ഇവിടെനിന്നു കണ്ടു പോവണോ എന്നും ഒരാലോചനവന്നു. ഏഴുമണിയോടടുത്താണ് ഇവിടെ അസ്തമയം.

അല്പനേരം ഇരുന്നപ്പോൾ എല്ലാവർക്കും റൂമിലെത്തിയാൽ മതി എന്ന തോന്നലുണ്ടായി. അങ്ങനെ അസ്തമയം കാണാൻ നില്ക്കാതെ ഞങ്ങൾ ബസ്സിൽ കയറി. ശിക്കാർ ഗാർ റോഡിലുള്ള 'ഹോട്ടൽ ദ ബാലം' ആണ് ഈ രാത്രിയിലെ ഞങ്ങളുടെ താവളം. ഏഴരയോടെ ഞങ്ങൾ ഹോട്ടലിലെത്തി. ഏട്ടനും എനിക്കും കൂടി റൂം നമ്പർ 107 ആയിരുന്നു കിട്ടിയത്. കുളിച്ചു അത്താഴം കഴിച്ചു കിടന്നതേ ഓർമ്മയുള്ളൂ ഉറക്കത്തിന്റെ ആഴങ്ങളിലേയ്ക്ക് വീണുപോയി.

തുടരും...

# പെരുവനം അപ്പുമാരാർ സ്മാരക വാദ്യ കലാപീഠം പുരസ്കാരം കൃഷ്ണകുമാറിന്



**പ്ര**സിദ്ധ മേളവിദ്വാനായിരുന്ന പെരുവനം അപ്പുമാരാരുടെ സ്മരണക്കായി ഏർപ്പെടുത്തിയിട്ടുള്ള പെരുവനം അപ്പുമാരാർ സ്മാരക വാദ്യ കലാപീഠം പുരസ്കാരം പ്രശസ്ത തിമില വിദ്വാൻ ശ്രീ പെരുവനം കൃഷ്ണ കുമാറിന് ചേർപ്പ് പൂരത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡണ്ട് ശ്രീ. രവീന്ദ്രൻ സമർപ്പിച്ചു. പ്രസിദ്ധ മേള കലാകാരൻ ശ്രീ പെരുവനം കുട്ടൻ മാരാർ അടക്കം നിരവധി പേർ പങ്കെടുത്തു.

തിമില വാദ്യത്തിൽ ഇതിനകം നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും പെരുവനം തെക്കേ പിഷാരത്ത് ശ്രീ. കൃഷ്ണകുമാറിനെ തേടിയെത്തിയിട്ടുണ്ട്. ഭാര്യ ആറേശ്വരം പിഷാരത്ത് അംബിക. മക്കൾ ഐശ്വര്യ, അശ്വതി. മരുമകൻ വൈഭവ് (ചെറുകാട് പിഷാരം). പേരക്കുട്ടികൾ സാരംഗി, ദേവാംഗി.

പെരുവനം ശ്രീ. കൃഷ്ണകുമാറിന് സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ് സൈറ്റിന്റെയും അഭിനന്ദനങ്ങൾ.

# പിഷാരോടി സമാജം

**രജി. നമ്പർ 3/77**
**കാർത്ത്യായനി ടെമ്പിൾ റോഡ്,**
**ഉദയനഗർ, അയ്യന്തോൾ, തൃശൂർ-680003**

---

പ്രിയപ്പെട്ട അംഗങ്ങളെ,

പിഷാരോടി സമാജത്തിന്റെ 47-ാമത് വാർഷിക പൊതുയോഗം 2025 മെയ് 25, ഞായറാഴ്ച രാവിലെ 10 നു ഇരിഞ്ഞാലക്കുട ശാഖയുടെ ആഭിമുഖ്യത്തിൽ ഇരിഞ്ഞാലക്കുട ഡോ. കെ.എൻ. പിഷാരോടി നഗറിൽ (ഗായത്രി ഹാൾ, ചെറുമുക്ക് ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്ര സമീപം) വെച്ച് താഴെപ്പറയുന്ന വിഷയക്രമങ്ങളോടെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

വാർഷിക പൊതുയോഗത്തിലേക്ക് എല്ലാ അംഗങ്ങളുടെയും സാന്നിദ്ധ്യവും സജീവ പങ്കാളിത്തവും സാദരം ക്ഷണിച്ചു കൊള്ളുന്നു.


എന്ന്, കേന്ദ്രഭരണസമിതിക്ക് വേണ്ടി

| | | |
|---|---|---|
| തൃശൂർ | **ആർ.ഹരികൃഷ്ണ പിഷാരോടി** | **കെ.പി. ഗോപകുമാർ** |
| 27-04 -2025 | കേന്ദ്ര പ്രസിഡണ്ട് | ജന. സെക്രട്ടറി |

## കാര്യപരിപാടികൾ

| | | |
|---|---|---|
| 09:00 AM | : | പതാക ഉയർത്തൽ, രജിസ്ട്രേഷൻ |
| 09:30 AM | : | സോപാനസംഗീതം (രാജീവ് വാര്യർ ഇരിഞ്ഞാലക്കുട) |
| 10:00 AM | : | **പിഷാരോടി സമാജം കേന്ദ്ര വാർഷികം** |
| ഉദ്ഘാടനം | : | Hon. Justice ഹരിശങ്കർ വി. മേനോൻ |
| അദ്ധ്യക്ഷൻ | : | സമാജം കേന്ദ്ര പ്രസിഡണ്ട് |
| പ്രാർത്ഥന | | |
| അനുശോചനം | | |
| സ്വാഗതം | | |
| റിപ്പോർട്ട് | : | ജന സെക്രട്ടറി |
| കണക്ക് | : | ഖജാൻജി |
| തുളസീദളം റിപ്പോർട്ടും കണക്കവതരണവും | : | മാനേജർ, തുളസീദളം |
| ചർച്ച | | |
| അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ | | |
| കൃതജ്ഞത | | |
| 11:30 AM | : | PE&WS വാർഷികം |
| ഉദ്ഘാടനം | : | Col.(Hon) പ്രൊഫ. ഡോ. രാജേന്ദ്രകുമാർ ആനായത്ത് (OSD to Department of Higher Education Govt.of Hariyana) (മുൻ വൈസ് ചാൻസലർ DCRUST Hariyana) |
| റിപ്പോർട്ട് | : | സെക്രട്ടറി PE&WS |
| കണക്ക് | : | ഖജാൻജി PE&WS |

**(വാർഷികത്തിന്റെ ഭാഗമായുള്ള മറ്റു പരിപാടികളെക്കുറിച്ച് വിശദമായ നോട്ടീസ് പ്രത്യേകം സംഘാടക സമിതി പ്രസിദ്ധപ്പെടുത്തുന്നതാണ്.)**


Wishing you good health and happiness on your
50th WEDDING ANNIVERSARY on 25th May 2025
Arangottu Pisharathe
RAMAKRISHNAN
and Amayur Pisharathe
VIJAYLAKSHMI
Children - Rajiv and Ravi
Daughters in law - Manju and Suma
Grandchildren - Nitya, Rudved and Shreya

# സ്മരണാഞ്ജലികൾ





## കെ. ഗോവിന്ദ പിഷാരോടി

ചൊവ്വര കല്ലങ്കര പിഷാരം
ചരമം : 15/05/2007

## വി.പി. മാധവിക്കുട്ടി

വല്ലച്ചിറ പിഷാരം
ചരമം : 18/05/2019

പരേതരായ മകൻ വി.പി. സുകുമാരൻ, മരുമകൻ രാമചന്ദ്രൻ

ദു:ഖ സ്മരണകളോടെ....

മറ്റ് മക്കൾ

വി.പി. ഉഷ, വി.പി. മധു, വി.പി. ശശികുമാർ

മരുമക്കൾ

സുഭദ്ര, ലത, സുജാത

പേരക്കുട്ടികൾ

അർച്ചന ജയകൃഷ്ണൻ, ആതിര അരുൺ, നയന ശബരീഷ്, അഖിൽ, നിഖിൽ, ഗ്രീഷ്മ ഗോകുൽ, ഗായത്രി, ജാഹ്നവി, അർജുൻ, ദർശ് പിഷാരോടി, ഇഷാൻ ഗോകുൽ & നിഹാരിക

# 16-ാം ചരമവാർഷികം



## ആനായത്ത് പുത്തൻപിഷാരത്ത്

# രാമപിഷാരടി

## തിരുന്നാവായ

മരണം: 06 – 05 – 2009

സഹധർമ്മിണി:

പരേതയായ തിരുന്നാവായ കിഴക്കേപ്പാട്ട് പിഷാരത്ത് സത്യഭാമപിഷാരസ്യാർ

.....സ്നേഹസ്മരണകളോടെ.....

മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ



# സ്മരണാഞ്ജലികൾ

## 1-ാം ചരമവാർഷികം

24.05.2025

## കെ.പി. ഗോവിന്ദ പിഷാരോടി

### പുല്ലിശ്ശേരി കിഴക്കേ പിഷാരം

ഭാര്യ : ശുകപുരത്തു പിഷാരത്ത് ശോഭന പിഷാരസ്യാർ

മക്കൾ : ഡോ. ശ്രീലേഖ സതീഷ്കുമാർ
ശ്രീകല അനിൽകുമാർ, ശ്രീജ രാജേഷ്

മരുമക്കൾ : സതീഷ്കുമാർ കൈലാസപുരം പിഷാരം
അനിൽകുമാർ മുണ്ടങ്ങാമഠം പിഷാരം
രാജേഷ് ആനായത്ത് പിഷാരം

പേരക്കുട്ടികൾ : മാളവിക, മൈഥിലി, ശ്രീലക്ഷ്മി, ശിവ, ചിന്മയ്.





പിഷാരോടിമാരുടെ
പിഷാരോടി സമാജത്തിന്റെ
അക്ഷരനാവാണ്

**തുളസീദളം**

**വായിക്കുക**

**വരിക്കാരാവുക**

**പ്രചരിപ്പിക്കുക**

പരസ്യങ്ങൾ സംഘടിപ്പിച്ച് സഹകരിക്കുക.

# പിഷാരോടി സമാജം

# പ്രവർത്തന റിപ്പോർട്ട് 2024 – 25

**27.04.2025** ഞായറാഴ്ച ആസ്ഥാന മന്ദിരത്തിൽ നടന്ന പ്രതിനിധി സഭായോഗത്തിൽ അവതരിപ്പിച്ച 2024-25ലെ പ്രവർത്തന റിപ്പോർട്ട് അംഗങ്ങളുടെ ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

സാമാജികരുടെ കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി പിഷാരോടി സമാജം കൂടുതൽ ശോഭനമായി ഉന്നതങ്ങളിൽ നിൽക്കുന്നു എന്ന് പറയുവാൻ ഈ അവസരം വിനിയോഗിക്കട്ടെ. ഇതുവരെ ലഭിച്ച കണക്കുകൾ പ്രകാരം സമാജത്തിന് 5000ത്തിൽ പരം പേരുടെ അംഗത്വം ഉള്ളതായി അറിയുന്നു. ഈ കാലയളവിൽ 3 സംയുക്ത യോഗങ്ങളും 29.09.2024 വാർഷിക യോഗവും 4 ഓൺലൈൻ യോഗങ്ങളും കൂടുകയുണ്ടായി. 2023-24ലെ ഭരണ സമിതി തന്നെയാണ് ഈ വർഷവും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

പിഷാരോടി സമാജത്തിലെ എല്ലാ അംഗങ്ങളെയും ഒരേ നിലവാരത്തിൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ PEWS ന്റെ നേതൃത്വത്തിൽ ജ്യോതിർഗമയ, സ്വയംപര്യാപ്തത കൈവരിക്കുന്ന പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. പെൻഷൻ സ്കീം, വിദ്യാഭ്യാസ അവാർഡുകളും സ്കോളർഷിപ്പുകളും, സാന്ത്വനം, ഓണപ്പുടവ, ഇൻഷുറൻസ് സ്കീം എന്നീ പദ്ധതികൾ മുടക്കം കൂടാതെ നടത്തി വരുന്നു. ഇതിനു വേണ്ടി പ്രസിഡന്റും ജനറൽ സെക്രട്ടറിയും വിവിധ ശാഖാ യോഗങ്ങളിൽ പങ്കെടുത്തു പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. PEWSന്റെ കീഴിൽ നടത്തപ്പെട്ട പദ്ധതികൾ സൊസൈറ്റിയുടെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുണ്ട്.

മുഖപത്രമായ തുളസീദളം സമാജത്തിന്റെ ഒരു ഭാഗമാക്കിക്കൊണ്ടുള്ള തീരുമാനം ഈ വർഷം നടപ്പിലായി. നമുക്കിടയിലുള്ള കലാ സാഹിത്യ സാംസ്കാരിക മേഖലകളിൽ താല്പര്യമുള്ളവരെ നമുക്ക് പരിചയപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും ഏറെ നാളത്തെ ആഗ്രഹമായിരുന്ന തുളസീദളം അവാർഡ് ഈ വർഷം നടപ്പിലാക്കുന്നതിന് സാധിച്ചതിൽ അഭിമാനിക്കുന്നു. തുളസീദളം അവാർഡ് (ശ്രീ. കെ.പി. നാരായണപ്പിഷാരോടി സ്മാരക പ്രഥമ സാഹിത്യ പുരസ്കാരം) പ്രമുഖ സാഹിത്യകാരൻ ശ്രീ. സി. രാധാകൃഷ്ണന് നൽകി ആദരിച്ചത് സമാജത്തിന്റെ ഒരു നേട്ടമാണ്. ഇതേതുടർന്ന് നമ്മുടെ വിദ്യാഭ്യാസ അവാർഡ് വിതരണം, സ്കോളർഷിപ് വിതരണം, വാർഷിക ആഘോഷം തുടങ്ങിയ ചടങ്ങുകളും നടത്തപ്പെട്ടു. സർഗ്ഗ പ്രതിഭാ പുരസ്കാരം ശ്രീമതി രമ പ്രസന്ന പിഷാരോടിക്കും, നവമുകുളം പുരസ്കാരം മാസ്റ്റർ വിഷ്ണുദത്ത് ഹരികുമാറിനും നൽകി. പരിപാടികളിൽ പങ്കെടുത്ത സാഹിത്യകാരൻ ശ്രീ. സി. രാധാകൃഷ്ണൻ, സാഹിത്യ നിരൂപകൻ ശ്രീ. എസ്. കെ. വസന്തൻ, ശ്രീ. എം.പി. സുരേന്ദ്രൻ, കേരള സംഗീത നാടക അക്കാദമി ചെയർമാൻ പദ്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി എന്നിവരുടെ വാക്കുകൾ പിഷാരോടി സമാജത്തിന് അഭിമാനകരമായിരുന്നു. ഇതേതുടർന്ന് തുളസീദളം കലാ സാഹിത്യ സാംസ്കാരിക സമിതിക്ക് രൂപം നൽകുന്നതിനുള്ള അവസരവും ലഭിച്ചു. ആയതിന്റെ രെജിസ്ട്രേഷൻ കേരള സംഗീത നാടക അക്കാഡമിയിൽ നടത്തുവാൻ സാധിച്ചു. ഏറെ നാളത്തെ പരിശ്രമത്തിന്റെ ഫലമാണ് ഈ കലാസംഘടനാ 'തുളസീദളം കലാ സാഹിത്യ സാംസ്കാരിക സമിതി' - 16.04.2025ന് ശ്രീ.രമേശ് പിഷാരോടി ഉദ്ഘാടനം നിർവഹിച്ചു.

നമ്മുടെ അഭിമാന സ്തംഭമായി ഗുരുവായൂർ ഗസ്റ്റ് ഹൗസ് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുന്നു. കാലാനുസൃതമായ മാറ്റങ്ങൾ ഉൾകൊണ്ടും മുഖഛായ മാറ്റിയും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയും ഈ സ്ഥാപനം ലാഭത്തോടെ പ്രവർത്തിക്കുന്നു. 95% ബാധ്യതകളും തീർത്തതായി കണക്കുകൾ കാണിക്കുന്നു. നമ്മെ സഹായിച്ചവർക്ക് പ്രത്യുപകാരം ചെയ്യുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്.

ഈ ഭരണ സമിതി ചാർജ് എടുത്ത ശേഷം ശാഖകളുടെ പ്രവർത്തനം ഏകീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. തത്ഫലമായി ആദ്യമായി ശാഖകളുടെ കണക്കുകൾ ക്രോഡീകരിച്ചു IT Returns ഫയൽ

ചെയ്തിട്ടുണ്ട്. കഴക പ്രവൃത്തി നടത്തി ജീവിതം ഉപാസനയായി മാറ്റിയ നമ്മുടെ സ്വജനങ്ങളെ ആദരിക്കുന്ന പദ്ധതി ശാഖാ തലത്തിൽ നടത്തി വരുന്നു. ആദ്യമായി തൃശ്ശൂർ ശാഖാ 31 കഴകക്കാരെ പൊന്നാടയണിയിച്ച് ആദരിച്ചു. തുടർന്ന് ഗുരുവായൂർ ശാഖയും ഇതേരീതിയിൽ 20 കഴകക്കാരെ ആദരിച്ചു. കഴകക്കാർക്ക് വേണ്ടി ഒരു പെൻഷൻ സ്കീം നടപ്പിലാക്കുവാൻ ശ്രമിക്കുന്നു. സമാജത്തിന്റെ അനുബന്ധ ഘടകങ്ങളുടെ ബാങ്ക് അക്കൗണ്ടുകൾ നിയമനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട ഓപ്പറേഷൻ നടത്തി വരുന്നു. എല്ലാ ഘടകങ്ങളുടെയും റിപ്പോർട്ടുകളും കണക്കുകളും ചർച്ച ചെയ്ത് പാസ് ആക്കിയിട്ടുണ്ട്.

മേല്പറഞ്ഞ നേട്ടങ്ങളിൽ നമുക്ക് അഭിമാനിക്കാം; എന്നാൽ, ചില പോരായ്മകളും ശ്രദ്ധയിൽ കൊണ്ടുവരുന്നു. സമാജത്തിൽ 28 ശാഖകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ശാഖകളാണല്ലോ സമാജത്തിന്റെ അടിവേരുകൾ. ശാഖകളുടെ പ്രവർത്തനമാണ് സമാജത്തിന്റെയും പ്രവർത്തനം. വിവിധ ശാഖകളുടെ പ്രവർത്തനങ്ങളെ ഒന്ന് വിശകലനം ചെയ്യാം.

18 കേരള ശാഖകളിൽ ഭൂരിഭാഗവും നല്ലരീതിയിൽ പ്രവർത്തനങ്ങൾ തുടരുന്നു. കടുത്തുരുത്തി, കോഴിക്കോട്, കണ്ണൂർ എന്നീ ശാഖകളിൽ ഒരു പ്രവർത്തനവും നടക്കുന്നില്ല. മാസം തോറുമുള്ള യോഗങ്ങളോ വരിസംഖ്യാ പിരിവോ പോലും നടക്കുന്നില്ല. പലയിടത്തും പ്രവർത്തിച്ചിരുന്നവർക്ക് പല അസൗകര്യങ്ങളും വന്നതു മൂലവും പുതിയതായി ആരും മുന്നോട്ട് വരാത്തത് മൂലവുമാണ് ഈ അവസ്ഥ വന്നിട്ടുള്ളത്. പലപ്പോഴും ഇക്കാര്യത്തിൽ കേന്ദ്ര തലത്തിൽ ഇടപെടലുകൾ ഉണ്ടായെങ്കിലും ക്രിയാത്മകമായ ഒരു ഫലം വന്നിട്ടില്ല.

പ്രവർത്തിക്കുന്ന 15 ശാഖകളിൽ കഴിഞ്ഞ ഒരു വർഷത്തോളം നിർജ്ജീവമായി കിടന്നിരുന്ന മഞ്ചേരി ശാഖ ഇപ്പോൾ വീണ്ടും ഉണർന്ന് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, ചൊവ്വര, കൊടകര, ഇരിഞ്ഞാലക്കുട, തൃശൂർ, വടക്കാഞ്ചേരി, ഗുരുവായൂർ, ആലത്തൂർ, പാലക്കാട്, പട്ടാമ്പി, കോങ്ങാട്, മൂവാറ്റുപുഴ എന്നീ ശാഖകളിൽ നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. മാസം തോറുമുള്ള യോഗങ്ങൾ, വാർഷികം, പിക്നിക്, വയോജനങ്ങളെ ആദരിക്കൽ, കഴകക്കാരെ ആദരിക്കൽ, ചികിത്സാ സഹായങ്ങൾ നൽകൽ തുടങ്ങി എല്ലാ കാര്യങ്ങളും ഭൂരിഭാഗം ശാഖകളും നടപ്പാക്കിവരുന്നു. പ്രത്യേകിച്ച് തൃശൂർ ശാഖ വർഷം തോറും പൊതുജനങ്ങൾക്കായി നടത്തുന്ന മെഡിക്കൽ ക്യാമ്പ്, തൃശൂർ - ഇരിഞ്ഞാലക്കുട ശാഖ അഗതി മന്ദിരങ്ങൾക്ക് നൽകിയ സഹായങ്ങൾ എന്നിവ അഭിനന്ദനാർഹമാണ്. ഈ വർഷം വാർഷിക പൊതുയോഗം നടത്താൻ സ്വമേധയാ മുന്നോട്ട് വന്ന ഇരിഞ്ഞാലക്കുട ശാഖക്കും അഭിനന്ദനങ്ങൾ. തൃശൂർ, കോങ്ങാട്, പട്ടാമ്പി ശാഖകളിലെ പിണ്ഡമടിയന്തിര കർമ്മങ്ങളുടെ നടത്തിപ്പ് നല്ല രീതിയിൽ തന്നെ നടന്നു വരുന്നു.

8 കേരളേതര ശാഖകളിൽ പ്രവർത്തനമുള്ളത് 3 ശാഖകളിൽ മാത്രമാണ്. അതിൽ തന്നെ ബാംഗളൂർ ശാഖയുടെ പ്രവർത്തനങ്ങൾ കേന്ദ്രത്തിലേക്ക് അറിയിക്കുന്നുമില്ല. എന്നത്തേയും പോലെ കേരളേതര ശാഖകളിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ച വെക്കുന്നത് മുംബൈ ശാഖയാണ്. ചാരിറ്റി പ്രവർത്തനങ്ങൾക്ക് പുറമെ വർഷം തോറും ക്ഷേത്രകലകളെ പ്രോത്സാഹിപ്പിക്കുവാൻ അവസരമൊരുക്കുന്നുമുണ്ട്. 3 വിദേശ ശാഖകൾ ഉള്ളതിൽ UAE മാത്രമാണ് ഇപ്പോൾ നാമ മാത്രമായെങ്കിലും പ്രവർത്തിക്കുന്നത്. ഒമാൻ, കാനഡ ശാഖകളിൽ ചില സാങ്കേതിക പരിമിതികൾ മൂലം പ്രവർത്തനം നടക്കുന്നില്ല.

ഇത്തരം പോരായ്മകൾക്കുള്ള പരിഹാരം കേന്ദ്ര നേതൃത്വം കൊടുത്തിട്ടുണ്ട്. ശാഖകളാണ് അവ നടപ്പിലാക്കേണ്ടത്. ഗുരുവായൂർ ഗസ്റ്റ് ഹൗസിലുള്ള റെസ്റ്റോറന്റും എസി ഹാളും ഡൈനിങ്ങ് ഹാളും കരാർ കാലാവധിക്ക് മുമ്പേ ഒഴിയണമെന്ന് കാണിച്ച് നോട്ടീസ് കൊടുത്തിട്ടുണ്ട്. നമ്മുടെ ഇടയിലെ ചില ധാരണ പിശകുകളാണ് ഇതിന് കാരണമായിട്ടുള്ളത്. ഇത്തരം കാര്യങ്ങളെല്ലാം ചർച്ച ചെയ്ത് പരിഹരിച്ച് നമ്മുടെ സമാജം ഉത്തരോത്തരം ശോഭിക്കട്ടെ എന്ന് ഈ അവസരത്തിൽ പ്രാർത്ഥിക്കുന്നു.

അടുത്ത ചുമതലയേൽക്കുന്ന ഭരണസമിതി പൂർവാധികം ഭംഗിയായി നടത്തുവാൻ ശ്രമിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രസിഡന്റ്
**ആർ. ഹരികൃഷ്ണൻ**

സെക്രട്ടറി
**കെ.പി. ഗോപകുമാർ**

തൃശൂർ
21.04.2025

## PISHARODY SAMAJAM

### Receipt & Payments for the Period 01-04-2024 to 31-03-2025

| Last Year | | | Amt in Rupees | Last Year | | | Amt in Rupees |
|---|---|---|---|---|---|---|---|
| | 1) OPENING BALANCE | | 2,39,101 | 600 | 1) T A Paid | | 600 |
| 176 | a) Cash on Hand | 10 | | 24,000 | 2) Sapthaham Sponsorship | | - |
| | b) Balance in Bank | | | 2,953 | 3) Printing Charges | | - |
| 2,30,857 | Canara Bank | 2,39,091 | | 2,585 | 4) Misc Expenses | | 47,587 |
| 11,992 | Dhanalaxmi Bank | - | | 22,550 | 5) Meeting Expenses | | 64,180 |
| 7,500 | 2) Life Membership | | 3,510 | 5,900 | 6) Audit Fee Paid | | 15,900 |
| 150 | 3) Sale of Books | | 350 | | 7) Postage | | 165 |
| 13,30,000 | 4) FD with PP & TDT | | 9,30,000 | | 8) Bank Charges | | |
| 42,835 | 5) Yearly Subscription | | 49,805 | 2,006 | Canara Bank | | 1 |
| 12,000 | 6) Varshika Vihidham | | 6,000 | 24 | Dhanalakshmi Bank | | - |
| 500 | 7 Donation | | 1,300 | 10,000 | 9) Annual day Expenses | | - |
| - | 8 FD repayment from PP&TDT | | 4,00,000 | 13,30,000 | 10) FD in PP&TDT | | 9,30,000 |
| - | | | | | | | |
| | 9 Repayment of Tulasidalam Loan | | 25,000 | | 11) COSING BALANACE | | - |
| 9,670 | 10 Misc Receipts | | 11,260 | 10 | Cash on Hand | 3 | |
| 6,277 | 11 SB Interest | | 14,116 | | Balance with Bank | | |
| - | 12 Closure of Kshemanidhi A/c | | 11,738 | 2,39,091.00 | Canara Bank | 6,33,744 | |
| | | | | 12,238 | Dhanalakshmi Bank | 0.00 | 6,33,747 |
| | | - | | | | | |
| 16,51,956 | TOTAL | | 16,92,180 | 16,51,956 | TOTAL | | 16,92,180 |

Place : Thrissur
Date : 16-04-2025

Sd/-
Sreedharan R
Treasurer

Sd/-
Haridasan M.P.
Internal Auditor

PISHARODY SAMAJAM

H.O : Udayanagar Ayyanthole, Thrissur - 680 003

THULASEEDALAM

RECEIPT AND PAYMENT ACCOUNT FOR THE FINANCIAL YEAR 2024-2025 ( 01-04-2024 to 31-03-2025)

| 2023-2024 | RECEIPTS | 2024-2025 | 2023-2024 | PAYMENTS | 2024-2025 |
|---|---|---|---|---|---|
| Rs. | | Rs. | Rs. | | Rs. |
| | Opening Balance - 01-04-2024 | | | | |
| - | Cash on Hand | - | 1,26,651 | Honorarium paid to Office Staff | 1,26,651 |
| 3,13,998 | Cash at Bank | 4,92,887 | 7,90,000 | Printing Expenses | 7,62,300 |
| 3,13,998 | | 4,92,887 | 63,150 | Postage Stamps | 57,089 |
| | | | 26,298 | Stationery Expenses | 24,285 |
| 2,19,660 | Subscription received | 2,33,600 | 15,629 | Miscellaneous expenses | 11,918 |
| 48,000 | Tulaseedalam Sponsorship | 95,000 | 19,870 | Web Hosting / Maint Expenses | 16,685 |
| 19,000 | Long Term Advt. income | 41,700 | 800 | Travelling Expenses | 600 |
| 5,82,652 | Other Advertisement | 6,27,600 | 5,900 | Audit fee - Statutory | 5,900 |
| 35,700 | Matrimonial Incertion | 40,000 | 1,188 | Bank Charges | 8 |
| 27,900 | Income towards Web | 29,500 | | | |
| | Donation tow.Sahithya Puraskara Award | 11,111 | | Thulaseedalam Prathama Award | 79,785 |
| 525 | Miscellaneous Income | 1,750 | 3,13,533 | T.D.S. | 2,076 |
| 15,500 | Arrear Collected (Receivables) | 29,000 | - | Refund of Loan to Kendram | 25,000 |
| 10,800 | Receivables - Long Term Advt. | 36,000 | - | Penalty paid to RNI., N.Delhi | 19,000 |
| 63,326 | 50% Share from PEWS tow. Honorarium. | 63,000 | | | |
| 2,00,000 | Interest Free Deposit from PP&TDT | 5,50,000 | - | Building Maintenance (paid to PEWS) | 25,000 |
| 5,312 | S.B. Interest credit | 10,923 | - | | - |
| - | Interest on Fixed Deposit | 20,751 | | | |
| 3,13,533 | Pre-mature Withdrawl of FD | Nil | - | Fixed Deposit (Investments) | 12,42,175 |
| Nil | Maturity of Fixed Deposit | 3,42,175 | | | |
| 15,41,908 | | 21,32,110 | 13,63,019 | | 23,98,472 |
| | | | | Closing Balance as on 31.03.2025 | |
| | | | NIL | Cash on Hand | - |
| | | | 4,92,887 | Cash at Bank | 2,26,525 |
| | | | | | 2,26,525 |
| 18,55,906 | TOTAL | 26,24,997 | 18,55,906 | TOTAL | 26,24,997 |

Place : Thrissur
Dated : 16-04-2025

Sd/-
Raghunandanan RP
Manager

Sd/-
Haridasan M.P.
Internal Auditor

## PISHARODY EDUCATIONAL & WELFARE SOCIETY
## Receipt & Payments from 1-4-2024 to 31-3-2025

| RECEIPTS | | | | PAYMENTS | | | |
|---|---|---|---|---|---|---|---|
| 2023-24 | | | 2024-25 | 2023-24 | | | 2024-25 |
| | **Opening Balance as on 1.4.2024** | | | | | | |
| | Cash in Hand | 3,524 | | | **Payments** | | |
| | **Cash at Bank - Savings A/c** | | | | | | |
| | Canara Bank (G) no. 61605 | 1,14,822 | | 4,94,206 | PET 2000 - Pension | 5,09,860 | |
| | Canara Bank (P) no.62973 | 1,28,514 | | 55,000 | Sandwanam 2015 | 10,000 | |
| | Dhanalakshmi Bank no. 59109 | 84,783 | | 2,68,600 | Awards Scholarship | 2,77,400 | |
| | Ayyanthole SCB no.9935 | 38,870 | | 49,390 | Award Function | 1,14,866 | |
| | Kerala Gramin Bank. No.1052 | 56,741 | | 12,000 | Education - Kathakali Aaswadanam | | |
| 5,39,157 | | | 4,27,254 | 76,998 | Education - Jyotirgamaya 2023 | | |
| | **Fixed Deposits as on 1.4.2024** | | | 54,400 | Edu.Kathakali Class Teacher Pymnt | 72,800 | |
| | Canara Bank Staff Coop.Society | 11,81,250 | | 16,500 | Building - Grill on Compound wall | | |
| | Canara Bank | 25,25,000 | | 6,500 | Furniture - Purchased Teapoy | | |
| | Dhanalakshmi Bank | 17,89,000 | | 30,000 | Medical Assistance | 20,000 | |
| | Kerala Gramin Bank | 13,72,500 | | 6,134 | Printing & Stationery | 4,023 | |
| | Ayyanthole Service Coop Bank | 1,92,000 | | 660 | Postage Charges | 346 | |
| 63,02,750 | | | 70,59,750 | 30,981 | Electricity Charges | 25,930 | |
| | | | | 9,965 | Water Charges | 4,868 | |
| | **Receipts** | | | 2,086 | Bank Charges | 425 | |
| 500 | Admission Fees | 70 | | 15,787 | Travelling / Meeting Expense | 1,000 | |
| 5,500 | Subscription - Life Memb | 4,500 | | 8,260 | Audit Fees | 8,260 | |
| 47,932 | Subscription - Ordinary Memb | 58,368 | | 29,568 | Office Repairs & Maint/cleang | 2,15,825 | |
| 8,42,952 | PET 2000 - Pension | 6,48,501 | | 5,597 | Insurance Premium - Fire | 5,219 | |
| 25,005 | Santhvanam 2015 | 8,850 | | 26,040 | Insurance Prem- Personal Accident | 26,195 | |
| 3,29,150 | Awards & Scholarship | 1,70,750 | | 78,326 | Honorarium | 96,000 | |
| 7,000 | Edu. Donation - Jyotirgamaya | 25,000 | | 16,533 | Rates & Taxes | 14,644 | |
| 68,000 | Edu.-Kathakali Class Fees | 92,000 | | 27,722 | TDS deducted by Bank | 31,597 | |
| | Donation (For repairs & painting) | | | 23 | Internet Charges | 33 | |
| | PP & TDT - Rs.50,000/- | | | | | | |
| | Pisharody Samajam - Rs.25,000/- | | | 13,21,276 | | | 14,39,291 |
| | Thulaseedalam - Rs.25,000/- | 1,00,000 | | | | | |
| | Contribution (For Award Function/AGM) | | | | **Closing Balance as on 31.3.2025** | | |
| | Thulaseedalm - Rs.54,440/- | | | | Cash in Hand | 22,269 | |
| | Pisharody Samajam - Rs.20,000/- | 74,440 | | | **Cash at Bank - Savings A/c** | | |
| 10,000 | Medical Assistance | 25,000 | | | Canara Bank (G) no. 61605 | 3,41,473 | |
| 2,03,119 | Donation - Hall | 2,41,892 | | | Canara Bank (P) no.62973 | 1,70,230 | |
| 200 | Misc: Inc. - Chadangu book | 300 | | | Dhanalakshmi Bank no. 59109 | 86,336 | |
| - | Adv. Recd from Vallachira Trust | 34,138 | | | Ayyanthole SCB no.9935 | 33,181 | |
| | | | | 4,27,254 | Kerala Gramin Bank. No.1052 | 78,227 | 7,31,716 |
| 15,39,358 | | | 14,83,809 | | | | |
| | | | | | **Fixed Deposits as on 31.3.2025** | | |
| 4,09,161 | Interest Recd on Fixed Deposits | 4,61,462 | | | Canara Bank Staff Coop.Society | 11,81,250 | |
| 17,854 | Interest Recd in Savings Account | 19,982 | | | Canara Bank | 28,75,000 | |
| 4,27,015 | | | 4,81,444 | | Dhanalakshmi Bank | 17,99,000 | |
| | | | | | Kerala Gramin Bank | 13,72,500 | |
| | | | | 70,59,750 | Ayyanthole Service Coop Bank | 53,500 | 72,81,250 |
| **88,08,280** | | | **94,52,257** | **88,08,280** | | | **94,52,257** |

Sd/-
R.Harikrishna Pisharody
President

Sd/-
Dr.P.B.Ramkumar
Secretary

Sd/-
Rajan A. Pisharoti
Treasurer

Sd/-
M.P.Haridas
Int. Auditor


*With best compliments from :*

**P. KARUNAKARAN**

**Forging & Process Aids**

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

# ഹപിഷാരോടി പിൽഗ്രിമേജ് ആന്റ് ടൂറിസം ഡെവലപ്പ്മെന്റ് ട്രസ്റ്റിന്റെ 2024 – 25 വർഷത്തെ പ്രവർത്തന റിപ്പോർട്ട്

രജി. നമ്പ്ര് : 6/8/2022/IV

ബഹുമാന്യരായ സമുദായാംഗങ്ങളെ,

2002 ഡിസംബർ 9ന് തൃശൂർ ആസ്ഥാനമായി സർവശ്രീ ടി. ഭരതപിഷാരോടി, ശ്രീ. എ.പി. വാസുദേവൻ, ശ്രീ. കെ.പി. ബാലകൃഷ്ണൻ, കെ. അച്യുതപിഷാരോടി എന്നീ മഹത് വ്യക്തിത്വങ്ങളുടെ നേതൃത്വത്തിൽ രൂപം കൊണ്ടതാണ് പിഷാരോടി പിൽഗ്രിമേജ് ആന്റ ടൂറിസം ഡെവലപ്പ്മെന്റ് ട്രസ്റ്റ്.

ഈ ട്രസ്റ്റിന്റെ പ്രഥമ സംരംഭമായി 2003 ആഗസ്റ്റ് മാസത്തിൽ പ്രാരംഭ പ്രവർത്തന നടപടികൾ തുടങ്ങിയ നമ്മുടെ അഭിമാനസ്തംഭമായ പിഷാരോടി സമാജം ഗസ്റ്റ് ഹൗസ് ഇരുപത്തി രണ്ടാം വർഷത്തിലേക്ക് പ്രയാണം തുടങ്ങിയിരിക്കുന്നു. ദീർഘവീക്ഷുക്കളായ ആ പ്രബുദ്ധരെ സ്മരിച്ചു കൊണ്ട് ഗസ്റ്റ് ഹൗസിന്റെ ഈ സാമ്പത്തിക വർഷത്തെ (2024-2025) പ്രവർത്തന റിപ്പോർട്ട് പൊതുയോഗത്തിന്റെ അറിവിനും അംഗീകാരത്തിനുമായി സവിനയം നിങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു

കഴിഞ്ഞ സാമ്പത്തിക വർഷത്തെപ്പോലെ തന്നെ ഈ സാമ്പത്തിക വർഷവും താര തമ്യേന മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

ഗസ്റ്റ് ഹൗസിന്റെ തുടക്കം മുതൽ ഇന്നുവരെയുള്ള എല്ലാ ഭാരവാഹികളെയും നിക്ഷേപകരെയും സ്പോൺസർമാരെയും ട്രസ്റ്റ് അംഗങ്ങളെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. കൂടാതെ ഗസ്റ്റ് ഹൗസിന്റെ പ്രവർത്തനമികവിന് ഊർജ്ജം പകർന്ന കഴിഞ്ഞ ഭരണസമിതി പ്രസിഡന്റ് ശ്രീരാമചന്ദ്രപിഷാരോടി, സെക്രട്ടറി ശ്രീ രാധാ കൃഷ്ണൻ ഇരിങ്ങാലക്കുട എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

2017 ട്രസ്റ്റി അംഗങ്ങളുള്ള നമ്മുടെ ഗസ്റ്റ് ഹൗസ് 50000 രൂപ വീതം തന്ന് പില്ലറുകൾ സ്പോൺസർ ചെയ്ത 10 പേരും. 1 ലക്ഷം രൂപ വീതം തന്ന് സാധാരണ മുറികൾ സ്പോൺസർ ചെയ്ത 30 പേരും, 2 ലക്ഷം രൂപ വീതം തന്ന് അര റൂമുകൾ സ്പോൺസർ ചെയ്ത 3 പേരും, വിവിധ നിക്ഷേപങ്ങൾ OYR സ്കീമിലേക്ക് മാറ്റിയവരും (141 പേർ പതി നായിരം രൂപയുടേയും 54 പേർ 50000 രൂപയുടേയും) കൂടാതെ ഏതാണ്ട് ഒരു കോടി അറു പത് ലക്ഷം രൂപ നിക്ഷേപമായി തന്ന് നമ്മളോട് സഹകരിച്ച നമ്മുടെ വിലമതിക്കാനാകാത്ത സാമാജികരും, വിശിഷ്യ ഏതാണ്ട് പതിമൂന്നു ലക്ഷത്തി എൺപതിനായിരം രൂപയോളം നമ്മുടെ ദേവധേയം ഓഡിറ്റോറിയത്തിനു വേണ്ടി നിറഞ്ഞ മനസ്സോടെ നമുക്ക് നൽകി നമ്മോട് സഹകരിച്ച ശ്രീ മോഹനകൃഷ്ണൻ (രേഖ മോഹൻ ഫൗണ്ടേഷൻ), ഓഡിറ്റോറിയത്തിൽ സൗജന്യമായി ഒരു സ്റ്റേജ് നിർമ്മിച്ച് നൽകിയ ശ്രീരാമചന്ദ്ര പിഷാരോടി, മുഴുവൻ പിഷാരോടി സമാജം ശാഖകൾ ഇവരോടൊക്കെ ഈ ഭരണസമിതിയും കടപ്പെട്ടിരിക്കുന്നു.

നമ്മുടെ അഭിമാനസ്ഥംഭമായ ഗസ്റ്റ് ഹൗസ് പതിനാല് അര മുറികളും പതിനഞ്ച് Non അര മുറികളും ഒരു ഡോർമെറ്ററി റൂമും ചെറിയ ഒരു ഓഡിറ്റോറിയവും. അതിനോട് ചേർന്ന് ഒരു കോഫി ഷോപ്പും ചേർന്ന് ഒരു ഒന്നാം കിട സ്ഥാപനമാണ്.

ഒരു മാനേജർ, ഒരു അക്കൗണ്ടന്റ മൂന്ന് ഫ്രണ്ട് ഓഫീസ് ജീവനക്കാർ, രണ്ട് ക്ലീനിംഗ് ജീവനക്കാർ, രണ്ട് റൂം ബോയ് എന്നിവർ ചേർന്ന് മൊത്തം ഒൻപതു ജീവനക്കാരുണ്ട്. ഇവരുടെ നിസ്വാർത്ഥമായ സേവനം നമുക്ക് മുതൽക്കൂട്ടാണ്.

ശ്രീ ഗുരുവായൂരപ്പന്റെ അനുഗ്രഹം കൊണ്ട് വളരെ നന്നായി തന്നെ നമ്മുടെ സ്ഥാപനം മുന്നോട്ട് പോകുന്നു.

2023 മെയ് മാസത്തിൽ പുതിയ ഭരണസമിതി നിലവിൽ വന്നു.

പ്രസിഡന്റ് - ശ്രീ. ഹരികൃഷ്ണപിഷാരോടി
വൈസ് പ്രസിഡന്റ് - ശ്രീ. വേണുഗോപാൽ
സെക്രട്ടറി - ശ്രീ. രവി കെ.പി.
ജോയിന്റ് സെക്രട്ടറി - ശ്രീ.മോഹന പിഷാരോടി
ഖജാൻജി - ശ്രീ.എ.പി.ഗോപി

കമ്മിറ്റി അംഗങ്ങൾ

മുൻ പ്രസിഡന്റ് - ശ്രീ. രാമചന്ദ്രപിഷാരോടി
സമാജം സെക്രട്ടറി - ശ്രീ. ഗോപകുമാർ

PEWS സെക്രട്ടറി – ശ്രീ. രാംകുമാർ
ശ്രീ. ഡോ. വി.എം. വാസുദേവൻ
ശ്രീ. ഉണ്ണികൃഷ്ണൻ ഗുരുവായൂർ
ശ്രീ. രാധാകൃഷ്ണൻ എറണാകുളം
ശ്രീ സന്തോഷ് കുമാർ എറണാകുളം എന്നിവരാണ് ഭരണസമിതി.

മോഹൻദാസ് അസോസിയേറ്റ്സ് തൃശൂർ ഓഡിറ്ററും ഹരിദാസ് പിഷാരോടി കോങ്ങാട് ഇന്റേണൽ ഓഡിറ്ററും ആണ്.

എല്ലാ മൂന്നുമാസം കൂടുമ്പോഴും ഇന്റേണൽ ഓഡിറ്റർ ഗസ്റ്റ് ഹൗസിൽ വന്ന് അക്കൗണ്ടുകൾ പരിശോധിച്ച് ബോദ്ധ്യപ്പെടുന്നുണ്ട്.

ഗസ്റ്റ് ഹൗസിൽ ഈ സാമ്പത്തിക വർഷത്തെ ആകെ വരുമാനം അൻപത്തിയെട്ടു ലക്ഷത്തി എൻപത്തേഴായിരത്തി നാനൂറ്റി ഇരുപത്തിയെട്ടു രൂപയും (5887428) കൂടാതെ ഹോട്ടൽ വാടക ഇനത്തിൽ കിട്ടാനുള്ള തുകയും ചേർത്ത് (6402446) അറുപത്തിനാലു ലക്ഷത്തി രണ്ടായിരത്തി നാനൂറ്റി നാൽപത്തിയാറ് രൂപയാണ്. ഇത് കഴിഞ്ഞ വർഷത്തെ വരുമാനത്തേക്കാൾ ഒൻപത് ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി ഇരുനൂറ്റി അമ്പത്തിരണ്ട് (9392523) രൂപ കൂടുതൽ ആണ്.

ഈ സാമ്പത്തിക വർഷവും നമുക്ക് ഏതാണ്ട് ഇരുപത്തി ആറ് ലക്ഷം രൂപ പ്രവർത്തന ലാഭം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട് എന്ന സന്തോഷവും ഈ ഭരണസമിതി നിങ്ങളെ അറിയിക്കുവാൻ ഈ അവസരം ഉപയോഗിക്കട്ടെ.

ഈ വർഷം നമ്മുടെ സമുദായത്തിലുള്ള മുന്നൂറ്റി അറുപത്തിനാല് (364) കുടുംബങ്ങൾ നമ്മുടെ ഗസ്റ്റ് ഹൗസിൽ വന്ന് താമസിച്ചിട്ടുണ്ട്. ഇതും മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ ആണ്.

അതുപോലെ ഗസ്റ്റ് ഹൗസിൽ റൂമുകൾ സ്പോൺസർ ചെയ്തവരുടെ കുടുംബാംഗങ്ങൾ ഇരുപത്തി മൂന്ന് (23) റൂമുകൾ പ്രയോജനപ്പെടുത്തി.

OYR സ്കീമിൽ ചേർന്നിട്ടുള്ളവ (42) പേർ മുറികൾ സൗജന്യമായി ഉപയോഗിച്ചിട്ടുണ്ട്.

പുതിയ സംവിധാനപ്രകാരം ശാഖകൾക്ക് അഞ്ച് എ.സി മുറികൾ സൗജന്യമായി ലഭിക്കുന്നത് ആറ് ശാഖകൾ ഭാഗികമായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

പുതിയ സാമ്പത്തിക വർഷത്തിൽ ഇതിലും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാനാകുമെന്ന് നമുക്കുറപ്പുണ്ട്.

ഈ സാമ്പത്തിക വർഷത്തിൽ ഗസ്റ്റ് ഹൗസ് മോടി പിടിപ്പിക്കുന്നതിനായി കൂടുതൽ തുക ചിലവഴിച്ചിട്ടുണ്ട്. എല്ലാ മുറികളിലേയും ടോയ്‌ലറ്റുകൾ പുതുക്കിപ്പണിതിട്ടുണ്ട്.

കൂടാതെ ഫ്രണ്ട് ഓഫീസിൽ പുതിയ ഇരിപ്പിടങ്ങൾ ഒരുക്കിയിട്ടുണ്ട്.

സമയബന്ധിതമായി പുതുക്കേണ്ട എല്ലാ ലൈസൻസുകളും പുതുക്കുകയും വേണ്ട തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു

സ്ഥിരനിക്ഷേപം നൽകി സഹകരിച്ചിരുന്നവരുടെ മുഴുവൻ അപേക്ഷകളും പരിഗണിച്ച് നിക്ഷേപിച്ച തുക തിരിച്ച് നൽകിയിട്ടുണ്ട്.

**തുടർ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ:**

1. ഗസ്റ്റ് ഹൗസ് ലാഭകരമായി പ്രവർത്തിച്ചു തുടങ്ങിയതിനാൽ മിച്ചം വരുന്ന തുക സാമാജികർക്ക് ഉപകാരപ്രദമായി എങ്ങനെ വിനിയോഗിക്കാം എന്നതിനെക്കുറിച്ച് സമഗ്രപഠനം നടത്തണം.

2. നിക്ഷേപം തന്ന് സഹകരിച്ചവർക്ക് സമാശ്വാസമായി നിയമാനുസൃതം നൽകാവുന്ന ആനുകൂല്യങ്ങൾ നൽകുവാൻ തക്കവിധം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

3. ഗസ്റ്റ് ഹൗസ് ലാഭകരമായി പോകുന്നതിനാൽ അതിന്റെ ഒരു സഹോദരസ്ഥാപനം നിർമ്മിക്കുവാൻ പുതിയ ഒരു പദ്ധതിയെപ്പറ്റി ആലോചിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

മുകളിൽ സൂചിപ്പിച്ച വിഷയങ്ങൾ ഗൗരവമായി കണക്കാക്കി നടപടികൾ സ്വീകരിക്കുവാൻ ഈ ഭരണസമിതി നിർദ്ദേശിക്കുന്നു.

ഈ വിജയം നമ്മുടെ കൂട്ടായ്മയുടേതാണ്.

എല്ലാവരുടെയും സഹകരണത്തിനും ഭരണസമിതിയുടെ പേരിൽ നന്ദി അറിയിക്കുവാൻ ഈ അവസരം വിനിയോഗിക്കട്ടെ. തിരുവനന്തപുരം ശാഖ ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് തെരുവു വീഥികളിൽ ഗസ്റ്റ് ഹൗസിന്റെ പേരിൽ ആശംസകൾ അറിയിച്ചുകൊണ്ടുള്ള കമാനം വച്ചിരുന്നത് ഏറെ സന്തോഷത്തോടെ നിങ്ങളെ അറിയിക്കട്ടെ സമർപ്പണമനോഭാവത്തോടെ ചെയ്യുന്ന ഇത്തരം പ്രചോദനങ്ങൾക്ക് നന്ദി. വീണ്ടും നിങ്ങളുടെ ഓരോരുത്തരുടേയും സഹകരണം അഭ്യർത്ഥിച്ചു കൊണ്ട് ഈ റിപ്പോർട്ട് നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.

പ്രസിഡണ്ട്: **ഹരികൃഷ്ണപിഷാരോടി**

സെക്രട്ടറി: **രവി കെപി.**

ട്രഷറർ: **എ.പി. ഗോപി**

**PISHARODY PILGRIMAGE & TOURISM DEVELOPMENT TRUST**

Reg No. : 6/8/2022/IV

## Receipts and Payments Account for the period April 2024 to March 2025

| Receipts | | | Payments | | |
|---|---|---|---|---|---|
| **Opening Balance** | | **581429.12** | **Current Liabilities** | | **2838446.00** |
| Bank Accounts | 574531.12 | | *Fixed Deposit(Time Share)* | 1610900.00 | |
| Cash-in-Hand | 6898.00 | | *Room Rent Advance* | 686600.00 | |
| **Current Liabilities** | | **1858395.64** | Duties & Taxes | 540946.00 | |
| *Hari Krishna Pisharody* | 150000.00 | | **Fixed Assets** | | **204231.27** |
| *Room Rent Advance* | 750404.00 | | *Fixed Asset* | 204231.27 | |
| Duties & Taxes | 706491.64 | | **Current Assets** | | **182094.70** |
| Sundry Creditors | 251500.00 | | *INPUT CGST* | 85512.35 | |
| **Current Assets** | | **11000.00** | *INPUT IGST* | 1070.00 | |
| *Labour Advance* | 11000.00 | | *INPUT SGST* | 85512.35 | |
| | | | *Labour Advance* | 10000.00 | |
| **Sales Accounts** | | **5887428.37** | **Indirect Expenses** | | **4436661.48** |
| *Coffee Shop Rent* | 499982.28 | | *Allowance* | 135870.00 | |
| *Room Rent* | 5387446.09 | | *Audit Fee Paid* | 11800.00 | |
| **Indirect Incomes** | | **15783.00** | *Bank Charges* | 4741.14 | |
| *INTEREST RECEIVED A* | 15783.00 | | *Building Maintanance & Rep* | 846514.31 | |
| **Indirect Expenses** | | **343.31** | *Building Tax* | 123165.00 | |
| *Donation* | 334.00 | | *Business Promotion* | 95300.00 | |
| *Round Off* | 9.31 | | *Cable Tv Charge* | 24634.48 | |
| | | | *Computer Maintanance* | 9903.00 | |
| | | | *Discount* | 4848.00 | |
| | | | *Donation* | 13000.00 | |
| | | | *Drinking Water* | 50745.00 | |
| | | | *Electric Charges* | 484607.00 | |
| | | | *Electric Repair & Maintanace* | 131343.60 | |
| | | | *Fee for Gst Return Service* | 44352.00 | |
| | | | *Genarator Maintanace & Fue* | 64637.00 | |
| | | | *Gst Consulting Fee* | 16992.00 | |
| | | | *House Keeping* | 351263.40 | |
| | | | *Income Tax Paid* | 550000.00 | |
| | | | *KWA Water* | 3110.00 | |
| | | | *Meeting Expenses* | 101231.00 | |
| | | | *Newspaper* | 6820.00 | |
| | | | *Office Expenses* | 28179.00 | |
| | | | *Packing Charge* | 232.00 | |
| | | | *PEWS THRISSUR* | 50000.00 | |
| | | | *Postage* | 941.00 | |
| | | | *Printing and Stationery* | 25775.00 | |
| | | | *Round Off* | 3.55 | |
| | | | *Salary to Manager* | 207000.00 | |
| | | | *Tanker Water* | 45000.00 | |
| | | | *Telephone Charge* | 3844.00 | |
| | | | *Travalling Expense* | 47030.00 | |
| | | | Honororium | 953780.00 | |
| | | | **Direct Expense** | | **8400.00** |
| | | | *Insurance* | 5900.00 | |
| | | | *Municipality Pro Tax* | 2500.00 | |
| | | | **Closing Balance** | | **684545.99** |
| | | | Bank Accounts | 663681.99 | |
| | | | Cash-in-Hand | 20864.00 | |
| **Total** | | **8354379.44** | **Total** | | **8354379.44** |

# വൈവാഹികം

| | | | | | |
|---|---|---|---|---|---|
| | ശിച | ഭൃ | | കു | |
| | ര | കുഗു മ | | | |
| ബു | ഭൃബു | ഗ്രഹനില അകത്ത് | | സ | ല |
| | ശി | അംശകം പുറത്ത് | | | ഗു |
| | | ലച മാ | | | |
| | | | രമ | മാസ | |

Proposals are invited from parents of Pisharody Boys for a Pisharody Girl, 25 years, Height 159 cms, M.Sc. Chemistry, currently working in an Electronic Company in Coimbatore. Interested parents may please contact:

**Contact: 9633156474 / 9447174156**

ജനനം: മാർച്ച് 26, 2000, 9:58 PM തൃക്കേട്ട നക്ഷത്രം. ഗർഭശിഷ്ടം: രണ്ടു വർഷം, രണ്ടുമാസം, പതിനെട്ടു ദിവസം ബുധദശ.

| | | | | | |
|---|---|---|---|---|---|
| | | | ചശി | കുഗു | |
| | മ | ച | | | |
| ഭൃമ | ശി | ഗ്രഹനില അകത്ത് | | | |
| ര | ഗു | അംശകം പുറത്ത് | | സബു | ല ബു |
| മാ | | | കുഭൃ മാ | ലര | |
| | | സ | | | |

Proposals are invited from parents of Pisharody girls for a Pisharody Boy, aged 27, Height 172 cm, B.Tech, currently working as Senior System Engineer in a reputed IT MNC. Interested parents may contact us at:

**Contact: 9447943116 / 9446833376**

1173 കന്നിമാസം 3 നു, 1997 സെപ്തംബർ 19, വെള്ളിയാഴ്ച രാവിലെ 7 മണി 43 മിനുറ്റിന് അശ്വതി നക്ഷത്രം, രണ്ടാം പാദത്തിൽ പുരുഷജനനം. ഗർഭശിഷ്ടം: 4-5-13-42 കേതുദശാ.

# സൗമ്യ ബാലഗോപാലിന് അമൃതം ഗോപിനാഥ് ലിവിംഗ് ലെജൻഡ് സമ്മാൻ

**03-04-2025**ന് എറണാകുളം ഫൈൻ ആർട്സ് സൊസൈറ്റി ഹാളിൽ നടന്ന AIDA (ഓൾ ഇന്ത്യ ഡാൻസർ അസോസിയേഷൻ) കൊച്ചി ഫെസ്റ്റ് 2025 ൽ ശ്രീമതി സൗമ്യ ബാലഗോപാലിന് അമൃതം ഗോപിനാഥ് ലിവിംഗ് ലെജൻഡ് സമ്മാൻ സമ്മാനിച്ചു.

പ്രശസ്ത ചലച്ചിത്ര സംവിധായകൻ ശ്രീ. പ്രജേഷ് സെന്നാണ് പുരസ്കാരം സമ്മാനിച്ചത്. രതീഷ് ബാബു, എ.ഐ.ഡി.എ ഡയറക്ടർമാരായ സന്ധ്യ മനോജ് എന്നിവരും സന്നിഹിതരായിരുന്നു.



# ശാഖാവാർത്തകൾ

## എറണാകുളം

ശാഖയുടെ 2025 മാർച്ച് മാസ യോഗം 09-03-2025 നു 3 PMനു മട്ടാഞ്ചേരിയുള്ള ശ്രീ. ടി. പി. പ്രഭാകര പിഷാരോടിയുടെ വസതിയിൽ വെച്ച് നടന്നു. ഗൃഹനാഥ ശ്രീമതി ഉഷ പ്രഭാകരൻ ഭദ്രദീപം കൊളുത്തി. കുമാരി പാർവ്വണയുടെ ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. നമ്മുടെ ശാഖ അംഗമായ സീനിയർ അഡ്വക്കേറ്റ് കെ. ജയകുമാറിന്റെ സഹോദരി പഴയന്നൂർ വടക്കൂട്ട് പിഷാരത്ത് രേണുക കരുണാകരൻ, കൂടാതെ കഴിഞ്ഞ കാലയളവിൽ സമുദായത്തിൽ നമ്മെ വിട്ടു പോയവർ എന്നിവരെ സ്മരിച്ചുകൊണ്ട് ഒരു നിമിഷം മൗനപ്രാർത്ഥന നടത്തി.

ശ്രീമതി ഉഷാ നാരായണന്റെ നാരായണീയ പാരായണത്തെ തുടർന്ന്, ഗൃഹനാഥൻ ശ്രീ. ടി.പി. പ്രഭാകരപിഷാരോടി എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. പ്രസിഡണ്ട് ശ്രീ. ദിനേശ് പിഷാരോടി അദ്ധ്യക്ഷ പ്രസംഗത്തിൽ വനിതാദിന ആശംസകൾ നേർന്നു. മൗണ്ട് എവറസ്റ്റ് കീഴടക്കിയ വനിത വരെ നമ്മുടെ പിഷാരോടി സമുദായത്തിൽ ഉണ്ട്, എന്നുള്ളത് ഏറെ അഭിമാനകരമെന്ന് അഭിപ്രായപ്പെട്ടു. സെക്രട്ടറി ശ്രീ. സന്തോഷ് കുമാർ ഫെബ്രുവരി മാസ റിപ്പോർട്ട് വായിച്ചു പാസാക്കി. ഖജാൻജി ശ്രീ. എം.ഡി. രാധാകൃഷ്ണൻ വരിസംഖ്യ കഴിവതും വേഗം നൽകണമെന്ന് ഏവരെയും ഒരിക്കൽകൂടി ഓർമ്മിപ്പിച്ചു.

ഗൃഹനാഥൻ ഏവർക്കും തന്റെ കുടുംബത്തെ പരിചയപ്പെടുത്തി. വരുന്ന ആഴ്ചയിൽ തൃപ്പൂണിത്തുറ ഭാഗത്തു ഗൃഹസന്ദർശനം നടത്താൻ തീരുമാനിച്ചു. എത്രയും പെട്ടെന്ന് തന്നെ ശാഖ വാർഷികത്തിന് ഹാൾ ബുക്ക് ചെയ്യാൻ തീരുമാനിച്ചു. കൂടാതെ കേന്ദ്ര വാർഷികത്തിൽ പങ്കെടുക്കുന്നതിനായി ശാഖയിൽ നിന്നും ഒരു വാഹനം ഒരുക്കുന്നത് നല്ലതായിരിക്കുമെന്നു പലരും അഭിപ്രായപ്പെട്ടു. ഒപ്പം കേന്ദ്ര വാർഷികത്തിൽ എന്തെങ്കിലും ഒരു പ്രോഗ്രാം ശാഖയുടേതായി അവതരിപ്പിക്കാൻ താല്പര്യമുള്ളവർ ഉണ്ടെങ്കിൽ അറിയിക്കാൻ പറഞ്ഞു. കഴിഞ്ഞ രണ്ടു മാസങ്ങളായി ശാഖ യോഗങ്ങൾ ദൂരസ്ഥലങ്ങളിൽ ആയതിനാൽ, വാഹന സൗകര്യം ഏർപ്പെടുത്തിയിരുന്നു. അതിനെക്കുറിച്ചു നടന്ന ചർച്ചയിൽ, ഇത്തരം സന്ദർഭങ്ങളിൽ ശാഖയിൽ നിന്നും യാത്ര ചിലവിന്റെ പകുതി എടുക്കാമെന്ന് യോഗത്തിൽ ഏവരും ഐക്യകണ്ഠേന അഭിപ്രായപ്പെട്ടു. കുമാരി പാർവ്വണയുടെ ഗീത പാരായണം നടന്നു. തുടർന്ന് നടന്ന ക്ഷേമനിധി നടത്തി. ശ്രീ. ബാലചന്ദ്രന്റെ കൃതജ്ഞതയ്ക്കു ശേഷം, ഗ്രൂപ്പ് ഫോട്ടോയോടുകൂടി യോഗം പര്യവസാനിച്ചു.

* * * * * * * * * * * * * * * * * *

ശാഖയുടെ 2025 ഏപ്രിൽ മാസയോഗം 13-04-2025നു 8 PMന് ഓൺലൈൻ ആയി നടന്നു. സെക്രട്ടറി ഏവരെയും സ്വാഗതം ചെയ്തു. കഴിഞ്ഞ മാസം നിര്യാതനായ ശാഖ അംഗം കുറുവട്ടൂർ പിഷാരത്ത് കൃഷ്ണൻകുട്ടിക്കും, സമുദായത്തിൽ നിര്യാതരായവർക്കും മറ്റുള്ളവർക്കും അനുശോചനം രേഖപ്പെടുത്തി.

പ്രസിഡണ്ട് ശ്രീ. ദിനേശ് പിഷാരോടി അദ്ധ്യക്ഷത വഹിച്ചു. ഏപ്രിൽ 16 നു നടക്കുന്ന തുളസീദളം കലാ സാംസ്കാരിക സമിതിയുടെ പ്രവർത്തനോദ്ഘാടനത്തെക്കുറിച്ചു സംസാരിച്ചു. ശാഖ അംഗവും പ്രശസ്ത സിനിമ ആർട്ടിസ്റ്റുമായ ശ്രീ. രമേശ് പിഷാരോടി ഉദ്ഘാടനം നിർവ്വഹിക്കുന്ന പരിപാടിയിൽ ശാഖയിൽ നിന്നും പരമാവധി കലാകാരന്മാർ പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചു. ശാഖയിൽ നിന്നും ഏകദേശം 45 - ഓളം കലാകാരന്മാരുടെ ലിസ്റ്റ് തയ്യാറാക്കി ശ്രീ. കെ.പി. ഹരികൃഷ്ണന് കൈമാറിയിട്ടുണ്ട്. തുടർന്ന് സെക്രട്ടറി മാർച്ച് മാസത്തെ റിപ്പോർട്ട് വായിച്ചു പാസ്സാക്കി. ശാഖ വാർഷികം മെയ് 11 ഞായറാഴ്ച ചേരാനെല്ലൂർ NSS കരയോഗം ഹാളിൽ വെച്ച് രാവിലെ 10 മണി മുതൽ സമുചിതമായി ആഘോഷിക്കുന്ന വിവരം ഏവരെയും അറിയിച്ചു. എല്ലാ അംഗങ്ങളും കുടുംബസമേതം ഈ വാർഷിക കുടുംബസംഗമത്തിൽ പങ്കുചേർന്ന് വിജയിപ്പിക്കണമെന്ന് പറഞ്ഞു.

ഇരിങ്ങാലക്കുടയിൽ വെച്ച് മെയ് 25 നു നടക്കുന്ന കേന്ദ്ര വാർഷികത്തിൽ പങ്കെടുക്കുന്നതിനായി ശാഖയിൽ നിന്നും ഒരു വാഹനം ക്രമീകരിക്കാമെന്നും, കൂടാതെ ശാഖയ്ക്ക് കലാപരിപാടികൾ അവതരിപ്പിക്കാൻ അനുവദിച്ചിരിക്കുന്ന 30 മിനിറ്റ് സമയത്തിൽ എന്തെങ്കിലും പരിപാടി അവതരിപ്പിക്കാൻ അംഗങ്ങൾ ആരെങ്കിലും മുന്നോട്ടു വരണമെന്ന് താല്പര്യപ്പെട്ടു.

ക്ഷേമനിധി നറുക്കെടുത്തതിന് ശേഷം കമ്മിറ്റി അംഗം ശ്രീ. ജി. രഘുനാഥിന്റെ നന്ദി പ്രകടനത്തോടെ യോഗം പര്യവസാനിച്ചു.

## ഗുരുവായൂർ

ശാഖയുടെ 2024-25ലെ വാർഷിക പൊതുയോഗം കേന്ദ്ര പ്രസിഡണ്ട് ശ്രീ. ആർ. ഹരികൃഷ്ണ പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ 27-03-25നു 11 AMനു ഗുരുവായൂർ ഗസ്റ്റ് ഹൌസിൽ വെച്ച് കൂടി. ശാഖാ സെക്രട്ടറി ശ്രീ. എം.പി. രവീന്ദ്രൻ സ്വാഗതം പറഞ്ഞു. കുമാരിമാർ സമീര, സഞ്ജന പ്രാർത്ഥനയോടെ ഭദ്രദീപം കൊളുത്തി യോഗം സമാരംഭിച്ചു. തുടർന്ന് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ അന്തരിച്ച അംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തി.

അദ്ധ്യക്ഷ ഭാഷണത്തിൽ കേന്ദ്ര പ്രസിഡണ്ട് സമാജ പ്രവർത്തനങ്ങൾ എപ്രകാരമാവണമെന്നും അതിന് സമാജാംഗങ്ങളുടെ കൂട്ടായ സഹകരണം വേണമെന്നും ഊന്നിപ്പറഞ്ഞു. പൊതുവെ സമാജ യോഗങ്ങളിലെ ഹാജർ നില കുറയുന്ന പ്രവണതക്ക് ഒരു മാറ്റം ആവശ്യമാണെന്നും കഴകരംഗത്ത് പുതുതായി ഉരുത്തിരിഞ്ഞ പ്രശ്നങ്ങളെപ്പറ്റിയും കേന്ദ്രത്തിന്റെ ഇക്കാര്യത്തിലുള്ള പ്രവർത്തനങ്ങളെപ്പറ്റിയും സവിസ്തരം പ്രതിപാദിച്ചു.

തുടർന്ന് സംസാരിച്ച ജന. സെക്രട്ടറി ഗുരുവായൂർ ശാഖാ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു. ശാഖയുടെ നല്ല പ്രവർത്തനങ്ങളെ ചൂണ്ടിക്കാണിച്ചു.

പിന്നീട് സംസാരിച്ച പിൽഗ്രിമേജ് ട്രസ്റ്റ് സെക്രട്ടറി ശ്രീ. കെ.പി. രവി ഗുരുവായൂർ ശാഖയുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങളെ ശ്ലാഖിച്ചു. ഗസ്റ്റ് ഹൌസ് നടത്തിപ്പിലും അവരുടെ സഹകരണത്തിന് നന്ദി പറഞ്ഞതോടൊപ്പം ഗസ്റ്റ് ഹൌസ് വരുമാന വർദ്ധനവിലും ശാഖയുടെ പിന്തുണ അഭ്യർത്ഥിച്ചു. ശാഖാ പ്രസിഡണ്ട് ശ്രീമതി ഐ. പി വിജയലക്ഷ്മി ശാഖയുടെ പ്രവർത്തനങ്ങളുടെ ഏകദേശ രൂപം അവതരിപ്പിച്ചു. ശാഖയുടെ ഇന്നത്തെ സാമ്പത്തിക നിലയിലും സംതൃപ്തി രേഖപ്പെടുത്തി. ഇതിനായി കൂടെ നിന്ന് പ്രവർത്തിച്ച സെക്രട്ടറി, ഖജാൻജി, മറ്റു കമ്മിറ്റിയംഗങ്ങൾ എന്നിവരുടെ പ്രവർത്തനങ്ങൾക്ക് നന്ദി പറഞ്ഞു. സെക്രട്ടറി ശ്രീ. എം.പി. രവീന്ദ്രൻ ശാഖാ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. ഖജാൻജി ശ്രീമതി പി. രാജലക്ഷ്മി കണക്ക് അവതരിപ്പിച്ചതും യോഗം അംഗീകരിച്ചു.

തുടർന്ന് ശ്രീ. ടി.പി. നാരായണ പിഷാരോടി, മോഹന കൃഷ്ണൻ, ദീപ രാധിക, ഐ.പി. ഉണ്ണികൃഷ്ണൻ തുടങ്ങി അംഗങ്ങൾ ആശംസാ പ്രസംഗങ്ങൾ നടത്തി.

തുടർന്ന് കഴക പ്രവൃത്തി ചെയ്യുന്ന വിവിധ അംഗങ്ങളെ മൊമെന്റോ നൽകി സമുചിതമായി ആദരിച്ചു. അവർ തങ്ങളുടെ സന്തോഷം പങ്കുവെച്ചു.തുടർന്ന് ഗുരുവായൂർ ശാഖയുടെ അടുത്ത രണ്ടു വർഷത്തേക്കുള്ള, 2025-2027, ഭരണസമിതിയെ തിരഞ്ഞെടുത്തു.

പ്രസിഡണ്ട് ശ്രീമതി ഐ.പി. വിജയലക്ഷ്മി, വൈസ് പ്രസിഡണ്ട് ശ്രീമതി സിന്ധു അച്ചുണ്ണി, സെക്രട്ടറി ശ്രീമതി ഇ.പി. നളിനി, ജോ. സെക്രട്ടറി ശ്രീമതി പാർവ്വതി ശശി, ഖജാൻജി ശ്രീമതി രാധിക മോഹനൻ. സെക്രട്ടറി ശ്രീ. എം.പി. രവീന്ദ്രൻ ഏവർക്കും നന്ദി രേഖപ്പെടുത്തി. പുതിയ ഭരണസമിതിക്ക് എല്ലാ വിധ ഭാവുകങ്ങളും ആശംസിച്ചു ഏകദേശം രണ്ടര മണിയോടെ യോഗം പര്യവസാനിച്ചു.

## ചെന്നൈ

ശാഖയുടെ മാർച്ച് മാസ യോഗം 30-03-2025 ഞായറാഴ്ച 3 PMനു ശ്രീ. ടി.പി. സുകുമാരന്റെ വസതിയിൽ വൈസ് പ്രസിഡണ്ട് ശ്രീമതി ഗീതാ ധനശേഖരന്റെ അദ്ധ്യക്ഷതയിൽ നടന്നു. സുവിൻ സൂരജ്, ശിഖ സൂരജ്, ശ്രീമതി തങ്കം പിഷാരസ്യാർ എന്നിവരുടെ ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.

ഫെബ്രുവരി മാസത്തിൽ അന്തരിച്ച ശാഖാ പ്രസിഡൻറ് രാംദാസ് രാമനെ അനുസ്മരിച്ചു കൊണ്ട് അനുശോചനം രേഖപ്പെടുത്തി. വളരെ കുറച്ചു കാലത്തിനുള്ളിൽ ശാഖാ പ്രവർത്തനങ്ങളിൽ താല്പര്യം കാണിക്കുകയും തുടർന്ന് ശാഖയുടെ പ്രസിഡണ്ട് സ്ഥാനം ഏറ്റെടുക്കാൻ മുന്നോട്ട് വരികയും ചെയ്ത ആളായിരുന്നുവെന്നും സമാജ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും ഏത് സമയത്തും നൽകിയിരുന്ന വ്യക്തിയായിരുന്നു അദ്ദേഹമെന്നും അംഗങ്ങൾ അനുസ്മരിച്ചു. പിഷാരടി സമുദായത്തിലെ പ്രഗൽഭ ഭാഷാപണ്ഡിതരായിരുന്ന ആറ്റൂർ കൃഷ്ണ പിഷാരടിയുടെ പിൻതലമുറക്കാരനും, പഴയന്നൂർ രാമപിഷാരടിയുടെ പേരക്കുട്ടിയും ആണെന്നത് രാംദാസിന്റെ കുടുംബ പാരമ്പര്യത്തെ വേറിട്ടതാക്കുന്നുവെന്നും യോഗം അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി അംഗങ്ങൾ ഒരു മിനിട്ട് മൗനപ്രാർത്ഥന നടത്തി. സെക്രട്ടറി ശ്രീ. രാമചന്ദ്രന്റെ ഭാര്യാമാതാവ് ആനന്ദവല്ലി പിഷാരസ്യാരുടെ നിര്യാണത്തിലും യോഗം അനുശോചിച്ചു.

ഭരണസമിതിയിലെ പ്രസിഡണ്ടിന്റെ ഒഴിവിലേക്ക് ഇപ്പോഴത്തെ ജോ.സെക്രട്ടറി ശ്രീ. എം. ഗോ

പിനാഥനെ തിരഞ്ഞെടുത്തു. ജോ. സെക്രട്ടറി സ്ഥാനത്തേക്കു ശ്രീമതി ജയശ്രീ അജിത്തിനെയും തിരഞ്ഞെടുത്തു.

അടുത്ത യോഗം ജൂൺ മാസത്തിൽ നടത്താമെന്ന തീരുമാനിച്ച്, വൈസ് പ്രസിഡണ്ട് ശ്രീമതി ഗീതാ ധനശേഖരന്റെ നന്ദി പ്രകടനത്തോടെ യോഗം അവസാനിച്ചു.

## പട്ടാമ്പി

ശാഖയുടെ ഏപ്രിൽ മാസ യോഗവും അന്തരിച്ച കൊടിക്കുന്നത്ത് പിഷാരത്ത് അച്ചുതപിഷാരോടിയുടെ 112-ാമത് ജന്മദിനവും 2025 ഏപ്രിൽ 6നു കൊടിക്കുന്നത്ത് പിഷാരത്ത് വെച്ച് സമുചിതമായി ആഘോഷിച്ചു.

ശ്രീ. ദിലീപിന്റെ പ്രാർത്ഥനക്കുശേഷം ശ്രീ. കെ.പി. പ്രഭാകരൻ യോഗത്തിനെത്തിയവരെ സ്വാഗതം ചെയ്തു. അന്നേ ദിവസം വരെ നമ്മേ വിട്ടു പിരിഞ്ഞ സമുദായാംഗങ്ങൾക്കും വിശിഷ്ട വ്യക്തികൾക്കും അനുശോചനം രേഖപ്പെടുത്തി.

ശ്രീ. ടി.പി. വാസുദേവ പിഷാരോടി യോഗം ഉദ്ഘാടനം ചെയ്തു. ശ്രീ. കെ.പി. ബാലകൃഷ്ൻ തന്റെ ആമുഖ പ്രഭാഷണത്തിൽ മൺമറഞ്ഞ കെ.പി. രാമപിഷാരോടി, കെ.പി. നാരായണപിഷാരോടി, കെ.പി. അച്യുത പിഷാരോടി എന്നിവരെ അനുസ്മരിച്ച് സംസാരിച്ചു. ശ്രീ. കരിങ്ങനാട് ഉണ്ണികൃഷ്ണൻ മാസ്റ്റർ, ശ്രീ. ജി.പി. നാരായണൻ കുട്ടി, ശ്രീമതി എ. പി. സരസ്വതി, ഡോ. ജയരാമൻ, ശ്രീ സി. പി. അച്ചുതൻ, ശ്രീമതി വിജയം മുരളി, ശ്രീമതി രാധിക എന്നിവർ പൂർവ്വികരെ അനുസ്മരിച്ച് സംസാരിച്ചു. ശ്രീമതി കെ. പി.വത്സലയുടെ നന്ദിപ്രമേയത്തിനു ശേഷം യോഗം ഒരു മണിക്ക് അവസാനിച്ചു.

## തൃശൂർ

ശാഖയുടെ ഏപ്രിൽ മാസ യോഗം 16-04-25ന് സമാജം ആസ്ഥാന മന്ദിരത്തിൽ വെച്ച് പ്രസിഡണ്ട് ശ്രീ. വിനോദ് കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ശ്രീ. രവികുമാർ പിഷാരടിയുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. നാരായണീയം പതിനൊന്നാം ദശകം ശ്രീമതി ഉഷ ചന്ദ്രൻ, ശ്രീമതി ജയ ഗോപൻ എന്നിവരുടെ നേതൃത്വത്തിൽ എല്ലാവരും ചേർന്ന് ചൊല്ലി. ഇക്കഴിഞ്ഞ മാസക്കാലയളവിൽ നമ്മെ വിട്ടു പിരിഞ്ഞ എല്ലാവരുടെയും സ്മരണകളിൽ മൗന പ്രാർത്ഥന നടത്തി. സെക്രട്ടറി ശ്രീ. എ.പി. ജയദേവൻ സ്വാഗതം പറഞ്ഞു. അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീ വിനോദ് കൃഷ്ണൻ ഏപ്രിൽ 16 ന് നടന്ന തുളസീദളം കലാ സാംസ്ക്കാരിക സമിതിയുടെ പ്രവർത്തനോൽഘാടനം ഗംഭീരമായി എന്ന് അഭിപ്രായപ്പെട്ടു. അടുത്ത ആഴ്ച്ച നടക്കുന്ന കേന്ദ്ര പ്രതിനിധി സഭാ യോഗത്തിൽ നമ്മുടെ എല്ലാ പ്രതിനിധികളും പങ്കെടുക്കണം. അത് പോലെ മേയ് 25ന് ഇരിഞ്ഞാലക്കുടയിൽ നടക്കുന്ന കേന്ദ്ര വാർഷികത്തിലും നമ്മൾ സജീവമായി പങ്കെടുക്കണം. വാർഷിത്തിന്റെ റസീറ്റ് പുസ്തകങ്ങൾ ഇനിയും എടുക്കാത്തവർ എടുക്കണം എന്നും അദ്ദേഹം സൂചിപ്പിച്ചു. തുടർന്ന് സെക്രട്ടറി റിപ്പോർട്ടും ട്രഷറർ ശ്രീ രഘുനന്ദനൻ കണക്കും വായിച്ചത് പാസ്സാക്കി.

വൈസ് പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരടി തുളസീദളം കലാസാംസ്കാരിക സമിതിയുടെ പ്രവർത്തനോൽഘാടനം നമ്മുടെയെല്ലാം പ്രതീക്ഷകൾക്കപ്പുറം വൻ വിജയമായി എന്നറിയിച്ചു. പ്രോഗ്രാമിന്റെ ആദ്യ ഭാഗമായി വിവിധ മേഖലകളിൽ തിളങ്ങി നിൽക്കുന്ന പ്രതിഭകളെ സ്വീകരിച്ച് പരിചയപ്പെടുത്തുന്ന ചടങ്ങ് വളരെ ശ്രദ്ധേയമായി. 41 പ്രതിഭകളെ എല്ലാവരുടെയും ശ്രദ്ധയിൽ എത്തിച്ചു. തുടർന്ന് ശ്രീ രമേഷ് പിഷാരടി നിർവഹിച്ച പ്രവർത്തനോൽഘാടനവും പ്രഭാഷണവും മുഖാമുഖ സംവാദവുമെല്ലാം നിറഞ്ഞ കയ്യടികളോടെ സ്വീകരിക്കപ്പെട്ടു. ഇനിയുള്ള ഭാവി പ്രവർത്തനങ്ങളിൽ കൂടുതൽ അംഗങ്ങളെ ചേർക്കേണ്ടതുണ്ട്. ഇപ്പോൾ തൃശൂർ ശാഖയിൽ നിന്നാണ് കൂടുതൽ പേർ അംഗത്വമെടുത്തിട്ടുള്ളത്. എല്ലാ ശാഖകളിൽ നിന്നും പരമാവധി കലാകാരന്മാരെയും കലാകാരികളെയും ചേർക്കണം. പ്രോഗ്രാം നടത്തിപ്പിന് വേണ്ടി ഡോക്ടർ മധു, ഡോക്ടർ രാജീവ്, വി.പി. ബാലകൃഷ്ണന്റെ കുടുംബം, മുംബൈയിൽ നിന്ന് നാരായണ പിഷാരടി എന്നിവർ നല്ല തുകകൾ സംഭാവന തന്ന വിവരവും ശ്രീ. രാമചന്ദ്ര പിഷാരോടി സദസ്സിനെ അറിയിച്ചു. അതോടൊപ്പം അന്നത്തെ പ്രോഗ്രാമിന്റെ വരവ് ചെലവ് കണക്കുകളും വായിച്ചു.

തുളസീദളം കലാസാംസ്ക്കാരിക സമിതിയുടെ അടുത്ത പ്രോഗ്രാം കോങ്ങാട് വെച്ച് നടത്താൻ ശാഖ അഭ്യർത്ഥിച്ചിട്ടുണ്ട്. സമിതിയെ പറ്റിയുള്ള എല്ലാവരുടെയും പ്രതീക്ഷയും വിശ്വാസവുമാണ് ഇത് വ്യക്തമാക്കുന്നത്. തുടർന്ന് ഏപ്രിൽ 27ന് സമാജം ആസ്ഥാന മന്ദിരത്തിൽ നടക്കുന്ന പ്രതിനിധി സഭ യോഗത്തിൽ ശാഖ എല്ലാ പ്രതി നിധികളും പങ്കെടുക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുകയും പ്രതിനിധി സഭാ ലിസ്റ്റ് വായിക്കുകയും ചെ

യ്തു.മേയ് 25ന് നടക്കുന്ന കേന്ദ്ര വാർഷികത്തിൽ എല്ലാവരും പങ്കെടുക്കണം. അത് പോലെ വാർഷികത്തിനു തൃശൂർ ശാഖ ഒരു തുക സംഭാവന കൊടുക്കേണ്ടത് ഉണ്ട്. എല്ലാവരും കൂപ്പണുകൾ എടുത്ത് സഹകരിക്കണം. ശാഖയുടെ ഈ മാസത്തെ യോഗം ശ്രീ ഗോവിന്ദ് പിഷാരടിയുടെ വസതിയിൽ വെച്ച് നടത്താനാണ് മുമ്പ് നിശ്ചയിച്ചിരുന്നതെങ്കിലും പെട്ടെന്നുണ്ടായ ഒരു അസൗകര്യം നിമിത്തം ഈ മാസം നടത്താൻ ബുദ്ധിമുട്ടുണ്ടെന്നും പകരം മേയ് മാസത്തെ യോഗം തന്റെ വീട്ടിൽ നടത്താമെന്നും അറിയിച്ചതിനാൽ ആണ് ഇന്ന് ശാഖയുടെ യോഗം ഇവിടെ വെച്ചു നടത്തേണ്ടിവന്നത് എന്നും ശ്രീ. രാമചന്ദ്ര പിഷാരടി അറിയിച്ചു.

തുടർന്ന് സമാജം ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ ഏപ്രിൽ 27ന്റെ പ്രതിനിധി സഭായോഗവും മേയ് 25 ന് ഇരിഞ്ഞാലക്കുടയിൽ വെച്ച് നടക്കുന്ന കേന്ദ്ര ഭരണസമിതി വാർഷികവും എല്ലാവരും. പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചു. കേന്ദ്ര വാർഷികത്തിനു ശാഖയിൽ നിന്നുള്ള കലാപരിപാടികൾ ഉണ്ടാകണമെന്നും ശ്രീ. ഗോപകുമാർ അഭിപ്രായപ്പെട്ടു.

അടുത്ത മാസത്തെ യോഗം വാർഷിക പൊതുയോഗമായി മേയ് 18 ഞായറാഴ്ച്ച വൈകീട്ട് 4 ന് ശ്രീ. ജി.ആർ. ഗോവിന്ദപിഷാരടിയുടെ ഭവനം, രാഗസുധ, 1/79(1), പനമുക്കുമ്പിള്ളി ടെമ്പിൾ റോഡ്, കിഴക്കുമ്പാട്ടുകരയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു. ഫോൺ: 9961183447, 0487-2330866.

ക്ഷേമ നിധി നടത്തി. ജോയിന്റ് സെക്രട്ടറി ഡോക്ടർ നാരായണ പിഷാരടി നന്ദി പറഞ്ഞതോടെ യോഗം അവസാനിച്ചു.

## കോങ്ങാട്

ശാഖയുടെ ഏപ്രിൽ മാസത്തെ യോഗം ഓൺലൈൻ ആയി 19-04-2025നു 10 AMനു പ്രസിഡണ്ട് ശ്രീ. പ്രഭാകര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ശ്രീ. അച്ചുണ്ണി പിഷാരോടി പ്രാർത്ഥന ചൊല്ലി. ശ്രീമതി പുഷ്പ ഹരിദാസൻ പുരാണ പാരായണം നിർവ്വഹിച്ചു. പങ്കെടുത്ത എല്ലാവരെയും ശ്രീ. ഗോവിന്ദൻ കെ.പി.സ്വാഗതം ചെയ്തു. 09-03-2025നു കോങ്ങാട് യെശോദ മണ്ഡപത്തിൽ വെച്ച് അതിഗംഭീരമായി ഷഷ്ടിപൂർത്തി ആഘോഷിച്ച ശാഖാ ഉപാദ്ധ്യക്ഷൻ ശ്രീ. എ.പി. ആനന്ദനെ അനുമോദിച്ചു. തുടർന്ന് പല്ലാവൂർ പിഷാരത്ത് ഇന്ദിര പിഷാരസ്യാരുടെയും മറ്റു സ്വസമുദായ അംഗങ്ങളുടെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. പരേതാത്മക്കളുടെ നിത്യ ശാന്തിക്കായി ഒരു മിനിട്ട് നേരത്തെ മൗനം ആചരിച്ചു.

പ്രസിഡണ്ട് തന്റെ ഉപക്രമ പ്രസംഗത്തിൽ 16-04-2025നു തൃശൂരിൽ വെച്ച് നടന്ന തുളസീദളം കലാ സാംസ്കാരിക സമിതിയുടെ ഉത്ഘാടനത്തെ പറ്റി സംസാരിച്ചു. കോങ്ങാട് ശാഖയിൽ നിന്ന് അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, പുറമെ ആദിത്യ കൃഷ്ണൻ, വി.പി. രാജേഷ്, സുധീപ് എന്നിവരും പങ്കെടുത്തുവെന്നും അറിയിച്ചു. 27-04-2025നു നടക്കുന്ന പ്രതിനിധി സമ്മേളനത്തിന് പോകുവാൻ ഉള്ള തയ്യാറെടുപ്പുകൾ അവലോകനം ചെയ്തു. 27-04-2025നു  പത്തു മണിയോടെ യോഗ സ്ഥലത്ത് എത്തിച്ചേരാൻ തീരുമാനിച്ചു. 2024-25 സാമ്പത്തിക വർഷത്തെ വരവ് ചിലവ് കണക്കുകൾ ഉടൻ തയ്യാറാക്കി ശ്രീ. എം.പി. ഹരിദാസിന് കൈമാറാൻ ശ്രീ. ചന്ദ്രശേഖരൻ പിഷാരോടിയോട് നിർദ്ദേശിച്ചു. കോങ്ങാട് ശാഖാ മന്ദിരത്തിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ ശ്രീ. അനിൽ കൃഷ്ണൻ വിവരിച്ചു. കഴിഞ്ഞ യോഗത്തിന്റെ മിനുട്ട്സ് അംഗീകരിച്ചു. പുതിയതായി വരവ് ചിലവ് കണക്കുകൾ ഒന്നും ഇല്ല എന്ന് അറിയിച്ചു. ശ്രീ. കെ.പി. രാമചന്ദ്ര പിഷാരടിയുടെ നന്ദി പ്രകടനത്തോടെ യോഗം പതിനൊന്നു മണിയോടെ സമാപിച്ചു.

## പാലക്കാട്

ശാഖയുടെ ഏപ്രിൽ മാസ യോഗം 20-04-25ന് 11 AMനു ഓൺലൈനായി നടത്തി.

സെക്രട്ടറി ഈശ്വര പ്രാർത്ഥന ചൊല്ലി യോഗത്തിന് സന്നിഹിതരായിരുന്ന ഏവരെയും സ്വാഗതം ചെയ്തു. കഴിഞ്ഞ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞു പോയവർക്ക് അനുശോചനം രേഖപ്പെടുത്തി.

പ്രസിഡണ്ട് ശ്രീ. എ.പി. സതീഷ് കുമാർ പ്രധാനമായും 27-04-25ന് നടത്താനിരിക്കുന്ന പ്രതിനിധി സഭാ യോഗത്തെക്കുറിച്ചും അടുത്ത രണ്ട് വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ചും സംസാരിച്ചു. മെയ് മാസത്തിൽ നടക്കാനിരിക്കുന്ന വാർഷികത്തെക്കുറിച്ചും ശാഖയിൽ നിന്നും രണ്ടു പ്രോഗ്രാമുകൾ അവതരിപ്പിക്കേണ്ട ആവശ്യകതയെക്കുറിച്ചും പറഞ്ഞു. സെക്രട്ടറി ശാഖാ പ്രവർത്തനം വിവരിച്ചു. പ്രതിനിധി സഭാ യോഗത്തിൽ പങ്കെടുക്കുവാൻ ശാഖ യാത്രാ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്ന വിവരവും യോഗത്തെ അറിയിച്ചു. എല്ലാ പ്രതിനിധിക

ളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചു. ജൂൺ ജൂലൈ മാസങ്ങളിൽ മഴക്ക് ശേഷം പിക്നിക്ക് പ്ലാൻ ചെയ്യുന്നുണ്ട് എന്നും പിന്നീട് വിശദമായി ചർച്ച ചെയ്യാം എന്നും അറിയിച്ചു. 25-26 വർഷത്തെ വരിസംഖ്യകൾ പിരിച്ച് തുടങ്ങുവാൻ സെക്രട്ടറി യോഗത്തിൽ അഭ്യർത്ഥിച്ചു.

തുടർന്ന് ക്ഷേമനി നടത്തി. അംഗങ്ങളുടെ അഭിപ്രായപ്രകടനങ്ങൾക്ക് ശേഷം വൈസ് പ്രസിഡണ്ട് ശ്രീ. ടി.പി. ഉണ്ണികൃഷ്ണൻ നന്ദി രേഖപ്പെടുത്തി. യോഗം 12.30ന് സമംഗളം പര്യവസാനിച്ചു.

## കൊടകര

ശാഖയുടെ 2024-25ലെ വാർഷിക പൊതുയോഗം 20-04-2025നു കോടാലി എടയാറ്റ് ക്ഷേത്രം, ശ്രീ ധർമ്മ ശാസ്ത ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. കഴിഞ്ഞ വർഷങ്ങളിലെതുപോലെതന്നെ ഈ വർഷവും വാർഷിക പൊതുയോഗവും കുടുംബസംഗമവും വളരെ ഭംഗിയായി നടന്നു. കേന്ദ്രഭാരവാഹികളുടെയും ശാഖയിലെ മുതിർന്ന അംഗങ്ങളുടേയും സാന്നിധ്യവും വിവിധ കലാപരിപാടികളും സദസ്സിനെ വർണ്ണാഭമാക്കി.

രാവിലെ 9.30ന് നാരായണീയ പാരായണത്തോടെ വാർഷികം ആരംഭിച്ചു. ജയശ്രീ രാജന്റെ ഈശ്വരപ്രാർത്ഥനയോടെ പ്രസിഡണ്ട് ഉഷ ശ്രീധരൻ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ച അറക്കൽ പിഷാരത്ത് എ.പി. നന്ദകുമാർ അടക്കമുള്ള സമാജം അംഗങ്ങൾക്കും, സമുദായാംഗങ്ങൾക്കും അനുശോചനം രേഖപ്പെടുത്തി. കെ.പി. ശശി യോഗത്തിന് എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ശാഖാ പ്രസിഡണ്ട് ആമുഖ പ്രസംഗം നിർവ്വഹിച്ചു. കേന്ദ്ര പ്രസിഡണ്ട് ഹരികൃഷ്ണ പിഷാരടി ഭദ്രദീപം തെളിയിച്ച് ഔദ്യോഗികമായി ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിച്ചു. അടുത്തകാലത്ത് കഴകക്കാർ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ചും കേന്ദ്രത്തിന്റെ സാമ്പത്തിക കാര്യങ്ങളെക്കുറിച്ചും പ്രസിഡണ്ട് വിശദമായി സംസാരിച്ചു. കൊടകര ശാഖ നടത്തിവരുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും കേന്ദ്രത്തിൽ നിന്ന് എല്ലാ സഹായവും വാഗ്ദാനം ചെയ്യുകതും ചെയ്തു.

ശാഖയുടെ അഭിമാനങ്ങളായ റേഡിയേഷൻ വിഷയങ്ങളിൽ ലേഖനങ്ങൾ തുടരുന്ന ഡോ. എം പി. രാജൻ, ജനകീയനായ കൃഷി ഓഫീസർ എം. പി. ഉണ്ണികൃഷ്ണൻ എന്നിവരെ ശാഖയുടെ ഉപഹാരങ്ങൾ നൽകി ആദരിച്ചു. ഭാവഗായകൻ ജയചന്ദ്രന്റെയും എം.ടി. വാസുദേവൻ നായരുടെയും സ്മരണാർത്ഥം നടത്തിയ ഗാനാലാപനം, കഥാകഥനം എന്നിവയിലെ വിജയികൾക്കുള്ള സമ്മാനം മുഖ്യ അതിഥികൾ വിതരണം ചെയ്തു. രാജൻ സിത്താര മുഖ്യപ്രഭാഷണം നടത്തി. യുവജന കലാ സാംസ്കാരിക സമിതിയുടെ പ്രവർത്തനങ്ങളെ കുറിച്ചും, മറ്റു സമകാലീന വിഷയങ്ങളെ പറ്റിയും സംസാരിച്ചു. ആശംസകൾ അർപ്പിച്ച ശാഖയിലെ മുതിർന്ന അംഗം ശ്രീധരൻ മാസ്റ്റർ ശാഖ പ്രവർത്തനങ്ങളെപ്പറ്റി സംസാരിക്കുകയും ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് ശാഖ എപ്പോഴും ഒപ്പമുണ്ടാകണമെന്നും ഓർമിപ്പിച്ചു. ഒപ്പമുണ്ടാകണമെന്ന് ഓർമ്മിപ്പിച്ചതോടൊപ്പം പ്രായമായവർ മാത്രം താമസിക്കുന്നയിടങ്ങളിൽ അവശ്യ സമയങ്ങളിൽ അദ്ദേഹത്തെ നേരിട്ട് (09847296826) ബന്ധപ്പെടാമെന്നും ആവശ്യമായ സഹായം നൽകുമെന്നുമുള്ള വാഗ്ദാനം നൽകുകയും ചെയ്തു. ആശംസകൾ അർപ്പിച്ച കെ.പി. ഹരികൃഷ്ണൻ കൊടകര ശാഖ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും സമുദായത്തിലെ മരണാനന്തര ചടങ്ങുകൾ പഠിക്കാനായി കൊടകര ശാഖയിൽ നിന്ന് ആളുകൾ വരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

സെക്രട്ടറി രമ്യാ രാധാകൃഷ്ണൻ അവതരിപ്പിച്ച സമഗ്രമായ വാർഷിക റിപ്പോർട്ടും ട്രഷറർ എം.പി. വിജയൻ അവതരിപ്പിച്ച വാർഷിക കണക്കുകളും പൊതുയോഗം ഐക്യകണ്ഠേന അംഗീകരിച്ചു. ഇന്റേണൽ ഓഡിറ്റർ അരുണിന്റെ അസാന്നിധ്യത്തിൽ ട്രഷറർ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കുകയും കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിന് പരിശ്രമിക്കുന്നത് തുടരണമെന്ന നിർദ്ദേശവും നൽകി. തുളസീദളം PE&WS തുടങ്ങിയവയുടെ കേന്ദ്രഹവിഹിതം വർദ്ധിച്ചതിനാൽ ശാഖാതലത്തിൽ വാർഷിക വരിസംഖ്യ കൂട്ടണമെന്ന് ട്രഷറർ യോഗത്തെ അറിയിച്ചു. അംഗങ്ങൾ പരസ്പരം ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിധത്തിലുള്ള വരിസംഖ്യകളും അടക്കം പ്രതിവർഷം ഒരു കുടുംബത്തിന് 1000 രൂപ എന്ന് നിശ്ചയിക്കുകയും ആയത് ഗഡുക്കളായോ ഒറ്റത്തവണയായോ നൽകി സഹകരിക്കുന്നതിനും തീരുമാനിച്ച് പൊതുയോഗം അംഗീകരിച്ചു.

എം.പി. രാജൻ, എം.പി. ഉണ്ണികൃഷ്ണൻ എന്നിവർ ആദരവിന് നന്ദി പറയുകയും അതോടൊപ്പം അവരുടെ പ്രവർത്തന മേഖലയെ കുറിച്ച് വിശദമായി സംസാരിക്കുകയും ചെയ്തു. ജോയിന്റ് സെക്രട്ടറി കൃഷ്ണകുമാരി കൃഷ്ണന്റെ നന്ദിയോടെ 12.30 പൊതുയോഗം അവസാനിച്ചു.

പിന്നീട് നടന്ന കലാവിരുന്നിനെ സദസ്സ് ഹർഷാരവത്തോടെയാണ് സ്വീകരിച്ചത്. വളരെ നല്ല പങ്കാളിത്തത്തോടെ പ്രായഭേദമന്യേ അംഗങ്ങൾ കലാപരിപാടികളിൽ പങ്കെടുത്തു. നാടകം, പാട്ട്, നൃത്തം, കവിത, അഷ്ടപദി തുടങ്ങിയ പരിപാടികൾ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. മറ്റു ശാഖകളിൽ നിന്ന് എത്തിയവരും കൊടകര ശാഖ അംഗങ്ങളും ചേർന്ന് പാടിയ വഞ്ചിപ്പാട്ട് ഏറെ ഹൃദ്യമായിരുന്നു. കലാപരിപാടികളിൽ പങ്കെടുത്തവർക്ക് പ്രസിഡണ്ട് പാരിതോഷികം നൽകി. സമ്മാനങ്ങൾ സ്പോൺസർ ചെയ്ത രമ രാംകുമാർ കുടുംബത്തിന് പ്രത്യേകം നന്ദി അറിയിച്ചു.

കലാപരിപാടികൾ അവതരിപ്പിച്ചവർ:

നാരായണീയം - 1. പ്രസന്ന ബാലൻ, 2. കമലം എം.പി., 3. ശ്രീലത വിജയൻ, 4. അമ്പിളി ശശി, 5. ജയശ്രീ രാജൻ, 6. വത്സല വിജയൻ, 7. സുശീല രവീന്ദ്രൻ, 8. യശോദ ഗോപി, 9. രമ രാകുമാർ, 10. മാധുരി മോഹനൻ, 11. പുഷ്പ ഗിരിജൻ, 12. സുഭദ്ര ടി.പി., 13. ഇന്ദിര സുധാകരൻ

തിരുവാതിര - 1. വത്സല അരവിന്ദാക്ഷൻ, 2. വത്സല വിജയൻ, 3. ജയശ്രീ രാജൻ, 4. കൃഷ്ണകുമാരി കൃഷ്ണൻ, 5. അഞ്ജലി രാമചന്ദ്രൻ, 6. ശാന്ത ഹരിഹരൻ, 7. ബിന്ദു രാമനാഥൻ, 8. ഗീത രാമചന്ദ്രൻ, 9. പ്രസീദ കൃഷ്ണകുമാർ, 10. രമ്യ രാധാകൃഷ്ണൻ, 11. ശ്രീജ രാജീവ്, 12. കീർത്തി ഉണ്ണികൃഷ്ണൻ.

നാടകം- 1. രാജൻ സിത്താര, 2. മോഹനൻ കെ.പി., 3. ഉണ്ണികൃഷ്ണൻ കെ.പി., 4. പ്രസന്നൻ ടി.പി., 5. രാമചന്ദ്രൻ ടി.പി., 6. ശാന്ത ഹരിഹരൻ, 7. ബിന്ദു രാമനാഥൻ, 8. രമ്യ രാധാകൃഷ്ണൻ.

ഗാനങ്ങൾ - 1. കൃഷ്ണകുമാർ എ.പി., 2. സുനിൽ എസ്, 3. അങ്കിത രാജു, 4. രമ രാംകുമാർ, 5. ശ്രീലത വിജയൻ, 6. അഭിനന്ദ, 7. ആദിഷ്, 8.അനിഘ, 9. സന്തോഷ്, 10. ഗോപികൃഷ്ണൻ, 11. വൈശാഖ്, 12. അക്ഷജ്, 13. സീത നാരായണൻ, 14. പ്രസന്നൻ ടി.പി.

കഥ - 1. അഥർവ് ഉണ്ണികൃഷ്ണൻ.

കവിത - 1. സത്യഭാമ വിശ്വനാഥൻ, 2. സുശീല രവീന്ദ്രൻ, 3. നവോമിക.

അഷ്ടപദി - 1. രമ രാംകുമാർ

നൃത്തങ്ങൾ - 1. കൃഷ്ണ പി.ആർ., 2. ലക്ഷ്മി പി.ആർ., 3. നവനീത രാമചന്ദ്രൻ, 4. കാർത്തിക ഗിരീഷ്.

കൂട്ടായ്മയുടെ പ്രതീക മായ ഫോട്ടോ സെക്ഷനു ശേഷം 4 മണിക്ക് പരിഞ്ഞു.

## ഇരിങ്ങാലക്കുട

ശാഖയുടെ 25-ാമത് വാർഷിക പൊതുയോഗം 20-04-25 നു 3 PMനു നമ്പൂതിരിസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് പ്രസിഡണ്ട് ശ്രീമതി മായാ സുന്ദരേശ്വരന്റെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീമതി ശോഭാ വിജയന്റെ ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സെക്രട്ടറി സി.ജി. മോഹനൻ വാർഷിക പൊതു യോഗത്തിൽ എത്തിയ എല്ലാ അംഗങ്ങളെയും, ഉദ്ഘാടനം ചെയ്യുവാൻ എത്തിയ ശ്രീ. ഗിരീഷ് വാര്യർ (സമസ്ത കേരള വാര്യർ സമാജം ഖജാൻജി) എന്നിവരേയും ഹൃദയപൂർവ്വം സ്വാഗതം ചെയ്തു.

കഴിഞ്ഞ കാലയളവിൽ അന്തരിച്ച സമുദായ അംഗങ്ങൾക്കും, മറ്റ് പ്രമുഖ വ്യക്തികൾക്കും കൂടാതെ സമാജം അംഗം രാജേന്ദ്രകുമാർ ആനായത്ത് അവർകളുടെ അമ്മയുടെ നിര്യാണത്തിലും യോഗം ആദരാഞ്ജലികൾ അർപ്പിച്ചു. മുഖ്യാതിഥി ശ്രീ. ഗിരിഷ് വാര്യരും, ശാഖ ഭാരവാഹികളും ചേർന്ന് ഭദ്രദീപം തെളിയിച്ച് ശാഖാ വാർഷികത്തിന് ഔപചാരികമായി തുടക്കം കുറിച്ചു. ശ്രീ. ഗിരീഷ് വാര്യർ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ശ്രീ കുടൽ മാണിക്യം ക്ഷേത്രത്തിലെ കാരയ്മ കഴകത്തിൽ നേരിടുന്ന പ്രശനങ്ങൾക്ക് വാര്യർ സമാജം നടത്തുന്ന പോരാട്ടങ്ങളെ പറ്റി വിശദമായി സംസാരിച്ചു. തുടർന്നുള്ള പോരാട്ടങ്ങളിൽ പിഷാരോടി സമാജവും മറ്റ് കഴക പ്രവൃത്തി ചെയ്യുന്ന സമുദായങ്ങളും പങ്ക് ചേർന്ന് ഒരു കൂട്ടായ പോരാട്ടത്തിന് സമയമായിരിക്കുന്ന എന്ന് വ്യക്തമായി വെളിപ്പെടുത്തി.

അധികം താമസിയാതെ ഗുരുവായൂരിൽ കഴക പ്രവൃത്തി ചെയ്യുന്ന എല്ലാ സമുദായാംഗങ്ങളെയും ഉൾപ്പെടുത്തി ഒരു യോഗം ചേരുവാനും, കൂട്ടായ്മയോടെ ചെയ്യേണ്ട തുടർ നടപടികളെപ്പറ്റി ആലോചിക്കുവാനും വേണ്ടി വാര്യർ സമാജം അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങി കഴിഞ്ഞതായി ഗിരിഷ് വാര്യർ യോഗത്തെ അഭി സംബോധന ചെയ്യവെ വെളിപ്പെടുത്തി. പിഷാരോടി സമാജവും അതിൽ മുഖ്യ പങ്കാളിയാകുമെന്ന് പ്രത്യാശിച്ചു.

അദ്ധ്യക്ഷ പ്രസംഗത്തിൽ ശ്രീമതി മായാ സുന്ദരേശ്വരൻ കഴിഞ്ഞ വർഷങ്ങളിൽ ശാഖയുടെ പ്രവർത്തനം നല്ല രീതിയിൽ നടത്തുവാൻ സഹകരിച്ച എല്ലാ അംഗങ്ങൾക്കും ശാഖയുടെ ഭരണ സമിതിയുടെ പേരിൽ പ്രത്യേകം നന്ദി രേഖപ്പെടു

ത്തി. കേന്ദ്ര വാർഷികം 2025 ശാഖയുടെ ആതിഥേയത്തിൽ നടത്തുമ്പോൾ എല്ലാ അംഗങ്ങളും, കുടുംബാംഗങ്ങളും, മറ്റ് ബന്ധുക്കളും യോഗത്തിന് നേരത്തെ വന്നു സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചു.

സെക്രട്ടറി സി.ജി. മോഹനൻ അവതരിപ്പിച്ച 2024-25 ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് യോഗം ഐക്യകണ്ഠേന പാസ്സാക്കി. ഇന്റേണൽ ഓഡിറ്റ് ചെയ്ത് കിട്ടിയ 24-25 വർഷത്തെ വരവ്, ചിലവ് കണക്കുകൾ ട്രഷറർ കെ.പി. മോഹൻദാസ് അവരിപ്പിച്ചത് യോഗം അംഗീകരിച്ചു.

2025-2026, 2026-2027 എന്നീ രണ്ട് വർഷത്തേക്കുള്ള പുതിയ ശാഖാ ഭാരവാഹികളെ യോഗം ഐക്യകണ്ഠേന തിരഞ്ഞെടുത്തു.

തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ പേരും വിവരങ്ങളും:

1) പ്രസിഡണ്ട് - ശ്രീമതി മായാ സുന്ദരേശ്വരൻ, 2) വൈസ് പ്രസിഡണ്ട് - വി.പി. രാധാകൃഷ്ണൻ, 3) സെക്രട്ടറി - സി.ജി. മോഹനൻ, 4) ജോ: സെക്രട്ടറി- മുരളി പിഷാരോടി, 5) ട്രഷറർ- കെ.പി. മോഹൻദാസ്, കമ്മിറ്റി അംഗങ്ങൾ: 1) അശോകൻ, കാട്ടൂർ, 2) രാമചന്ദ്രൻ, 3) മുകുന്ദൻ വി.പി, 4) ലത സോമനാഥൻ, 5) റാണി രാധാകൃഷ്ണൻ, 6) രാജൻ പിഷാരോടി (Internal Auditior), മുരളി ബാല (ശാഖ കൾച്ചറൽ പ്രോഗ്രാം കൺവീനർ)

ശാഖ/വനിതാ വിങ്ങ് ഭാരവാഹികൾ:

1) പ്രസിഡണ്ട് - പുഷ്പ മോഹൻ, 2) വൈസ് പ്രസിഡണ്ട് - ശ്രീകുമാരി മോഹൻ, 3) സെക്രട്ടറി - ദേവി മുകുന്ദൻ, 4) ജോ:സെക്രട്ടറി - ജയശ്രീ മധു. കമ്മിറ്റി അംഗങ്ങൾ: 1) ശോഭാ വിജയൻ, 2) ചന്ദ്രിക ബാലകൃഷ്ണൻ, 3) ശ്രീലത വേണുഗോപാൽ, 4) പ്രമീളാ മുകുന്ദൻ, 5) ഗിരിജാ മോഹൻദാസ്, 6) പ്രിതാ ഉണ്ണികൃഷ്ണൻ, 7) വത്സല രാജൻ.

ശാഖാ പ്രതിനിധിസഭ അംഗങ്ങൾ:

1) പ്രസിഡണ്ട് - മായാ സുന്ദരേശ്വരൻ, 2) സെക്രട്ടറി - സി.ജി. മോഹനൻ, 3) മുകുന്ദൻ വി.പി., 4) രാജൻ പിഷാരോടി, 5) മുരളി പിഷാരോടി, 6) രാധാകൃഷ്ണൻ വി.പി., 7) മോഹൻദാസ് ഗജ, 8) പുഷ്പ മോഹൻ, 9) ജയശ്രീ മുരളി പിഷാരോടി.

തുടർന്ന് പ്രസിഡണ്ട് പുതിയ ഭാരവാഹികളുടെ പ്രഖ്യാപനവും നടത്തി, എല്ലാവരും കയ്യടികളോടെ പുതിയ ഭാരവാഹികളെ സ്വാഗതം ചെയ്തു.

2025 മെയ് മാസം നടത്തുന്ന കേന്ദ്ര വാർഷികത്തിന്റെ ഇതുവരെ ചെയ്ത കാര്യങ്ങൾ സെക്രട്ടറി യോഗത്തെ അറിയിച്ചു. വാർഷിക നോട്ടീസ്സ്, സംഭാവന കൂപ്പൺ എന്നിവ നിലവിൽ പ്രവർത്തനത്തിൽ ഉള്ള 16 ശാഖകൾക്ക് അയച്ചു കൊടുത്തതായി സെക്രട്ടറി അറിയിച്ചു, പുറമെ വാർഷികത്തിന്റെ Book - Let ന്റെ പണികൾ നടന്നു വരികയാണെന്നും, അവ Advertisement കിട്ടുന്നതനുസരിച്ച് പൂർത്തികരിച്ച് കഴിയുന്ന വേഗത്തിൽ ശാഖകൾക്ക് എത്തിച്ചു കൊടുക്കുമെന്നും പറഞ്ഞു. കേന്ദ്ര വാർഷികത്തിന് ഇരിങ്ങാലക്കുട ശാഖ അവരിപ്പിക്കുന്ന കലാപരിപാടികളുടെ പ്രാക്ടിസ് നല്ല രീതിയിൽ നടന്ന് വരുന്നുണ്ടെന്ന് വനിത വിങ്ങ് കോർഡിനേറ്റർമാരായ ശ്രീമതി റാണി രാധാകൃഷ്ണനും, ശ്രീമതി പുഷ്പാ മോഹനും യോഗത്തെ അറിയിച്ചു. ശാഖകളുടെ കോർഡിനേറ്റർമാരുമായി ആശയവിനിമയം നടത്തി കലാപരിപാടികളുടെ സമയ ക്രമവും, മറ്റും നടപടി കാര്യങ്ങളും യഥാസമയം ശാഖകളെ അറിയിക്കുവാൻ വേണ്ടി റാണി രാധാകൃഷണൻ, മുരളി പിഷാരോടി, മുരളി ബാല എന്നിവരെ യോഗം ചുമതല പ്പെടുത്തി.

പരസ്പര സഹായ നിധി നടത്തി.

ശാഖാ വാർഷികത്തിന് വേണ്ട ഓഡിറ്റോറിയവും മറ്റ് സൗകര്യങ്ങളും ചെയ്ത് തന്ന നമ്പൂതിരിസ് കോളേജ് മാനേജ്മെന്റിനും, വാർഷികത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും സ്നേഹപൂർവ്വം വി.പി. രാധാകൃഷ്ണൻ നന്ദി പ്രകാശിപ്പിച്ചതോടെ യോഗം 6.45 PMന് പര്യവസാനിച്ചു. ●

## പെൻഷൻ ഫണ്ടിലേക്ക് സംഭാവന നൽകിയവർ

1. പല്ലാവൂർ പിഷാരത്ത് ഇന്ദിര പിഷാരസ്യാരുടെ സ്മരണക്കായി മക്കളും മരുമക്കളും - 5000.00
2. കുമാരി നവിക അജയ് പിഷാരോടി, പറളി - 2,000.00

എല്ലാവർക്കും നന്ദി അറിയിക്കുന്നു. **സെക്രട്ടറി, PE & WS**

# ആദരാഞ്ജലികൾ

## എ.പി. നന്ദകുമാർ

ഇരിഞ്ഞാലക്കുട അറക്കൽ പിഷാരത്ത് പരേതനായ നാരായണ പിഷാരോടിയുടെയും അപ്പംകളം പിഷാരത്ത് പരേതയായ വസുമതി പിഷാരസ്യാരുടെയും മകൻ എ.പി. നന്ദകുമാർ (73) 04-04-2025നു ഇൻഡോറിൽ നിര്യാതനായി. ഭാര്യ: പുഞ്ചപ്പാടം മുണ്ടയിൽ പിഷാരത്ത് പാർവ്വതി. മക്കൾ: സിദ്ധാർത്ഥ്, സത്യാർത്ഥ്. മരുമക്കൾ: ധനു സിദ്ധാർത്ഥ്. സഹോദരങ്ങൾ: വേണുഗോപാൽ, രാമചന്ദ്രൻ, രാജലക്ഷ്മി ഭാസ്കരൻ (Late), ഭരതൻ, രമണി രാഘവൻ, രാധ വിജയൻ, കൃഷ്ണകുമാരി കൃഷ്ണൻ, അയ്യപ്പൻ.

## അമ്മിണി പിഷാരസ്യാർ

കുളപ്പുള്ളി തെക്കേപ്പാട്ട് പിഷാരത്ത് അമ്മിണി പിഷാരസ്യാർ (95) 09-04-2025നു നിര്യാതയായി. ഭർത്താവ്: പഴയന്നൂർ വടക്കൂട്ട് പിഷാരത്ത് പരേതനായ അച്യുത പിഷാരോടി. മക്കൾ: പരേതനായ മോഹനൻ, ജയദേവൻ. മരുമക്കൾ: വൃന്ദ, ബിന്ദു, ജയഗീത.

## വിമല പിഷാരസ്യാർ

മേക്കാട് പിഷാരത്ത് വിമല പിഷാരസ്യാർ (74) 10-04-2025നു നിര്യാതയായി. ഭർത്താവ്: നീലേശ്വരം പിഷാരത്ത് മാധവപിഷാരോടി. മക്കൾ: പ്രശാന്ത്, പ്രമോദ്, പ്രവീൺ. മരുമക്കൾ: മായ, അഞ്ജു.

## ഇന്ദിര പിഷാരസ്യാർ

പല്ലാവൂർ പിഷാരത്ത് ഇന്ദിര പിഷാരസ്യാർ (87) 17-04-2025നു നിര്യാതയായി. ഭർത്താവ്: ഗോവിന്ദപുരത്ത് പിഷാരത്ത് പ്രഭാകരൻ. മക്കൾ: മുരളീധരൻ, ശശിധരൻ, ഗിരിജ, രാധാകൃഷ്ണൻ. മരുമക്കൾ: സ്വർണ്ണം, സരസ്വതി, ഹരിദാസ്, ഗീത.

## വി.പി. ബാലകൃഷ്ണ പിഷാരോടി

ബാലുശ്ശേരി വടക്കേ പിഷാരത്ത് ബാലകൃഷ്ണ പിഷാരോടി (74), 29-04-2025നു നിര്യാതനായി. ഭാര്യ: തിരുവത്ര പിഷാരത്ത് രാജേശ്വരി. മക്കൾ: നീലിമ, വിവേക്. മരുമക്കൾ: ഹരികൃഷ്ണൻ, ശ്രീവിദ്യ. സഹോദരങ്ങൾ: പദ്മാവതി, പരേതരായ രാധ, ചന്ദ്രമതി, രാമചന്ദ്രൻ.

## ടി.ജി. ഗോവിന്ദൻ

വരന്തരപ്പിള്ളി തൃക്കയിൽ പിഷാരത്ത് ടി.ജി. ഗോവിന്ദൻ (80) 02-05-2025ന് നിര്യാതനായി. ഭാര്യ തൃക്കൂർ പിഷാരത്ത് ശ്രീമതി രാജേശ്വരി. മക്കൾ: ശ്രീമതി ജ്യോതി നാരായണൻകുട്ടി, ശ്രീമതി ജയ മുരളി.


*With best compliments from*

LL 04872320835
Mob: 9633898468
Mob: 9744187674

**GK GROUP**

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**

C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com

ഓഫീസ് മേൽവിലാസം: പിഷാരോടി സമാജം, മെയിൻ റോഡ്, ഉദയനഗർ, അയ്യന്തോൾ, തൃശൂർ-680003. Ph: 0487-2384597

സമാജം/എഡ്യു. സൊസൈറ്റി/ട്രസ്റ്റ് പ്രസിഡണ്ടിന്റെ മേൽവിലാസം
**ശ്രീ. ആർ. ഹരികൃഷ്ണ പിഷാരോടി**
'സൗപർണ്ണിക', 98/24, റോസ് ലൈൻ, ബൈ ലൈൻ 5, തോട്ടക്കാട്ടുകര, ആലുവ-683108
Ph: 9446025132. Email: harikrishnapisharadyr@gmail.com

ജനറൽ സെക്രട്ടറിയുടെ വിലാസം
**ശ്രീ. കെ.പി. ഗോപകുമാർ**, 'പിഷാരം', 23/274, പന്തളത്ത് ലൈൻ, കാനാട്ടുകര, തൃശൂർ-680011
Ph: 9447085983. Email: rvgopakumar7@gmail.com
ട്രഷറർ - **ശ്രീ. ശ്രീധരൻ ആർ.**, 'ശ്രീനിലയം', 418, ഇന്ദിരഗാന്ധി റോഡ്, പോട്ടോർ, തൃശൂർ, പിൻ- 680581. Ph: 9605478363. Email: sreedharanrp@hotmail.com

പിഷാരോടി എഡ്യൂക്കേഷണൽ & വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ മേൽവിലാസം
**ഡോ.രാംകുമാർ പി.ബി.**, "രാംനിവാസ്", പടിഞ്ഞാറെപിഷാരം, സൗത്ത് ചിറ്റൂർ, കൊച്ചി-682027
Ph: 9947746160. Email: ramkumar_pb@rajagiritech.edu.in
ട്രഷറർ - **ശ്രീ. രാജൻ പിഷാരോടി**, ത്രി ബംഗ്ലാവ്സ്, കൈനില ശിവക്ഷേത്രത്തിന് സമീപം, കാറളം പി.ഒ., കരുവന്നൂർ (വഴി), തൃശൂർ - 680 711. Ph: 09819512811

പിഷാരോടി സമാജം "വെബ്സൈറ്റി"ലേക്കുള്ള മാറ്ററുകൾ അയക്കേണ്ട മേൽവിലാസം
**Sri. MURALEEDHARAN.V.P.**,
Whatsaap: 7304470733, Mob: 09004359099,
e-mail: mail@pisharodysamajam.com / muralivp@hotmail.com

ഗുരുവായൂർ ഗസ്റ്റ്ഹൗസ് ഫണ്ടിലേക്കുള്ള സംഖ്യകൾ Pisharody Pilgrimage & Tourism Development Trust എന്ന പേരിൽ തൃശൂർക്കുള്ള ചെക്ക്/ഡ്രാഫ്റ്റ് അയക്കേണ്ട മേൽവിലാസം
**ശ്രീ. രവി കെ.പി.**, 'വിഷ്ണുമായ', കടുങ്ങല്ലൂർ വെസ്റ്റ് പി.ഒ., ആലുവ-683110
Ph: 8575351063, 9447869021 Email: ravikp1972@gmail.com
ഗസ്റ്റ് ഹൗസ് സംബന്ധമായ കാര്യങ്ങൾ 0487-2558801, 2558802, 91-6238743319 എന്നീ ഫോൺ നമ്പറുകളിൽ അന്വേഷിക്കാവുന്നതാണ്.
ട്രഷറർ - ശ്രീ. എ.പി. ഗോപി, 'അച്യുതം', ചെമ്പൂക്കാവ് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ.
Ph: 9447916278. Email: apgopi4@gmail.com

തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട വിലാസം
**ശ്രീ. ഗോപൻ പഴുവിൽ** (എഡിറ്റർ, തുളസീദളം)
"സാരസ്വതം", ഇക്കണ്ടവാരിയർ റോഡ്, എടക്കുന്നി, ഒല്ലൂർ പി.ഒ., തൃശൂർ - 680 306.
മൊബൈൽ: 9495225979. e-mail: gopanpazhuvil@gmail.com
ശാഖാവാർത്തകൾ ജനറൽ സെക്രട്ടറിക്ക് നേരിട്ട് അയക്കേണ്ടതാണ്.
തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട മറ്റൊരു ഇ-മെയിൽ വിലാസം: thulaseedalamedb@gmail.com

"തുളസീദള"ത്തിലേക്കും വെബ്സൈറ്റിലേക്കുമുള്ള പരസ്യങ്ങൾ, വരിസംഖ്യ, സംഭാവന, പരസ്യച്ചാർജ്ജ് എന്നിവ **THULASEEDALAM** എന്ന പേരിൽ ചെക്കായോ ഡ്രാഫ്റ്റായോ NEFT ആയോ, Google Pay വഴിയോ അയക്കുവാൻ അഭ്യർത്ഥിക്കുന്നു. അയക്കേണ്ട വിലാസം:
**മാനേജർ, ശ്രീ. ആർ.പി. രഘുനന്ദനൻ,** 7H ആർട്ടെക്ക് ഗേറ്റ് വേ,
ഹോട്ടൽ ജോയ്സ് പാലസിന് എതിർവശം, ടി.ബി. റോഡ്, തൃശൂർ - 680021. Ph: 9892240547
E-mail: thulaseedalamedb@gmail.com / raji.nandanam16@gmail.com
ചെക്ക്, ഡ്രാഫ്റ്റ് എന്നിവ അയച്ച വിവരവും NEFT ചെയ്ത വിവരവും മാനേജരെ ഫോൺ മുഖാന്തിരം അറിയിക്കേണ്ടതാണ്.
ബാങ്ക് വഴിയുള്ള ഇടപാടുകൾക്ക് **THULASEEDALAM**

**SB A/c No. 0721101055775** — **Canara Bank**
**IFSC Code: CNRB0000721** — **West Palace Road, Thrissur.**

# സ്നേഹ സ്മരണയിൽ



## കാവശ്ശേരി പിഷാരത്ത്
## സേതുമാധവൻ

(റിട്ട. മാനേജർ, എസ്.ബി.ടി)

ശ്രീരാഗം, വെളപ്പായ, തൃശൂർ

ജനനം: 25-11-1956      മരണം: 17-05-2021

ദുഃഖപൂർവ്വം

ഭാര്യ : കാറളം കൈനില പിഷാരത്ത് ഗിരിജ

മക്കൾ : ശ്രീജിത്ത് സേതുമാധവൻ, അർജുൻ സേതുമാധവൻ

മരുമകൾ : ശ്രുതി ശ്രീജിത്ത്

പേരമകൻ : സാകേത്റാം ശ്രീജിത്ത്

**THULASEDALAM**

Title No. KERMAL04598
RNI Reg: No.36078/1981

Posted at RMS, Thrissur

Published on 07-05-2025
May 2025, Price-15.00

SAROJA
SINCE 1967
MULTI SPECIALITY HOSPITAL
A UNIT OF SAROJA NURSING HOME

PATIENT SAFETY & QUALITY OF CARE
NABH
CERTIFIED

നിങ്ങളുടെ സേവനത്തിന് 24 സ്പെഷ്യാലിറ്റികളോടെ

57 YEARS OF CARE AND TRUST

വർഷത്തെ സേവനപാരമ്പര്യവുമായി

സരോജ
മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ, Ph: 0487 2335 145 / 2325 185
sarojanursinghome@gmail.com | www.sarojahospital.com



SAROJ
HOME CARE
A UNIT OF SAROJA NURSING HOME

Care & Trust
SINCE 1967

ആരോഗ്യ സംരക്ഷണം നിങ്ങളുടെ വീട്ടിലേക്ക്
നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിങ്ങൾ
കൊടുക്കുന്ന സ്നേഹ സംരക്ഷണം പോലെ

തൃശ്ശൂരിലെ പ്രധാന സ്ഥലങ്ങളിൽ സേവനം

- വീട്ടിൽ പരിശോധന
- പിക്കപ്പ് സംവിധാനം
- ഡോക്ടറുടെ സേവനം വീടുകളിൽ
- എമർജൻസി 24 x 7 പിക്കപ്പ്

അപ്പോയ്മെന്റിനായി
വിളിക്കുക / വാട്സാപ്പ് ചെയ്യുക

+91 81380 19090
+91 73563 99116

sarojhomecare@sarojahospital.com
sarojhomecare

Printed and Published by Sri. K.P. Gopakumar, General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy